# UNIVERSITY OF KERALA

***(Re-accredited by NAAC with 'A' Grade)***

## Assurances given and Decisions taken at the Meeting of the Senate held on 10th & 11th February, 2021

***Online Meeting (through google meet)***

***Time : 8.30 a.m***

**Day -1: (10th February, 2021)**

**Members Present:**

1. Prof. (Dr.) V.P. Mahadevan Pillai
   Vice-Chancellor (In the Chair)
2. Prof. (Dr.) P.P Ajayakumar
   Pro-Vice-Chancellor
3. Dr. A. Helen
4. Dr. Dileep A.S
5. Dr. A. Balakrishnan
6. Adv. C. G Gopukrishnan
7. Dr. Pramod Kiran R.B
8. Dr. Abraham .A
9. Dr. N.P Chandrasekaran
10. Sri. Anilkumar R
11. Sri. Sibi C. Babu
12. Dr. G. Prasad
13. Smt. Yamuna Devi T.S
14. Sri. Riyas Vahab
15. Dr. Sabeen H.M
16. Dr. Vinodkumar T.G Nair
17. Sri. Nowfal N
18. Kum. Aleena Amal
19. Kum. Arya Prasad
20. Sri. Anandhu .A
21. Major Dr. U. Abdul Khalam
22. Aneppil Dr. D. Sujith
23. Sri. Jayaram .S
24. Sri. Sachu Surendran .S
25. Sri. Bijukumar .G
26. Dr. K.G Gopchandran
27. Dr. M. Vijayan Pillai
28. Dr. K.B Manoj

29. Dr. S. Nazeeb
30. Sri. Viswan Padanilam
31. Prof. K. Lalitha
32. Adv. Muraleedharan Pillai .G
33. Adv. K.H Babujan
34. Sri. Al Anand .P
35. Smt. Renju Suresh
36. Sri. Joel John Joseph
37. Adv. B. Balachandran
38. Sri. B.P Murali
39. Sri. Sony .P. John
40. Dr. Sumi Alex
41. Dr. Usha Sujit Nair
42. Dr. Kavitha K.R
43. Dr. A. M. Unnikrishnan
44. Dr. R. Jayachandran
45. Smt. B. Sathikumari
46. Sri. R. Arunkumar
47. Dr. Mathew .V
48. Dr. B. Rajendran
49. Smt. Shajitha .S
50. Dr. Sekaran .S
51. Dr. S. Shifa
52. Dr. Rani Abraham
53. Dr. Suresh Singh G
54. Sri. Osbon .Y
55. Dr. S. Ajayakumar
56. Dr. P. Mohanachandran Nair
57. Dr. K. Jayakumar
58. Dr. Babitha G.S
59. Sri. Suresh Babu R.S
60. Adv. A. Ajikumar
61. Dr. Vishnu V.S
62. Sri. Ananthu .S. Pochayil

The meeting was called to order at 8.30 a.m. by Prof. (Dr.) V.P. Mahadevan Pillai, Hon'ble Vice-Chancellor. A warm welcome was extended to all the members present at the meeting by the Vice-Chancellor. The Vice-Chancellor introduced the newly elected eleven Senate members and welcomed them to the House.

The Vice-Chancellor informed the House that the first item in the Agenda is the Question Hour and invited the members to present their questions.

**Question No.1 given notice of by Dr. Dileep A.S was answered by Dr. S. Nazeeb, Member, Syndicate.**

| ഡോ.ദിലീപ്.എ.എസ് | |
|---|---|
| **ചോദ്യം : 1** | സി.ബി.സി.എസ്.എസ് റെഗുലേഷൻ അനുസരിച്ച് 3rd and 4th Semester വിദ്യാർത്ഥികൾക്ക് Club Activities ലെ പങ്കാളിത്തം നിർബന്ധമാണ്. എന്നാൽ ഈ ആവശ്യത്തിനു നൽകിയിട്ടുള്ള 21 ക്ലബ്ബ് പ്രവർത്തനങ്ങളുടെ പട്ടികയിൽ ED Club ഉൾപ്പെടുത്തിയിട്ടില്ല. ഇന്നത്തെ സമകാലീന സാഹചര്യത്തിൽ വളരെ പ്രാധാന്യമുള്ള ED Club, Club പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ ? |
| ഉത്തരം | ബന്ധപ്പെട്ട സമിതികളുടെ പരിശോധനക്ക് വിധേയമായി ഉചിതമായ തീരുമാനം കൈക്കൊള്ളും. |

**Question No.2 given notice of by Sri. K.S Sabarinathan MLA was not considered as the member was not present at the time.**

**Question No.3 given notice of by Sri. Jayaram.S was answered by Adv. Muralidharan Pillai, Member, Syndicate.**

| ശ്രീ.ജയറാം.എസ്. | |
|---|---|
| ചോദ്യം : 3 | താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് മുഖേന വേണമെന്ന സർവകലാശാല തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ ഉണ്ടെങ്കിൽ എന്ത് തീരുമാനം കൈകൊണ്ടു ?<br>a. ഇതിൻ പ്രകാരം എത്ര പേരെ നിയമിച്ചിട്ടുണ്ട് നിയമിക്കാൻ ഉദ്ദേശമുണ്ടോ ? |
| ഉത്തരം | ഇക്കാര്യത്തിൽ സർവകലാശാലയുടെ പ്രത്യേകതകൾ ചൂണ്ടിക്കാട്ടിക്കൊണ്ട് കൂടുതൽ സ്പഷ്ടീകരണത്തിനായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട എന്നിവിടങ്ങളിലെ ജില്ലാ എംപ്ലോയ്മന്റ് ഓഫീസർമാർക്ക് കത്തുകൾ അയച്ചിട്ടുണ്ട്. സ്പഷ്ടീകരണം ലഭിക്കുന്നമുറക്ക് തുടർനടപടികൾ ആലോചിക്കും. |

**Question No.4 given notice of by Dr. Abraham.A was answered by Dr. S. Nazeeb, Member, Syndicate.**

| ഡോ. എബ്രഹാം .എ | |
|---|---|
| ചോദ്യം : 4 | പ്രാക്ടിക്കൽ ക്ലാസുകളുടെ നടത്തിപ്പിനായി Virtual Lab കേരള സർവകലാശാലയുടെ പരിഗണനയിൽ ഉണ്ടോ ? |
| ഉത്തരം | നിലവിൽ പരിഗണനയിലില്ല. |

**Question No.5 given notice of by Sri. Sri. Jayaram .S was answered by Adv. Muralidharan Pillai, Member, Syndicate.**

| ശ്രീ.ജയറാം.എസ്. | |
|---|---|
| ചോദ്യം : 5 | സർവകലാശാലയിൽ ജോലിനോക്കുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?<br>a) എത്രവർഷം ജോലിനോക്കിയവരെയാണ് സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ?<br>b) എത്ര ജീവനക്കാരാണ് പട്ടികയിലുള്ളത് ആരൊക്കെയാണ് ? |
| ഉത്തരം | താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സർവകലാശാല സിൻഡിക്കേറ്റ് തീരുമാനം കൈക്കൊണ്ടിട്ടില്ല.<br>(a)&(b) പ്രസക്തമല്ല. |

**Question No.6 given notice of by Dr. Rani Abraham was answered by Dr. Dr. S. Nazeeb, Member, Syndicate.**

| ഡോ. റാണി എബ്രഹാം | |
|---|---|
| ചോദ്യം : 6 | യു.ജി.സിയുടെ 03.12.2018 തീയതിയിലെ F216/2002 (PS)pt.f1.II നമ്പർ കത്ത് SWAYAM-ARPIT ഒരു റിഫ്രഷർ കോഴ്സിന് തുല്യമായി പരിഗണിക്കാവുന്നതാണ് എന്ന് വ്യക്തമാക്കുന്നു. കേരളത്തിലെ ഇതര സർവകലാശാലകൾ ഈ കത്തിനെ അടിസ്ഥാനമാക്കി മേല്പറഞ്ഞ കോഴ്സ് അംഗീകരിച്ചു ഉത്തരവ് ഇറക്കിയിതുപോലെ കേരള സർവകലാശാലയ്ക്ക് ഒരു ഉത്തരവിറക്കാൻ സാധിക്കുമോ? ഇല്ലെങ്കിൽ എന്തുകൊണ്ട് ? |
| ഉത്തരം | പ്രസ്തുത വിഷയം സിൻഡിക്കേറ്റിന്റെ ഉപസമിതിയായ Standing Committee of the Syndicate on Academic & Research – ന്റെ പരിഗണനയിലാണ്. |

**Question No.7 given notice of by Dr. Rani Abraham was answered by Dr. S. Nazeeb, Member, Syndicate.**

| ഡോ. റാണി എബ്രഹാം | |
|---|---|
| ചോദ്യം : 7 | യു.ജി.സി റെഗുലേഷൻ പ്രകാരം **CAS Promotion Criteria** യുടെ ഭാഗമായി അദ്ധ്യാപകർ ചെയ്തു തീർക്കേണ്ട **Courses/ Workshops/ MOOC's** എന്നിവയെ പറ്റി റെഗുലേഷനിൽ പറയുന്നുണ്ട്. കോഴ്സുകളുടെ സമയ ദൈർഘ്യത്തെക്കുറിച്ച് പറയുന്നുണ്ടെങ്കിലുംന ആര് നടത്തുന്ന കോഴ്സുകൾ എന്ന് എടുത്തു പറയുന്നില്ല. കേരള സർവകലാശാല സാധാരണ അംഗീകരിക്കുന്ന യു.ജി.സി/എച്.ആർ.ഡി.സി കോഴ്സുകളോടൊപ്പം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ നടത്തുന്ന കോഴ്സുകൾ, ദേശീയ ഇൻസ്റ്റിറ്റ്യൂട്ടുകൾ, **KSHEC, FDP** തുടങ്ങിയവ യു.ജി.സി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നടത്തുന്ന നിശ്ചിത സമയ ദൈർഘ്യമുള്ള **FDP** കോഴ്സുകൾ/ വർക്ക്ഷോപ്പുകൾ അദ്ധ്യാപകരുടെ **CAS Promotion** ന് വേണ്ടി പരിഗണിക്കുന്നതിന് സാങ്കേതിക തടസ്സമുണ്ടോ? ഉണ്ടെങ്കിൽ എന്താണന്ന് വ്യക്തമാക്കാമോ ? |
| ഉത്തരം | ചോദ്യം 6 ന്റെ ഉത്തരം ശ്രദ്ധിച്ചാലും. |

**Question No.8 given notice of by Dr. Vishnu V.S was answered by Dr. S. Nazeeb, Member, Syndicate.**

| ഡോ. വിഷ്ണു. വി.എസ് | |
|---|---|
| ചോദ്യം : 8 | യു.ജി.സി കെയർ ലിസ്റ്റ് ലിങ്ക് കേരള സർവകലാശാല വെബ്സൈറ്റ് ഹോം പേജിൽ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? |
| **ഉത്തരം** | പരിശോധിക്കാവുന്നതാണ്. |

**Question No.9 given notice of by Dr. Dileep A.S was answered by Dr.Vijayan Pillai.M, Member, Syndicate.**

| ഡോ.ദിലീപ്.എ.എസ് | |
|---|---|
| ചോദ്യം : 9 | 02.09.2019 date ലെ University Order No.Ac.FII/General/UGC-R 2018/2019 പ്രകാരം അസോസിയേറ്റ് പ്രഫസർമാരുടെ പ്രോമോഷനു വേണ്ടി അപേക്ഷസമർപ്പിച്ച അദ്ധ്യാപകരുടെ പ്രോമോഷൻ നടപടികൾ പൂർത്തിയായോ ?<br>1) നടപടികൾ പൂർത്തിയായിട്ടില്ലെങ്കിൽ അതിനുള്ള കാലതാമസ്സം എന്താണ് ?<br>2) ഈ വിഭാഗത്തിൽ എത്ര അദ്ധ്യാപകരുടെ അപേക്ഷകൾ യൂണിവേഴ്സിറ്റിയുടെ പരിഗണനയിലുണ്ട് ? |
| ഉത്തരം | പ്രസ്തുത വിഷയത്തിൽ ഉചിതമായ നടപടികൾ സർവകലാശാല സിൻഡിക്കേറ്റ് സ്വീകരിച്ചിട്ടുണ്ട്.<br>1) പ്രസക്തമല്ല<br>2) 18 എണ്ണം |

**Question No.10 given notice of by Dr. Dileep A.S was answered by Dr.Vijayan Pillai.M, Member, Syndicate.**

| ഡോ.ദിലീപ്.എ.എസ് | |
|---|---|
| ചോദ്യം : 10 | യു.ജി.സി റെഗുലേഷൻ 2018 അനുസരിച്ച് 31.12.2018 വരെ (Clause VIII in Page No:80) അദ്ധ്യാപകരുടെ പ്രാമോഷനുമായി ബന്ധപ്പെട്ട് ഓറിയെന്റേഷൻ, റിഫ്രെഷർ കോഴ്സുകൾ നിർബന്ധമല്ല എന്നുപറയുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് GO.(MS)No.28/2019/H.EDN dtd 11.02.2019, Govt of Kerala, Principal Secretary യുടെ ഓർഡറും, ഈ ഓർഡർ എയിഡഡ് കോളേജ് അധ്യാപർക്കും ബാധകമാണെന്ന് കാണിച്ചുകൊണ്ട് (No.HDEN-3/92/2000-HDEN)dtd 24.11.2020 Under Secretary യുടെ ഉത്തരവ് ഉണ്ടാകുകയും ചെയ്തു ഇതിനെല്ലാം പുറമെ യു.ജി.സി എല്ലാ വൈസ്ചാൻസിലർമാർക്കും നൽകിയ നോട്ടീസിൽ 2018 റെഗുലേഷൻ പാലിച്ചുകൊണ്ട് പെൻഡിംഗ് പ്രൊമോഷൻസ് എത്രയും പെട്ടെന്ന് പരിഹരക്കണമെന്ന് അറിയിക്കുകയും ചെയ്തിരുന്നു. ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ യു.ജി.സി റെഗുലേഷനിൽ പറയുന്ന തീയതിവരെ റിഫ്രെഷർ കോഴ്സും, ഓറിയെന്റേഷൻ കോഴ്സും നിർബന്ധമാക്കാതെ പ്രോമോഷൻ നൽകാനുള്ള നടപടികൾ കൈക്കൊള്ളുമോ ? |
| ഉത്തരം | ഇക്കാര്യത്തിൽ യു.ജി.സി റഗുലേഷൻസ് അനുസരിച്ചുള്ള ഇളവുകൾ അധ്യാപക പ്രൊമേഷനു കേരള സർവകലാശാല നൽകിവരുന്നുണ്ട്. |

**Question No.11 given notice of by Dr. Abraham .A was answered by Dr. S. Nazeeb, Member, Syndicate.**

| ഡോ. എബ്രഹാം. എ | |
|---|---|
| ചോദ്യം : 11 | ഓൺലൈൻ ക്ലാസുകളുടെ നടത്തിപ്പിനായി ഒരു Learning Management System കേരള സർവകലാശാലയുടെ പരിഗണനയിൽ ഉണ്ടോ ?<br>a) അതിന്റെ പ്രവർത്തനപുരോഗതി എത്രത്തോളമായി ? |
| ഉത്തരം | സർവകലാശാലയുടെ പഠന ഗവേഷണ വകുപ്പുകളിൽ ഇത്തരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡാനന്തര അക്കാദമിക പ്രവർത്തനങ്ങളെക്കുറിച്ചുള്ള Expert Committee യുടെ നിർദ്ദേശാനുസരണം കോളേജുകൾക്കും ഇത് സംബന്ധിച്ച് പരിശീലനം നൽകുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. |

**Question No.12 given notice of by Adv. Gopukrishnan C.G was answered by Dr. K.B.Manoj, Member, Syndicate.**

| അഡ്വ. ഗോപുകൃഷ്ണൻ.സി.ജി | |
|---|---|
| ചോദ്യം : 12 | കേരള സർവകലാശാലയുടെ സെനറ്റ് ഹൗസ് കാമ്പസിൽ ജലവിതരണവുമായി ബന്ധപ്പെട്ട് കുറച്ചു നാളുകളായി വലിയ പ്രതിസന്ധി നേരിടേണ്ടിവരുകയാണ്. ആയിരക്കണക്കിന് അദ്ധ്യപകരും വിദ്ധ്യാർത്ഥികളും ജീവനക്കാരും വന്നുപോകുന്ന ആഫീസിൽ പല ദിവസങ്ങളിലും ഇത് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. ഇത് പരിഹരിക്കന്നതിന് സർവകാലാശാല എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ? |
| ഉത്തരം | നിലവിൽ ജലദൗർലഭ്യം പരിഹരിക്കപ്പെട്ടിട്ടുണ്ട്. പുതിയ ഒരു വാട്ടർ കണക്ഷൻ കൂടി എടുക്കുന്നതിലേക്ക് ആവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

**Question No.13 given notice of by Sri. M. Vincent MLA was not considered as the member was not present at the time.**

**Question No.14 given notice of by Dr. A.M Unnikrishnan was answered by Adv. Muralidharan Pillai. G, Member, Syndicate.**

| ഡോ. എ.എം . ഉണ്ണിക്കൃഷ്ണൻ | |
|---|---|
| ചോദ്യം : 14 | സർവകലാശാലയിലും കലാലയങ്ങളിലും ക്ലാസുകൾ പുനരാരംഭിച്ചപ്പോൾ കോവിഡ്-19 എന്ന പകർച്ച വ്യാധിക്കെതിരെ കൈക്കൊണ്ട മുൻകരുതലുകൾ എന്തെല്ലാം ? |
| ഉത്തരം | യു.ജി.സിയും സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പും ആരോഗ്യവകുപ്പും നിഷ്കർഷിക്കുന്ന എല്ലാ ആരോഗ്യ പരിരക്ഷാ ഉപാധികളും കർശനമായി സ്വീകരിക്കുന്നതിന് സർവകലാശാല പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്. പരീക്ഷാ കാലയളവിൽ പരീക്ഷാകേന്ദ്രങ്ങൾ സംസ്ഥാന വ്യാപകമായും കൂടാതെ ലക്ഷദ്വീപിലും അനുവദിക്കുകയും ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുന്നതിന് ഓരോ കേന്ദ്രത്തിലും പ്രത്യേക തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |

**Question No.15 given notice of by Dr. A.M Unnikrishnan was answered by Dr. S. Nazeeb, Member, Syndicate.**

| ഡോ. എ.എം . ഉണ്ണിക്കൃഷ്ണൻ | |
|---|---|
| ചോദ്യം : 15 | ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പുള്ള ഗവേഷകർക്ക് രജിസ്ട്രേഷൻ നടത്തി ജോയിനിങ്ങ് റിപ്പോർട്ട് കിട്ടുന്നതിന് ഒരു വർഷത്തിലധികം കാലതാമസം നേരിടുന്നുണ്ട്. ഇക്കാരണത്താൽ അവർക്ക് യു.ജി.സിയുടെ ലിങ്ക് ലഭ്യമാകാതെ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നുണ്ട്. ഇതിന് ഉത്തരവാദികൾ ആര് ? എന്താണ് ഇതിനുള്ള പരിഹാരം ? |
| ഉത്തരം | യു.ജി.സി-ജെ.ആർ.എഫ് നേടിയ ഗവേഷകർക്ക് ഒഴിവുകളുടെ അടിസ്ഥാനത്തിൽ എപ്പോൾ വേണമെങ്കിലും പ്രവേശനം നേടുന്നതിനുള്ള സംവിധാനം സർവകലാശാലയിൽ നിലവിലുണ്ട്. രജിസ്ട്രേഷൻ അനുവദിക്കപ്പെട്ട സമയങ്ങളിൽ ഇത്തരം വിദ്യാർത്ഥികളുടെ അപേക്ഷ സമർപ്പിക്കുന്ന മുറക്ക് കാലതാമസമില്ലാതെ തന്നെ ജോയിനിംഗ് റിപ്പോർട്ട് നൽകിവരുന്നുണ്ട്. എന്നാൽ ചില വിദ്യാർത്ഥികളെങ്കിലും ഫെലോഷിപ്പ് ലഭിക്കുന്നതിനുള്ള അപേക്ഷകൾ കൃത്യമായി സമർപ്പിക്കാറില്ല. അവർക്ക് ഫെലോഷിപ്പ് ലഭിക്കാൻ ചില കാലതാമസങ്ങൾ നേരിടുകയും ചെയ്യുന്നുണ്ട്. ഒരു വർഷത്തിനുമുകളിലുള്ള കുടിശ്ശിക ലഭിക്കണമെങ്കിൽ യു.ജി.സിയുടെ പ്രത്യേക അനുമതി ആവശ്യമായി വരുന്ന കാലതാമസവും ഉണ്ടാകുന്നുണ്ട്. |

**Question No.16 given notice of by Dr. Rani Abraham was answered by Dr. K.B.Manoj, Member, Syndicate.**

| ഡോ. റാണി എബ്രഹാം | |
|---|---|
| ചോദ്യം : 16 | The University library rules stipulate membership renewal by the teachers of affiliated colleges every year. In other Universities of the state the membership rules are the same for University departments and affiliated colleges and many Universities including MG and Calicut do not insist on membership renewal every year and are normally granted from date of joining till relieving. The rules in these cases only Specify that the Head of departments/ Principals of Colleges insist on Producing the Clearance Certificate from the University on relieving /retirement/transfer. Hence it would be appreciable if the following could be clarified.<br><br>a) Is there any specific reason for the University Library insisting on Membership renewal every Year?<br>b) Could the present rule be changed and teachers of affiliated colleges who desire the University membership be granted the same till date of retirement/relieving thereby avoiding the hardship of renewing the membership every year? |
| ഉത്തരം | The Kerala University Library is functioning as per the prescribed rules formulated by the Library Advisory Committee. The teachers of Colleges may get transferred to other Colleges which are not affiliated to University of Kerala.<br><br>a) The teacher membership of the Kerala University Library is provided only to teachers of University Departments and affiliated colleges under the jurisdiction of University of Kerala.<br>b) As per Library Rules Clause, 2(V) it is stated that the membership of nonstudents will be for a period of one year in the first instance and the membership is renewable for further periods for one year at a time. |

**Question No.17 given notice of by Sri. Sibi .C. Babu was answered by Dr. S. Nazeeb, Member, Syndicate.**

| ശ്രീ. സിബി.സി.ബാബു | |
|---|---|
| ചോദ്യം : 17 | സർവകലാശാലയുടെ സെനറ്റ് ഹൗസ് ക്യാമ്പസിൽ പ്രവർത്തിക്കുന്ന ഹെൽത്ത് സെന്ററിന്റെ നടത്തിപ്പിനായി 2020 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ ശമ്പളം, മറ്റനുബന്ധചിലവുകൾ എന്നിവയ്ക്കായി സർവകാലശലയ്ക്ക് എത്ര തുക ചിലവായി ?<br>a) മേൽ സൂചിപ്പിച്ച മാസങ്ങളിൽ എത്ര പേർ ഓദ്യോഗിക രേഖകൾ പ്രകാരം ഇതിന്റെ സേവനം ഉപയോഗിച്ചു ?<br>b) മേൽ സൂചിപ്പിച്ച മാസങ്ങളിൽ ഹെൽത്ത് സെന്ററിന്റെ സേവനം ഉപയോഗിച്ചവരിൽ യൂണിവേഴ്സിറ്റി ജീവനക്കാർ, വിദ്യാർത്ഥികൾ പൊതുജനങ്ങൾ എന്നിവരുടെ എണ്ണം (വെവ്വേറെ) എത്ര ? |
| ഉത്തരം | കേരള സർവകാലശാല സെനറ്റ് ഹൗസ് ക്യാമ്പസിലെ ഹെൽത്ത് സെന്റെറിലെ ബന്ധപ്പെട്ട ജീവനക്കാർ വിരമിച്ചതിനെ തുടർന്ന് സർവകലാശാലയുടെ കാര്യവട്ടം കാമ്പസിലെ ആർ.എം.ഒക്കാണ് ഹെൽത്ത് സെന്ററിന്റെ ചുമതല നൽകിയിരുന്നത്.<br>(a)&(b) കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സർവകലാശാല നിയന്ത്രിത പ്രവർത്തനത്തിലായിരുന്നതിനാൽ ഹെൽത്ത്സെന്ററിൽ പ്രസ്തുത മാസങ്ങളിൽ പ്രത്യേക സേവനങ്ങൾ നൽകിയിരുന്നില്ല. |

**Question No.18 given notice of by Sri. Sibi .C. Babu was answered by Dr. K.B.Manoj, Member, Syndicate.**

| ശ്രീ. സിബി.സി.ബാബു | |
|---|---|
| ചോദ്യം : 18 | 2019–20 അധ്യായന വർഷം എത്ര കുട്ടികൾ സർവകലാശാലയിൽ വിവിധ റഗുലർ |

| | |
|---|---|
| | കോഴ്സുകൾക്ക് പരീക്ഷ റെജിസ്ട്രേഷൻ നടത്തിയിട്ടുണ്ട് ?<br>(Odd Semester)<br>a) മേൽ അധ്യായന വർഷം എത്ര വിദ്യാർത്ഥികൾ അവരുടെ ഹാജർ, അസൈമെന്റ്, സെമിനാർ എന്നിവയ്ക്ക് കോളേജുകളിൽ നിന്നും അനുവദിക്കുന്ന മാർക്കുകളുമായി ബന്ധപ്പെട്ടു സർവകലാശാലയിൽ പരാതി നൽകിയിട്ടുണ്ട് ?<br>b) ഇതിൽ എത്ര പരാതികളിൽ യു.എൽ.എം.സി കോളേജ് അധികൃതർ/അദ്ധ്യാപ കരുടെ ഭാഗത്ത് വീഴ്ചകൾ കണ്ടെത്തിയിട്ടുണ്ട് ? |
| ഉത്തരം | ലഭ്യമായ കണക്കുകൾ അനുസരിച്ച് 1,21,021 വിദ്യാർത്ഥികളാണ് വിവിധ റഗുലർ കോഴ്സുകൾക്ക് 2019–20 അധ്യായന വർഷത്തിൽ പരീക്ഷാ രജിസ്ട്രേഷൻ (Odd Semester) നടത്തിയിട്ടുള്ളത്.<br><br>**UG**<br>$S_1$ – 39713<br>$S_3$ – 38603<br>$S_5$ – 32402<br>$S_7$ – 1523<br>$S_9$ – 861<br><br>**PG**<br>$S_1$ – 3996<br>$S_3$ – 3923<br>(a)&(b) മേൽപ്പറഞ്ഞ രീതിയിലുള്ള പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. |

**Question No.19 given notice of by Sri. Sibi .C. Babu was answered by Adv. K. H. Babujan, Member, Syndicate.**

| ശ്രീ. സിബി.സി.ബാബു | |
|---|---|
| **ചോദ്യം : 19** | യൂണിവേഴ്സിറ്റിയുടെ M&C 11/1/2019 dt 07.01.2020, M&C 11/2020 dt 13.11.2020 കത്തുകൾ പ്രകാരം അധ്യാപകർ ജോലിയുടെ ഭാഗമായി മൂല്യനിർണയം നടത്തേണ്ടുന്ന ഉത്തരക്കടലാസുകളുടെ എണ്ണത്തെ സംബന്ധിച്ചും അതിൻ പ്രകാരം അധ്യാപകരിൽ നിന്നും തിരിച്ചുപിടിക്കേണ്ടുന്ന തുകയെ സംബന്ധിച്ചും യൂണിവേഴ്സിറ്റി വ്യക്തമാക്കിയിരുന്നു. എന്നാൽ മേൽ കത്തുകൾ ഫ്രകാരം തുക കണക്കാക്കുമ്പോൾ കോളേജുകളിൽ യു.ജി ക്ലാസുകളും പി.ജി.ക്ലാസുകളും നിലവിലുള്ള വിഷയങ്ങളിൽ പഠിപ്പിക്കുന്ന അധ്യാപകർ ഏതെങ്കിലും ഒരു തലത്തിൽ മാത്രം പഠിപ്പിക്കുന്ന അധ്യാപകരെ അപേക്ഷിച്ചു ഇരട്ടിയോളം തുക യൂണിവേഴ്സിറ്റിയിലേക്കു അടയ്ക്കേ ണ്ടിവരുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനു–വേണ്ടിയുള്ള എന്തെങ്കിലും നടപടികൾ യൂണിവേഴ്സിറ്റി ഇതിനകം കൈകൊണ്ടിട്ടുണ്ടോ ഉണ്ടെങ്കിൽ വ്യക്തമാക്കാമോ<br>a) മേൽ സൂചിപ്പിച്ച കത്തുകൾ പ്രകാരം 20152018 കാലഘട്ടത്തിലെ അധ്യാപനജോലിയുടെ ഭാഗമായി മൂല്യനിർണ്ണയം നടത്തേണ്ടുന്ന ഉത്തരക്കടലാസുകൾ ഒഴികെ മൂല്യനിർണ്ണയം നടത്തിയതിനു അധ്യാപർക്ക് ലഭിക്കേണ്ട പ്രതിഫലതുക വിതരണം ചെയ്യാനുള്ള നടപടികൾ ആരംഭിച്ചതായി യൂണിവേഴ്സിറ്റി അറിയിച്ചിരിക്കുന്നു. അതിൻ പ്രകാരം 2015 മുതൽ 2018 വരെയുള്ള കാലഘട്ടത്തിലെ ഏതൊക്കെ സാമ്പത്തിക വർഷങ്ങളിലെ തുകകൾ ഇതിനകം വിതരണം ചെയ്തു ?<br>b) ഓരോ വർഷവും ഇതിനകം വിതരണം ചെയ്ത തുക എത്രയെന്നു വ്യക്തമാക്കാമോ ? |
| ഉത്തരം | നിയമപരമായി അനുവദിക്കപ്പെട്ടതിനെക്കാൾ കൂടുതൽ കൈപ്പറ്റിയ മൂല്യനിർണ്ണയപ്രതിഫലം തിരികെ നൽകേണ്ടതുണ്ട്. യു.ജി/പി.ജി കോഴ്സുകളിൽ ഒരെണ്ണം മാത്രമുള്ള കോളേജുകളിൽ പഠിപ്പിക്കുന്ന അധ്യാപകർക്ക് അതിന്റെ അടിസ്ഥാനത്തിലുള്ള തിരിച്ചടവാണ് നിർദ്ദേശിച്ചിട്ടുള്ളത്.<br>a) 2017–18 കാലഘട്ടത്തിലുള്ള പ്രതിഫല വിതരണം നടത്തുകയും 2015–16 |

| | |
|---|---|
| | കാലഘട്ടത്തിലുള്ള പ്രതിഫലം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>b)<br>2015 – 2016: 6,70,39,728<br>2016 – 2017: 4,21,14,606<br>2017 – 2018: 1,59,43,611<br>(മുകളിൽ ചേർത്തിരിക്കുന്ന തുകയിൽ, പ്രാക്ടിക്കൽ, പ്രോജക്റ്റ്, റീ വാല്യുഷൻ, ചോദ്യപ്പേപ്പർ, സ്കിം എന്നിവയുടെ സെറ്റിംഗ് ഇവയുടെ പ്രതിഫലവും ഉൾപ്പെട്ടിട്ടുണ്ട്.) |

**Question No.20 given notice of by Sri. Jayaram .S was answered by Adv. Muralidharan Pillai. G , Member, Syndicate.**

| **ശ്രീ.ജയറാം.എസ്** | |
|---|---|
| **ചോദ്യം : 20** | സെക്യൂരിറ്റി ജീവനക്കാരെ സ്ഥിരപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ ? ഉണ്ടെങ്കിൽ എന്താണ് തീരുമാനം ? |
| ഉത്തരം | നിലവിൽ ഇതുസംബന്ധിച്ച് സർവകലാശാല ആലോചിച്ചിട്ടില്ല. |

**Question No.21 given notice of by Adv. Gopukrishnan C.G was answered by Dr. K.B.Manoj, Member, Syndicate.**

| **അഡ്വ. ഗോപുകൃഷ്ണൻ.സി.ജി** | |
|---|---|
| **ചോദ്യം : 21** | കേരളാ യൂണിവേഴ്സിറ്റിയുടെ എക്സാമിനേഷൻ വിഭാഗത്തിൽ നടപ്പിലാക്കിയ സോഫ്റ്റ്‌വെയർ പിഴവുമൂലം പാസ്സായെന്ന് പറഞ്ഞ് തെറ്റായി നൽകിയ ഡിഗ്രി സർട്ടിഫിക്കറ്റുകൾ എല്ലാം തിരികെ ലഭിച്ചിട്ടുണ്ടോ ?<br>a) തിരികെ ലഭിച്ച ഡിഗ്രി സർട്ടിഫിക്കറ്റുകൾ ക്യാൻസൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ? വിശദവിവരം വ്യക്തമാക്കാമോ ? |
| ഉത്തരം | പ്രസ്തുത വിഷയത്തിൽ സർവകലാശാല സെനറ്റിന്റെ തീരുമാനം ബഹുമാനപ്പെട്ട ചാൻസിലറുടെ സ്ഥിരീകരണത്തിനായി സമർപ്പിച്ചിരിക്കുകയാണ്. അനുമതി ലഭിക്കുന്നമുറക്ക് തുടർനടപടി സ്വീകരിക്കും. |

**Question No.22 given notice of by Dr. Vishnu V.S was answered by Dr. S. Nazeeb, Member, Syndicate.**

| **ഡോ. വിഷ്ണു വി.എസ്** | |
|---|---|
| **ചോദ്യം : 22** | കേരള സർവകലാശാലയുടെ വെബ്സൈറ്റിൽ യൂണിവേഴ്സിറ്റി അംഗീകരിച്ച ഗവേഷണ ജേർണലുകളുടെ നവീകരിച്ച ലിസ്റ്റ് കുറച്ചു കാലമായി വെബ് സൈറ്റിൽ പുതുക്കിയതായി കാണുന്നില്ല. ഇവ വെബ്സൈറ്റിൽ പുതുക്കി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? |
| ഉത്തരം | ഗവേഷണജേർണലുകളുടെ നിലവിലുള്ള ലിസ്റ്റ് യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ ഡൗൺലോഡ്സ് എന്ന ലിങ്കിൽ ലഭ്യമാക്കിയിട്ടുണ്ട്. |

**Question No.23 given notice of by Dr. Sumi Alex was answered by K.B.Manoj, Member, Syndicate.**

| **ഡോ.സുമി അലക്സ്** | |
|---|---|
| **ചോദ്യം : 23** | എക്സാം പോർട്ടലിൽ അപ്ഡേറ്റ് ചെയ്യപ്പെടുന്ന നിരന്തരമൂല്യനിർണ്ണയ അന്തിമ മാർക്കുകൾ ഏത് സമയത്തും വെബ്സൈറ്റിൽ നിന്നും സെമസ്റ്റർ CGPA പോലെ retrieve ചെയ്യുവാൻ സാധിക്കുന്ന തരത്തിൽ ഉള്ള സംവിധാനം ഒരുക്കുമോ ? |
| ഉത്തരം | ഇത്തരത്തിൽ ഡാറ്റാ ലഭ്യമാക്കുന്നതിന് പ്രായോഗിമായി ബുദ്ധിമുട്ടുണ്ട്. |

**Question No.24 given notice of by Dr. Sumi Alex was answered by Dr. S. Nazeeb, Member, Syndicate.**

| **ഡോ.സുമി അലക്സ്** | |
|---|---|
| **ചോദ്യം : 24** | യൂണിവേഴ്സിറ്റിയുടെ അറിയിപ്പുകൾ പ്രിൻസിപ്പാൾ മുഖേനയല്ലാതെ ബന്ധപ്പെട്ട അധ്യാപകരെയും ഡിപ്പാർട്ടുമെന്റുകളെയും നേരിട്ട് അറിയിക്കുന്നത് നിലവിലെ സാഹചര്യത്തിൽ സാധ്യമാണോ ? |
| ഉത്തരം | ഉചിതമല്ല. |

**Question No.25 given notice of by Dr. Sabeen H.M was answered by Adv. K. H. Babujan, Member, Syndicate.**

| ഡോ.സബീന്‍ എച്ച്.എം | |
|---|---|
| ചോദ്യം : 25 | കോളേജ് അദ്ധ്യാപകരുടെ യു.ജി.സി അരിയര്‍ തുകയില്‍ നിന്നും പിടിച്ചുവച്ച ഇരുപതു ശതമാനം തുക തിരികെ പിടിക്കുന്നതില്‍ യൂണിവേഴ്സിറ്റി തലത്തില്‍ സ്വീകരിച്ച നടപടികള്‍ എന്തെല്ലാം ? |
| ഉത്തരം | തിരികെ ഈടാക്കേണ്ട തുക കണക്കാക്കി കോളേജ് വിദ്യാഭ്യാസ ഡയറക്ടര്‍ക്കും ഉന്നതവിദ്യാഭ്യാസവകുപ്പ് സെക്രട്ടറിക്കും അറിയിപ്പ് നല്‍കിയിട്ടുണ്ട്. സര്‍വകലാശാല ഫണ്ടിലേക്ക് തുക തിരികെ അടക്കുന്നതിനുള്ള സംവിധാനങ്ങളും ഏര്‍പ്പെടുത്തിയിട്ടുണ്ട്. |

**Question No.26 given notice of by Dr. Sekaran. S was answered by Adv. K. H. Babujan, Member, Syndicate.**

| ഡോ. ശേഖരന്‍.എസ് | |
|---|---|
| ചോദ്യം : 26 | യു.ജി.സി ആറാം ശമ്പളപരിഷ്കരണത്തിന്റെ ഭാഗാമായുള്ള നാലാം ഗഡുവിലെ 20% ശമ്പള കുടിശ്ശിക സര്‍ക്കാല്‍ തടഞ്ഞുവയ്ക്കുകയുണ്ടായി. അത് സര്‍വകലാശാല മൂല്യനിര്‍ണ്ണയത്തിന്റെ പ്രതിഫലം തിരിച്ചടച്ചതിന് ശേഷം മാത്രമേ നല്‍കുകയുള്ളൂ എന്നാണ് പറഞ്ഞിരുന്നത്. അതുമായി ബന്ധപ്പെട്ടിട്ടുള്ള നടപടിക്രമങ്ങള്‍ എവിടെ വരെയായി ? |
| ഉത്തരം | ചോദ്യം 25 ന്റെ ഉത്തരം ശ്രദ്ധിച്ചാലും. |

**Question No.27 given notice of by Sri. M. Vincent MLA was not considered as the member was not present at the time.**

**Question No.28 given notice of by Dr. Sumi Alex was answered by Dr. S. Nazeeb, Member, Syndicate.**

| ഡോ.സുമി അലക്സ് | |
|---|---|
| ചോദ്യം : 28 | പി.എച്ച്.ഡി സ്കോളര്‍ഷിപ്പിന് കാലാകാലങ്ങളായി തുര്‍ന്നുവരുന്ന തുക ഉയര്‍ത്തുന്നതിന് വേണ്ട എന്തെങ്കിലും നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ ? |
| ഉത്തരം | കേരളത്തിലെ സര്‍വകലാശാലകളില്‍ മികച്ച ഫെലോഷിപ്പ് പഠന ഗവേഷണ വകുപ്പുകളിലും ഇതര ഗവേഷണ സെന്ററുകളിലും ഗവേഷണം നടത്തുന്ന വിദ്യാര്‍ത്ഥികള്‍ക്ക് കേരള സര്‍വകലാശാല നല്‍കുന്നുണ്ട്. 5 വര്‍ഷക്കാലമാണ് പ്രസ്തുത ഫെലോഷിപ്പ് നല്‍കുന്നത് ഇപ്പോള്‍ മറ്റെന്തെങ്കിലും മാറ്റം നിര്‍ദ്ദേശിക്കപ്പെട്ടിട്ടില്ല. |

**Question No.29 given notice of by Dr. Babitha G.S was answered by Dr. S. Nazeeb, Member, Syndicate.**

| ഡോ.ബബിത.ജി.എസ് | |
|---|---|
| ചോദ്യം : 29 | ശാസ്ത്ര വിഷയങ്ങളില്‍ പാഠ്യപദ്ധതിയുടെ ഭാഗമായി ഉള്‍പ്പെടുത്തിയിട്ടുള്ള മൂല്യനിര്‍ണ്യത്തിന്റെ ഭാഗമായ ഫീല്‍ഡ് ട്രിപ്പ്, സ്റ്റഡി ടൂര്‍ എന്നിവ ഈ കോവിഡ് –19 സാഹചര്യത്തില്‍ എപ്രകാരമാണ് നടപ്പിലാക്കേണ്ടത് ?<br>അല്ലെങ്കില്‍ അതിന് ഉള്‍പ്പെടുത്തിയിട്ടുള്ള മാര്‍ക്ക് കുട്ടികള്‍ക്ക് എങ്ങനെയാണ് ലഭ്യമാക്കുക? |
| ഉത്തരം | ബദല്‍ സംവിധാനം ഒരുക്കുന്നതിനെക്കുറിച്ച് ഉചിതമായ ശിപാര്‍ശകള്‍ സമര്‍പ്പിക്കാന്‍ Board of Studies നെ ചുമതലപ്പെടുത്തിക്കൊണ്ട് സിന്‍ഡിക്കേറ്റ് തീരുമാനമെടുത്തിട്ടുണ്ട്. |

**The Vice-Chancellor announced that the next item was Condolecences and Felicitations.**

## <u>അനുശോചനം</u>

ഇന്ത്യന്‍ ടെസ്റ്റ് ക്രിക്കറ്റ് ടീമില്‍ കളിച്ച ആദ്യ മലയാളി സി.കെ.ഭാസ്കരന്‍ നായര്‍, മുന്‍ അസം മുഖ്യമന്ത്രി തരുണ്‍ ഗൊഗോയ്, പ്രമുഖ രാഷ്ട്രീയ പ്രവര്‍ത്തകയും മുന്‍ ഗോവ ഗവര്‍ണ്ണറുമായ മൃദുല സിന്‍ഹ, ചെണ്ട വിദ്വാന്‍ കണ്ടല്ലൂര്‍ സദാശിവന്‍, പ്രശസ്ത തെലുങ്ക് കവി ഷെയ്ക് ഖാജ ഹുസൈന്‍, ഹരിയാനയിലെ ആദ്യ വനിതാ എം.പി.യും മുന്‍ പുതുച്ചേരി ഗവര്‍ണ്ണറുമായ ചന്ദ്രാവതി, മുന്‍ അര്‍ജന്റീനിയന്‍ ഫുട്ബോള്‍ താരം ഡീഗോ മറഡോണ, ആര്‍ക്കിയോളജിസ്റ്റ് പി.കെ. വാസുദേവന്‍ നായര്‍,

പ്രമുഖ എഴുത്തുകാരനും ഗുജറാത്തി കോളമിസ്റ്റുമായ കാർലോസ് ഗോൺസലസ് വാലസ്, പത്മഭൂഷൺ എഫ്.ഡി.കോലി, മുതിർന്ന കോൺഗ്രസ് നേതാവും രാജ്യസഭാ എം.പി.യുമായ അഹമ്മദ് പട്ടേൽ, ഇന്ത്യൻ സോഫ്റ്റ്‌വെയർ വ്യവസായത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന ഫക്കിർ ചന്ദ് കോഹ്‌ലി, മുതിർന്ന ബി.ജെ.പി നേതാവും രാജസ്ഥാൻ എം.എൽ.എ. യുമായ കിരൺ മഹേശ്വരി, വിക്രം സാരാഭായ് സ്പെയ്സ് സെന്റർ മുൻ ഡയറക്ടർ എസ്.രാമകൃഷ്ണൻ, മുൻ ഇന്ത്യൻ ഫുട്ബോൾ താരം ഫ്രാൻസിസ് ഇഗ്നേഷ്യസ്, പരിസ്ഥിതി പ്രവർത്തകൻ പ്രൊഫ.എസ്.സീതാരാമൻ, പ്രശസ്ത സെനഗൽ ഫുട്ബോൾ താരം പാപബോബ ഡിയപ്, മുൻ പാക്കിസ്ഥാൻ പ്രധാനമന്ത്രി മിർ സഫറുള്ള ഖാൻ ജമാലി, ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററും മുൻ ഇന്റലിജൻസ് ബ്യൂറോ തലവനുമായ ദിനേശ്വർ ശർമ്മ, ഫൈബർ ഒപ്റ്റിക്സിന്റെ പിതാവ് എന്നറിയപ്പെടുന്ന ഇന്ത്യൻ അമേരിക്കൻ ഭൗതിക ശാസ്ത്രജ്ഞൻ ഡോ.നരീന്ദർ സിംഗ് കപാനി, പ്രശസ്ത മലയാള സാഹിത്യകാരൻ യു.എ.ഖാദർ, വിഖ്യാത ദക്ഷിണകൊറിയൻ സിനിമ സംവിധായകൻ കിം കി–ഡുക്, പ്രമുഖ കൃഷി ശാസ്ത്രജ്ഞനും മുൻ കൃഷി വകുപ്പ് ഡയറക്ടറുമായ ആർ.ഹേലി, പ്രമുഖ ദക്ഷിണേന്ത്യൻ സിനിമ കലാസംവിധായകൻ പി.കൃഷ്ണമൂർത്തി, ആധുനിക വയർലസ് നെറ്റ്‌വർക്ക്സിന്റെ പിതാവും അമേരിക്കൻ ശാസ്ത്രജ്ഞനുമായ നോർമൻ ഏബ്രംസൺ, പരിസ്ഥിതി പ്രവർത്തകയും കവയത്രിയും സാമൂഹ്യ പ്രവർത്തകയുമായ സുഗതകുമാരി, മുതിർന്ന കോൺഗ്രസ് നേതാവും മുൻ മധ്യപ്രദേശ് മുഖ്യമന്ത്രിയുമായ മോട്ടിലാൽ വോറ, മലയാള സിനിമാ അഭിനേതാവ് അനിൽ നെടുമങ്ങാട്, മുൻ ഇംഗ്ലണ്ട് ക്രിക്കറ്റ് താരവും കമന്റേറ്ററുമായ റോബിൻ ജാക്മാൻ, പ്രശസ്ത നൃത്ത ചരിത്രകാരനും നിരൂപകനുമായ സുനിൽ കോത്താരി, മുതിർന്ന കോൺഗ്രസ് നേതാവും മുൻ കേന്ദ്ര ആഭ്യന്തര മന്ത്രിയുമായിരുന്ന ബൂട്ടാ സിങ്, കവി നീലംപേരൂർ മധുസൂദനൻനായർ, കവിയും ഗാനരചയിതാവുമായ അനിൽ പനച്ചൂരാൻ, തിരക്കഥാകൃത്തും ചലച്ചിത്ര സംവിധായകനുമായ ഷാജി പാണ്ഡവം, സിനിമാസംവിധായകൻ നരണിപ്പുഴ ഷാനവാസ്, പ്രമുഖ സ്വാതന്ത്ര്യസമരസേനാനി എ.കെ.ഭാസ്കരൻ, തമിഴിൽ എഴുതി മലയാളത്തിൽ ജീവിച്ച പ്രശസ്ത സാഹിത്യകാരൻ ആ.മാധവൻ, മുതിർന്ന കോൺഗ്രസ് നേതാവും മുൻ മന്ത്രിയുമായ കെ.കെ.രാമചന്ദ്രൻ മാസ്റ്റർ, മുതിർന്ന കോൺഗ്രസ് നേതാവും മുൻ വിദേശകാര്യമന്ത്രിയുമായ മാധവ്സിങ് സോളങ്കി, നർത്തകൻ അസ്താദ് ദേബൂ, ഇറ്റാലിയൻ ഫുട്ബോൾ താരം പാവ്‌ലോ റോസി, പ്രമുഖ ഇന്ത്യൻ–അമേരിക്കൻ എഴുത്തുകാരനും മാധ്യമപ്രവർത്തകനുമായ വേദ് മേത്ത, അമേരിക്കൻ ടെലിവിഷൻ കലാകാരൻ ലാറി കിങ്, മലയാള സിനിമ അഭിനേതാവ് ഉണ്ണിക്കൃഷ്ണൻ നമ്പൂതിരി, ഹിന്ദുസ്ഥാനി സംഗീതജ്ഞനും ചലച്ചിത്ര പിന്നണി ഗായകനുമായ ഉസ്താദ് ഗുലാം മുസ്തഫഖാൻ, എം.എൽ.എ. കെ.വി. വിജയദാസ്, അഡയാർ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ചെയർപേഴ്സൺ ഡോ.വി.ശാന്ത, ഗായകൻ സോമദാസ് ചാത്തന്നൂർ, സുഗന്ധവ്യഞ്ജന വ്യവസായി സി.വി.ജേക്കബ്, ദേശീയ അവാർഡ് ജേതാവായ ഛായാഗ്രാഹകൻ പി.എസ്.നവാസ്, കഥകളി ആചാര്യൻ മാത്തൂർ ഗോവിന്ദർകുട്ടി, ഓസ്കർ ജേതാവ് റോബർട്ട് സി ജോൺസ്, യു.എസ്. മുൻ സ്റ്റേറ്റ് സെക്രട്ടറി ജോർജ് ഷൂൾസ്, ഉത്തരാഖണ്ഡിലുണ്ടായ മിന്നൽപ്രളയത്തിൽ ജീവൻ നഷ്ടപ്പെട്ടവർ എന്നിവരുടെ നിര്യാണത്തിൽ ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

A Minute's silence was observed as a mark of respect to the departed souls.

## <u>അനുമോദനം</u>

ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ ഡോ.മോഹൻകുമാർ അവാർഡിന് അർഹനായ ജേക്കബ് പുന്നൂസ്, ബുക്കർ പുരസ്കാര ജേതാവ് ഡഗ്ലസ് സ്റ്റുവർട്ട്, സഞ്ജയൻ പുരസ്കാരത്തിന് അർഹനായ എൻ.കെ.ദേശം, ഇന്റർനാഷണൽ വാതായൺ സമ്മിറ്റ് അവാർഡിന് അർഹനായ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി രമേശ് പൊക്രിയാൽ നിഷാങ്, ന്യൂയോർക്ക് ടൈംസ് തെരഞ്ഞെടുത്ത 2020 ലെ ശ്രദ്ധേയ കൃതികളിൽ ഇടം നേടിയ മലയാളി നോവലിസ്റ്റ് ദീപ ആനപ്പാറ, ലോക്‌നായക് ഫൗണ്ടേഷന്റെ സാഹിത്യ പുരസ്കാരത്തിന് അർഹനായ തെലുങ്ക് കവി കാത്തി പദ്മ റാവു, 2020 ലെ ആന്വൽ സംഗീത് കലാ കേന്ദ്ര അവാർഡിൽ ആദിത്യ വിക്രം ബിർല കലൈഷ്കർ പുരസ്കാറിന് അർഹനായ സിനിമാതാരം നസറുദീൻ ഷാ, ദ ലോ ട്രസ്റ്റ് ഏർപ്പെടുത്തിയ ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ പുരസ്കാരത്തിന് അർഹനായ ജസ്റ്റിസ് കുര്യൻ ജോസഫ്, ഇന്റർനാഷണൽ ഫോട്ടോഗ്രഫി (ഐ.പി.എ.) യുടെ നോൺ പ്രൊഫഷണൽ വിഭാഗത്തിൽ (ആർക്കിടെക്ച്ചർ–ഹിസ്റ്റോറിക്ക്) പുരസ്കാരം നേടിയ മലയാളി സതീഷ് നായർ, സ്വീഡൻ ആസ്ഥാനമായുള്ള ചിൽഡ്രൻസ് ക്ലൈമറ്റ് ഫൗണ്ടേഷന്റെ ചിൽഡ്രൻസ് ക്ലൈമറ്റ് പ്രൈസിന് അർഹയായ ഇന്ത്യൻ വിദ്യാർത്ഥിനി വിനിഷ ഉമാശങ്കർ, സാഹിത്യ ശ്രേഷ്ഠ അവാർഡ്, മലയാറ്റൂർ പുരസ്കാരം എന്നിവയ്ക്ക് അർഹനായ ഡോ.ജോർജ് ഓണക്കൂർ, യുവേഫ ചാമ്പ്യൻസ് ലീഗിൽ പുരുഷവിഭാഗം ഫുട്ബോൾ മത്സരം നിയന്ത്രിക്കുന്ന ആദ്യ വനിതാ റഫറിയായ സ്റ്റെഫാനി ഫ്രപാർട്ട്, ജിമ്മി ജോർജ് പുരസ്കാരം നേടിയ മിനിമോൾ എബ്രഹാം, 2020 ലെ ലളിതാംബിക അന്തർജന സാഹിത്യപുരസ്കാരത്തിന് അർഹനായ ടി.ബി.ലാൽ, PEN Hessel-Tiltman History Prize-2020 ന് അർഹയായ ബ്രിട്ടീഷ് ഇന്ത്യൻ എഴുത്തുകാരി അനിത ആനന്ദ്, ഗോൾഡൻ ബൂട്ട് അവാർഡിന് അർഹനായ ഫുട്ബോൾ താരം ക്രിസ്റ്റിയാനോ റൊണാൾഡോ, ഗ്ലോബൽ ടീച്ചർ പ്രൈസിന് അർഹനായ ഇന്ത്യാക്കാരൻ രഞ്ജിത്സിംഗ് ഡിസൈൽ, ടൈം മാഗസീനിന്റെ പ്രഥമ കിഡ് ഓഫ് ദ ഇയർ അവാർഡിന് അർഹയായ ഇന്ത്യൻ അമേരിക്കൻ ബാലിക ഗീതാഞ്ജലി റാവു, ഇന്ത്യൻ അത്‌ലറ്റിക്സിന്റെ ചീഫ് കോച്ചായി അത്‌ലറ്റിക്സ് ഫെഡറേഷൻ ഓഫ് ഇന്ത്യ (AFI) നിയമിച്ച മലയാളിയായ രാധാകൃഷ്ണൻ നായർ, വേൾഡ് അത്‌ലറ്റിക്സിന്റെ വേൾഡ് അത്‌ലറ്റ്സ് ഓഫ് ദ ഇയർ പുരുഷ വിഭാഗം അവാർഡ് ജേതാവ് മോഡോ ഡ്യുപ്ലെന്റിസ്, വനിതാ വിഭാഗം ജേതാവ് യുലിമർ റോജസ്, ഫോർമുല ടു കാർ റേസിൽ വിജയം നേടുന്ന ആദ്യ ഇന്ത്യൻ താരമായ ജെഹാൻ ധരുവല, പ്രൊഫഷണൽ യൂറോപ്യൻ ഫുട്ബോൾ ലീഗ് മത്സരത്തിൽ ഗോൾ നേടുന്ന ആദ്യ ഇന്ത്യൻ വനിതാ താരമായ ഗംഗം ബാലാ ദേവി, രവീന്ദ്രനാഥ ടാഗോർ ലിറ്ററസി

പ്രൈസിന് അർഹനായ എഴുത്തുകാരൻ രാജ് കമൽ ജാ, പത്മിനി വർക്കി സ്മാരക പുരസ്കാരത്തിന് അർഹയായ സാമൂഹ്യപ്രവർത്തക ജെസി ഇമ്മാനുവൽ, 2020 ലെ വിമൻസ് ടെന്നീസ് അസോസിയേഷന്റെ പ്ലെയർ ഓഫ് ദ ഇയർ ആയി തെരഞ്ഞെടുക്കപ്പെട്ട സോഫിയ കെനിൻ, FICCI യുടെ ഇന്ത്യ സ്പോർട്സ് അവാർഡ്സ് 2020 ൽ സ്പോർട്സ്പേഴ്സൺ ഓഫ് ദ ഇയർ പുരസ്കാരത്തിന് അർഹരായ ബജ്റംഗ് പൂനിയ, ഇളവെനിൽ വലരിവൻ, വോഗ് ഇന്ത്യ മാസികയുടെ ലീഡർ ഓഫ് ദി ഇയർ, മുംബൈ ആസ്ഥാനമായ ഹാർമണി ഫൗണ്ടേഷന്റെ മദർ തെരേസ പുരസ്കാരം, പ്രമുഖ അന്താരാഷ്ട്ര മാസികയായ ഫിനാൻഷ്യൽ ടൈംസിന്റെ 2020 ലെ ലോകത്തിലെ ഏറ്റവും സ്വാധീനമുള്ള വനിതകളുടെ പട്ടികയിൽ ഇടംനേടുക, എം.കെ.ആർ.ഫൗണ്ടേഷന്റെ കർമ്മ പുരസ്കാരം, ഗൾഫിലെ ആദ്യ മലയാളം റേഡിയോയായ റേഡിയോ ഏഷ്യയുടെ വാർത്താതാരം, തെരേസാ ലിമ പുരസ്കാരം, മനോരമ ന്യൂസ് 'ന്യൂസ്മേക്കർ 2020' പുരസ്കാരം എന്നീ അംഗീകാരങ്ങൾ ലഭിച്ച ആരോഗ്യമന്ത്രി കെ.കെ.ശൈലജ, ഗ്രീൻ നൊബേൽ പ്രൈസ് എന്നറിയപ്പെടുന്ന ഗോൾഡ്മാൻ പരിസ്ഥിതി പുരസ്കാരത്തിന് അർഹനായ ഏഷ്യക്കാരൻ പോൾ സെയ്ൻതാ, മഹാകവി പാലാ പുരസ്കാരം, പ്രഥമ എം.കെ.അർജുനൻ അവാർഡ്, പന്തളം കേരളവർമ സാഹിത്യ പുരസ്കാരം എന്നിവ നേടിയ ശ്രീകുമാരൻ തമ്പി, 2020 ലെ രാമാനുജൻ പ്രൈസ് ഫോർ യംഗ് മാത്തമാറ്റീഷ്യൻസ് പുരസ്കാരത്തിന് അർഹയായ ഡോ.കരോലിന അർജു, 2020 ലെ ടൈം മാഗസീനിന്റെ പേഴ്സൺ ഓഫ് ദ ഇയർ ആയി തെരഞ്ഞെടുക്കപ്പെട്ട ജോ ബൈഡൻ, കമലാ ഹാരിസ്, അത്‌ലറ്റ് ഓഫ് ദ ഇയർ ആയി തെരഞ്ഞെടുക്കപ്പെട്ട ബാസ്ക്കറ്റ് ബോൾ താരം ലേബ്രോൺ ജയിംസ്, ശ്രദ്ധേയരായ എഴുത്തുകാർക്കുള്ള മലയാറ്റൂർ പ്രൈസിന് അർഹയായ ഇ.സന്ധ്യ, ഇന്റർനാഷണൽ ഓൺലൈൻ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ 10 മീറ്റർ എയർ റൈഫിൾ വിഭാഗത്തിൽ ജേതാവായ ഇന്ത്യാക്കാരൻ യശ് വർദ്ധൻ, 2020 ലെ ദ ബെസ്റ്റ് ഫിഫ ഫുട്ബോൾ അവാർഡ്സ് പുരുഷ വിഭാഗം ജേതാവ് റോബർട്ട് ല്യൂവൻടോവ്സ്കി, വനിതാ വിഭാഗം ജേതാവ് ലൂസി ബ്രോൺസ്, യുണൈറ്റഡ് നേഷൻസ് എൻവിറോൺമെന്റ് പ്രോഗ്രാമിന്റെ യംഗ് ചാമ്പ്യൻസ് ഓഫ് ദ എർത്ത് പുരസ്കാരത്തിന് ഏഷ്യ പസഫിക് മേഖലയിൽ നിന്നും അർഹനായ ഇന്ത്യൻ സംരംഭകൻ വിദ്യുത് മോഹൻ, ഒ.എൻ.വി. കൾച്ചറൽ അക്കാദമിയുടെ ഒ.എൻ.വി. സാഹിത്യ പുരസ്കാരത്തിന് അർഹയായ ഡോ.എം.ലീലാവതി, ബോക്സിംഗ് വേൾഡ്കപ്പിൽ 52kg വിഭാഗത്തിൽ സ്വർണ്ണ മെഡൽ നേടിയ ഇന്ത്യൻ താരം അമിത് പഹൽ, കേരള സംസ്ഥാന തദ്ദേശ തെരഞ്ഞെടുപ്പിൽ ഏറ്റവും പ്രായം കുറഞ്ഞ പഞ്ചായത്ത് പ്രസിഡന്റും ജനപ്രതിനിധിയുമായി തെരഞ്ഞെടുക്കപ്പെട്ട രേഷ്മ മറിയം റോയ്, ഇന്ത്യയിൽ ഒരു മുനിസിപ്പൽ കോർപ്പറേഷന്റെ മേയറാകുന്ന ഏറ്റവും പ്രായം കുറഞ്ഞ വനിത ആര്യ രാജേന്ദ്രൻ, ബി.ബി.സി. സ്പോർട്സ് പേഴ്സണാലിറ്റി ഓഫ് ദ ഇയർ പുരസ്കാരത്തിന് അർഹനായ ലൂയിസ് ഹാമിൾട്ടൺ, അഹമ്മദാബാദ് ഇന്റർനാഷണൽ ചിൽഡ്രൻസ് ഫിലിം ഫെസ്റ്റിവലിൽ മികച്ച നടനുള്ള പുരസ്കാരം നേടിയ മലയാള ചലച്ചിത്ര താരം ഗിന്നസ് പക്രു, അമേരിക്കയുടെ പരമോന്നത സൈനിക ബഹുമതികളിൽ ഒന്നായ Legion of Merit Award ന് അർഹനായത് നരേന്ദ്രമോദി, അന്താരാഷ്ട്ര ചെസ്സ് ഫെഡറേഷന്റെ വേൾഡ് യൂത്ത് ആന്റ് കേഡറ്റ് ചാമ്പ്യൻഷിപ്പിൽ കിരീടം നേടിയ മലയാളികളായ നിഹാൽ സരിൻ, ഡി.ഗുകേഷ്, രക്ഷിത രവി, കമലാദേവി, ഹരിവരാസനം പുരസ്കാര ജേതാവ് എം.ആർ.വീരമണി രാജു, ICC Male Cricketer of the Decade, ദശാബ്ദത്തിലെ ടെസ്റ്റ് ടീമിന്റെ ക്യാപ്റ്റൻ എന്നീ അംഗീകാരങ്ങൾ നേടിയ വിരാട് കോഹ്‌ലി, ICC Female Cricketer of the Decade അംഗീകാരം നേടിയ എൽസി പെറി, ദശാബ്ദത്തിലെ ഏകദിന, T–20 ടീമുകളുടെ ക്യാപ്റ്റനായി തെരഞ്ഞെടുക്കപ്പെട്ട എം.എസ്.ധോണി, DRDO യുടെ സയന്റിസ്റ്റ് ഓഫ് ദ ഇയർ പുരസ്കാരത്തിന് അർഹനായ ഹേമന്ത് കുമാർ പാണ്ഡെ, ഇന്ത്യ–ഓസ്ട്രേലിയ ബോക്സിംഗ് ഡേ ക്രിക്കറ്റ് ടെസ്റ്റിൽ മാൻ ഓഫ് ദ മാച്ചിന് നൽകുന്ന ജോണി മുല്ലാഗ് മെഡൽ നേടുന്ന ആദ്യ ക്രിക്കറ്റ് താരമായ അജിങ്ക്യ രഹാനെ, കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പാലാ കെ.എം. മാത്യു പുരസ്കാരം നേടിയ ശ്രീജിത് പെരുന്തച്ചൻ, സംസ്ഥാന സർക്കാരിന്റെ രാജാരവിവർമ്മ പുരസ്കാരം നേടിയ പാരീസ് വിശ്വനാഥൻ, രാജ്യാന്തര ഏകദിന ക്രിക്കറ്റിൽ സെഞ്ചുറി നേടുന്ന ആദ്യ മലയാളിയായ സി.പി.റിസ്‌വാൻ, കേരളസർവകലാശാല യൂണിയൻ തെരഞ്ഞെടുപ്പിൽ വിജയികളായവർ, പ്രവാസി ഭാരതീയ സമ്മാൻ ലഭിച്ച മലയാളികളായ പ്രിയങ്ക രാധാകൃഷ്ണൻ, ഡോ.സിദ്ദിഖ് അഹമ്മദ്, കെ.ജി.ബാബുരാജൻ, ഡോ.മോഹൻ തോമസ്, ഉള്ളൂർ സാഹിത്യ പുരസ്കാരം നേടിയ സുനിൽ പി ഇളയിടം, മടവൂർ കഥകളി പുരസ്കാരം നേടിയ കലാമണ്ഡലം വാസുപ്പിഷാരടി, കുഫോസ് സർവകലാശാല വൈസ് ചാൻസലറായി നിയമിതനായ ഡോ.കെ.റിജി ജോൺ, ബഷീർ സ്മാരക ട്രസ്റ്റിന്റെ ബഷീർ അവാർഡ് നേടിയ പ്രൊഫ.എം.കെ.സാനു, യു.എസ്. പ്രസിഡന്റായി അധികാരമേറ്റ ജോസഫ് ബൈഡൻ, വൈസ് പ്രസിഡന്റായി അധികാരമേറ്റ കമലാ ഹാരിസ്, ബോർഡർ–ഗാവസ്കർ ട്രോഫി നിലനിർത്തിയ ഇന്ത്യൻ ക്രിക്കറ്റ് ടീമംഗങ്ങൾ, മലയാളസിനിമ പിന്നണിഗായിക കെ.എസ്.ചിത്ര ഉൾപ്പെടെ പത്മഭൂഷൺ ബഹുമതി ലഭിച്ച 10 പേർ, മരണാനന്തര അംഗീകാരമായി പത്മവിഭൂഷൺ ലഭിച്ച എസ്.പി.ബാല സുബ്രഹ്മണ്യം അടക്കമുള്ള 7 പേർ, പത്മശ്രീ ലഭിച്ച കൈതപ്രം ദാമോദരൻ നമ്പൂതിരി, ഒ.എം.നമ്പ്യാർ, കെ. കെ.രാമചന്ദ്രപുലവർ, ബാലൻ പൂതേരി, ഡോ.ധനഞ്ജയ് ദിവാകർ സദ്ദേവ്, അലി മണിക്ഫാൻ ഉൾപ്പെടെ യുള്ള 102 പേർ, മഹാവീർചക്ര നേടിയ കേണൽ ഡോ.സന്തോഷ് ബാബു, വിശിഷ്ടസേവാമെഡൽ നേടിയ വൈസ് അഡ്മിറൽ ആർ.ഹരികുമാർ, കെ.പി.പുരുഷോത്തമൻ, വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതി യുടെ പോലീസ് മെഡൽ നേടിയ ഇന്റലിജൻസ് അഡീഷണൽ ഡയറക്ടർ റ്റി.കെ.വിനോദ്കുമാർ, സ്തുത്യർഹസേവനമെഡലിന് അർഹരായ 10 മലയാളികൾ, രാഷ്ട്രപതിയുടെ ധീരതാ പുരസ്കാരമായ ജീവൻ രക്ഷാപതക് നേടിയ മലയാളികളായ മുഹമ്മദ് മുഹ്സിൻ (മരണാനന്തരം), അരുൺ തോമസ്, റോജിൻ റോബർട്ട്, ഷിജു പി ഗോപി, എസ്.വി.ജോസ്, ബാലനായ്ക് ബനാവത്, പ്രധാനമന്ത്രി ബാല പുര സ്കാര ജേതാക്കളായ മലയാളി ഹൃദയ ആർ കൃഷ്ണൻ ഉൾപ്പെടെയുള്ള 32 പ്രതിഭകൾ, സംസ്ഥാന കൃഷി വകുപ്പ് ഏർപ്പെടുത്തിയ പുരസ്കാരങ്ങൾക്ക് അർഹരായവർ, ഇന്ത്യൻ രാജ്യാന്തര ചലച്ചിത്രമേളയിൽ മികച്ച

സംവിധായകനുള്ള രജതമയൂരം നേടിയ തയ്‌വാനീസ് സംവിധായകൻ കോചെൻ നിയെൻ, മികച്ച നടനുള്ള പുരസ്കാരം നേടിയ ഷൂവോൺ ലിയോ, മികച്ച നടിക്കുള്ള പുരസ്കാരം നേടിയ സോഫിയ സ്റ്റവേ, മികച്ച സിനിമയ്ക്കുള്ള സുവർണമയൂരം നേടിയ ഡാനിഷ് ചിത്രമായ 'ഇൻ ടു ദ് ഡാർക്നസ്' (സംവിധായകൻ –ആൻഡേഴ്സ് റെഫ്ൻ), കാക്കനാടൻ സാഹിത്യ പുരസ്കാരത്തിന് അർഹരായ ബി.മുരളി, എം.കെ.അബ്ദുൾ ഹക്കീം, പത്രമാധ്യമങ്ങളിലൂടെ മികച്ച ശാസ്ത്രപ്രചാരണത്തിനുള്ള കേന്ദ്രസർക്കാരിന്റെ പുരസ്കാരം നേടിയ ഡോ.അനിൽകുമാർ വടവാതൂർ, കേരളസംഗീത നാടക അക്കാദമി പുരസ്കാരങ്ങൾ നേടിയ പിരപ്പൻകോട് മുരളി, കലാമണ്ഡലം വാസുപ്പിഷാരടി, തൃപ്പുണിത്തുറ രാധാകൃഷ്ണൻ എന്നിവരെ ഈ യോഗം അനുമോദിക്കുന്നു.

**The House then took up the official items for consideration.**

**(II) Business brought forward by the Vice-Chancellor and the Syndicate.**

**01. Award of Degrees, Diplomas, Titles and Certificates. (C.E/D.D)**

*The following resolution moved by Dr. K.B Manoj, Member, Syndicate and Convenor, Standing Committee of the Syndicate on Examinations and seconded by Dr.S. Nazeeb, Member, Syndicate was unanimously adopted by the House.*

"*That, all candidates who have passed the various examinations under the different Faculties and also those who carried on research under the prescribed conditions and who have been adjudged worthy, to be awarded the Research Degrees under the various faculties and whom the Syndicate during the period from 20th November, 2020 to 9th February, 2021 on the report of the examiners, has certified to be qualified to receive the respective Titles, Diploma, Certificates and Degrees and those students of Autonomous Colleges who have successfully completed their course of study and are duly recommended by the Governing Council of the respective Autonomous Colleges during the aforesaid period for award of Degrees be admitted to those Titles, Diplomas, Certificates and Degrees and in token thereof they may be presented with the respective Titles, Diplomas, Certificates and Degrees.''*

=================================================================

**02. Annual Accounts 2019-20-Approval of-reg. (Accounts-II)**

As per Para 10, Chapter 6 of the Kerala University First Statutes 1977, the Syndicate shall consider the Annual Accounts of the University and place it before the Senate for approval at its Annual Meeting. Annual Accounts approved by the Senate is to be submitted to the Government for audit and for laying before the State Legislative Assembly.

The Syndicate at its meeting held on 10/11/2020 vide item no: 05 approved the draft of the Annual Accounts for the financial year 2019-20. As per the orders of the Vice-Chancellor Annual Accounts for the financial year 2019-20 is placed before the Senate for consideration.

***The House considered and approved the Annual Accounts 2019-2020.***

=================================================================

**03. Report on the Audit of Accounts of University of Kerala for the year 2018-19– Consideration of- reg. (OAD III)**

As per Section 50(4) of the Kerala University Act (Act 17 of 1974) and in pursuance of Section 13 of the Kerala Local Fund Audit Act, 1994 and Rule 18 of the Kerala Local Fund Audit Rules 1996, the Joint Director of Kerala State Audit Department, Kerala University Audit, Thiruvananthapuram, had submitted the Audit Report for the year 2018-19of the University of Kerala on 17.09.2020.

As required vide Statute 10(4), Chapter VI of the Kerala University First Statutes 1977, the Audit Report 2018-19 was placed before the Syndicate held on 30.11.2020.The Syndicate vide item no. 20.04considered and approved the Audit Report 2018-19 for being laid before the Senate for adoption.

As per Statute 93, Chapter V of the Kerala University First Statutes 1977, the Audit Report should also be laid in the Senate for consideration and approval. As per the orders of the honourable Vice Chancellor the Audit Report for the year 2018-19 is submitted for consideration and approval of the Senate.

***The House considered and approved the Audit Report for the year 2018-2019.***

==========================================================================

**04. Preliminary Budget Estimates 2021-2022 – Consideration – reg. (Finance II)**

Adv. K.H Babujan, Member, Syndicate and Convenor, Standing Committee of the Syndicate on Finance presented the Financial Estimates of the University for the year 2021-2022 together with the explanatory memorandum thereon in pursuance of the provisions contained in Section 47(1) and (2) of Chapter VII of the Kerala University Act, 1947 and Statute 10(1) under Chapter VI of the Kerala University First Statutes 1977.

The Budget Speech is appended.

# കേരള സർവകലാശാല

*(NAAC Accreditation 'A')*

**ബഡ്ജറ്റ് 2021 '22**
**കേരള സർവകലാശാല സിൻഡിക്കേറ്റിന്റെ**
**ഫിനാൻസ് കമ്മിറ്റി കൺവീനർ**
**അഡ്വ. കെ. എച്ച്. ബാബുജാൻ**
**സെനറ്റിന്റെ വാർഷിക സമ്മേളനത്തിൽ നടത്തുന്ന**
**ബഡ്ജറ്റ് പ്രസംഗം**
**2021 ഫെബ്രുവരി 10**

***ആദരണീയനായ സഭാദ്ധ്യക്ഷൻ,***
***ബഹുമാന്യരായ സഭാംഗങ്ങളേ,***

Where the mind is without fear and the head is held high;
Where knowledge is free;
Where the world has not been broken up into fragments by narrow domestic walls;
Where words come out from the depth of truth;

വിശ്വമഹാകവി ടാഗോറിന്റെ ഗീതാഞ്ജലിയിലുള്ള ഈ വരികൾ ഓർമ്മിപ്പിച്ചുകൊണ്ട് തുടങ്ങട്ടെ.

അത്ഭുതകരമായ മാറ്റങ്ങളിലാണ് ഇന്ന് നമ്മുടെ പൊതുവിദ്യാഭ്യാസ മേഖല അറിവിന്റെ, ജ്ഞാനത്തിന്റെ, മാനവികതയുടെ, വെളിച്ചവും പൂക്കളും കടന്ന് വരാൻ പാകത്തിൽ കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്തെ ജനകീയ സർക്കാർ ചലനാത്മകമാക്കി ത്തീർത്തു. ദന്തഗോപുരങ്ങളിൽനിന്ന് അറിവിന്റെ ഗംഗാപ്രവാഹത്തെ സാധാരണ മനുഷ്യജീവിതത്തിന്റെ ഊഷരതയിലേക്കൊഴുക്കിവിട്ട് അവരുടെ ജീവിതങ്ങളെ ഊഷ്മളമാക്കിയെന്ന ദൗത്യമാണ് നമ്മൾ ഒരുമിച്ച് ആശാവഹമായി നിർവ്വഹിച്ചു വിജയിപ്പിച്ചത്.

വെല്ലുവിളികളുടെ തുടർച്ചയിലായിരുന്നു കേരളം. ഏറ്റവുമൊടുവിൽ കോവിഡ് 19 മഹാമാരിയോട് പൊരുതി നേടിയ ഹൃദയാഭിമാനത്തിൽ ജ്വലിച്ചു നിൽക്കുന്നു നമ്മുടെ സംസ്ഥാനം. സമസ്ത ജീവിത മേഖലകളെയും നിർവ്വീര്യവും നിശ്ചലവുമാക്കിയ ഒരു കാലത്തെ എത്ര ക്രിയാത്മകമായിട്ടാണ് നമ്മൾ നേരിട്ട് വിജയിച്ചത്. മനുഷ്യജീവിതങ്ങളെ വീടിന്റെ ഉൾത്തളങ്ങളിൽ കെട്ടിയിട്ട് സംഹാരമാടിയ രോഗത്തേയും ആ മഹാമാരി സൃഷ്ടിച്ച ബഹുതലസ്പർശികളായ പ്രതിസന്ധികളെയും ഇനംതിരിച്ച് ഓരോന്നായി നാം നേരിട്ടു. അതിജീവനത്തിന്റെ ഇതിഹാസമെഴുതി. പോരാട്ടവീര്യത്തിന്റെ പുതിയ ഗാഥകൾ എഴുതിച്ചേർത്തു. എല്ലാ ജീവിത മേഖലകളെയും ഗ്രസിച്ച തളർച്ച സ്വാഭാവികമായും സർവകലാശാല പ്രവർത്തനങ്ങളെയും ഉന്നത വിദ്യാഭ്യാസ മേഖലയേയും ബാധിച്ചു. ഓൺലൈൻ സംവിധാനത്തിലൂടെ അതിഗംഭീരമായി ക്ലാസ് മുറികളെ – വിദ്യാഭ്യാസത്തെ, വിദ്യാർത്ഥികളെ, അദ്ധ്യാപകരെ ശൃംഖലാ ബന്ധിതമായി വിന്യസിച്ചുകൊണ്ട് വിദ്യാഭ്യാസ മേഖലയിൽ താരും തളിരും അണിയിക്കാൻ നമ്മൾ ജാഗ്രതയോടെ പ്രവർത്തിച്ചു. കേരള സർവകലാ

ശാല ഈ കോവിഡ് കാലത്തെയും അതിന്റെ അനവധിയായ വെല്ലുവിളികളെയും നേരിട്ടത് സമാനതകളിലി ല്ലാത്ത ചരിത്രമാണ്.

കേരളത്തിലെ ജനകീയ സർക്കാർ അതിന്റെ ചരിത്രപരമായ കടമയുടെ നിർവഹണ നിറവിലാണ്. ഉജ്ജ്വലമായ അഞ്ചുവർഷങ്ങൾ പിന്നിടുകയാണ് നമ്മൾ. വിദ്യാഭ്യാസരംഗം ഈ കാലഘട്ടത്തിൽ നേടിയ അക്കാദമിക സ്വാതന്ത്ര്യം, സ്വാശ്രയത്വം വൈജ്ഞാനിക നേട്ടങ്ങൾ, വിദ്യാഭ്യാസത്തെ ക്ലാസ് മുറികളുടെ സാമ്പ്രദായികതയിൽനിന്നും ജീവിതത്തിന്റെ തുടരലുകളിലേക്കെത്തിച്ച നിരവധി സംരംഭങ്ങൾ സർവകലാ ശാലകളിലടക്കം നിർവഹിച്ച് വിജയിപ്പിച്ചെടുത്തത് നമ്മൾ ഓർക്കണം. കേരള സർക്കാരിന്റെ പുതിയ പൊതു ബഡ്ജറ്റ് വിദ്യാഭ്യാസ ഭാവിയുടെ ഊർജ്ജപ്രവാഹമാണ്. സ്കൂൾ വിദ്യാഭ്യാസത്തിൽ കഴിഞ്ഞ അഞ്ച് വർഷം കൊണ്ട് നേടിയ മികവിന്റെ റെക്കോഡ് ഉന്നത വിദ്യാഭ്യാസത്തിലും കൈവരിക്കാനുള്ള വലിയ ലക്ഷ്യമാണ് കേരള സർക്കാർ മുന്നോട്ടുവയ്ക്കുന്നത്.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ 3–5 ലക്ഷം പേർക്കുകൂടി പഠനസൗകര്യങ്ങൾ, ഉന്നത വിദ്യാഭ്യാസ മേഖലയിൽ ആയിരം അദ്ധ്യാപകരുടെ നിയമനം, സർവകലാശാലയ്ക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങൾ, 500 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് പ്രതി മാസം ഒരു ലക്ഷം രൂപ വരെ, സർവകലാശാലകളുടെ പശ്ചാത്തല സൗകര്യ വികസനത്തിന് രണ്ടായിരം കോടി രൂപയുടെ കിഫ്ബി ധനസഹായം, അഫിലിയേറ്റഡ് കോളേജുകൾക്ക് ആയിരം കോടി രൂപയുടെ ധന സഹായം.

2021–22 വർഷം കോളേജുകൾ തുറക്കുമ്പോൾ ഇരുപതിനായിരം പേർക്ക് അധിക പഠന സൗകര്യം ഉണ്ടാകും. പത്തുശതമാനം സീറ്റ് വർദ്ധനവ്, പുതിയ കോഴ്സുകൾ, ഗവേഷണ സൗകര്യങ്ങൾ എന്നിവയിലൂ ടെയാണ് ഇത് നേടുക. 2021–22 ൽ തെരഞ്ഞെടുത്ത കോളേജുകളിൽ ഉച്ചകഴിഞ്ഞ് അധിക ബാച്ചുകളി ലൂടെയും പരീക്ഷണാടിസ്ഥാനത്തിൽ പഠന സൗകര്യം ഒരുക്കുമെന്ന നിർദ്ദേശവും വിദ്യാഭ്യാസ രംഗത്തെ നവ സാധ്യതയാണ്. സർവകലാശാലകളിൽ 150 അദ്ധ്യാപക തസ്തികകളെങ്കിലും പുതിയതായി അനുവദി ക്കുമെന്ന നിർദ്ദേശവും ആയിരത്തിൽപ്പരം തസ്തികകൾക്കുവേണ്ടിവരുന്ന അധിക ചിലവ് നോൺ പ്ലാനിൽ പ്രത്യേകമായി അനുവദിക്കുമെന്നതും സർവകലാശാലകൾക്കുള്ളിൽതന്നെ 30 ഓട്ടോണമസ് ഇന്റർ യൂണിവേ ഴ്സിറ്റി സെന്ററുകളും സ്കൂളുകളും സ്ഥാപിക്കുമെന്ന നിർദ്ദേശവും സർവകലാശാലകൾക്കുള്ളിൽ വലിയ മാറ്റങ്ങളാകുമെന്ന് ഉറപ്പ്.

സർവകലാശലകളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പ്രത്യേക ധനസഹായമായി 100 കോടി രൂപയാണ് സർക്കാർ വകയിരുത്തിയത്. പുതിയ സ്ഥാപനങ്ങളുടെ പശ്ചാത്തല സൗകര്യ സൃഷ്ടിക്ക് കിഫ്ബിയിൽനിന്ന് 500 കോടി രൂപയും അനുവദിക്കുന്നുണ്ട്. പ്രതിമാസം 50000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെ ഫെലോഷിപ്പ് ഉള്ള 500 നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ ഗവേഷണ രംഗത്ത് പുതിയ വസന്തം ഒരുക്കുമെന്ന് ഉറപ്പാണ്.

ഉന്നത വിദ്യാഭ്യാസരംഗത്തെ ഗുണകരമായ ഈ വലിയ മാറ്റങ്ങളുടെ ഭാഗമാക്കുന്നതിന് നമ്മൾ കൂടു തൽ ജാഗ്രതയുള്ളവരാകേണ്ടതുണ്ട്, കൃതാർത്ഥരാകേണ്ടതുണ്ട്. ഉന്നത വിദ്യാഭ്യസ മേഖലയുടെ മൊത്തം പ്ലാൻ വിഹിതം 1175 കോടി രൂപയാണ്. ഇതിൽ 392 കോടി രൂപയാണ് പതിനഞ്ച് സർവകലാശാലകൾക്കായി സംസ്ഥാന സർക്കാർ നീക്കിവച്ചിരിക്കുന്നു.

കേരള സർവകലാശാലയുടെ കുതിപ്പിനാവശ്യമായ ഇന്ധനം നിറച്ച ഏറ്റവും രചനാത്മകമായ ഈ ബജറ്റ് അവതരിപ്പിക്കാൻ വിവിധ ഇടങ്ങളിൽനിന്ന് ലഭിച്ച സഹായങ്ങൾ – ബഹുമുഖങ്ങളായ സഹായ ങ്ങളാണ് കൃതജ്ഞതയോടെ ഇവിടെ ഞാൻ ഓർക്കുന്നത്. ഇന്നലെകളെ ഓർത്തുകൊണ്ടും ഇന്നിന്റെ ആവ ശ്യങ്ങളെ അറിഞ്ഞുകൊണ്ടും നാളെയെ നിർമ്മിക്കാനാവശ്യമായ ചേരുവകൾ കണ്ടെത്തി വിന്യസിച്ചുകൊ ണ്ടുമാണ് സർവകലാശാലയുടെ പുതിയ ബഡ്ജറ്റ് ഇവിടെ അവതരിപ്പിക്കുന്നത്. ഇത് ഇരുട്ടിൽനിന്നും വെളി ച്ചത്തിലേക്കുള്ള യാത്രയല്ല മറിച്ച് വെളിച്ചത്തിൽനിന്ന് കൂടുതൽ വെളിച്ചത്തിലേക്കുള്ള യാത്രയാണ്. ''വെളിച്ച ത്തിനെന്തൊരു വെളിച്ചം'' എന്ന് പറഞ്ഞത് മഹാകാഥികനായ വൈക്കം മുഹമ്മദ് ബഷീറാണ്. ആ വെളിച്ചം ഹൃദയത്തിലേറ്റുവാങ്ങിയാണ് നിറഞ്ഞ മനസ്സോടെ തെളിഞ്ഞ ചാരിതാർത്ഥ്യത്തോടെ ഈ ബഡ്ജറ്റ് തയ്യാറാ ക്കിയത്.

ചൂളപോലെ കത്തുന്ന ദുരിതങ്ങൾ താണ്ടി, വികസനത്തിന്റെ വിജയക്കുതിപ്പിൽ നിൽക്കുന്ന കേര ളത്തിന്റെ മാറ്റങ്ങളുടെ വലിയ വസന്തത്തിന് വളർപന്തലൊരുക്കി കേരളസർവകലാശാലയും ഒപ്പമുണ്ട്. അക്കാദമിക, ഗവേഷണ മുന്നേറ്റങ്ങളിൽ, ഭൗതിക വികസന പ്രവർത്തനങ്ങളിൽ, സാമൂഹിക ഇടപെടീലുക ളിൽ കോവിഡ് കാലത്ത് സംസ്ഥാനത്തുടനീളവും ലക്ഷദ്വീപിലും പരീക്ഷാ സെന്ററുകൾ ഒരുക്കി വിദ്യാർത്ഥി സൗഹൃദ പരീക്ഷാ സംവിധാനം പ്രായോഗികമാക്കിയതിൽ തുടങ്ങി കൂട്ടായ പരിശ്രമത്തിന്റെ പുതിയൊരു ഉന്മേഷമാണ് സർവകലാശാലയിൽ പ്രകാശം പരത്തിനിന്നത്. കോവിഡ് കാലത്ത് ലോകത്ത് പലയിടത്തും വിദ്യാഭ്യാസ മേഖല സ്തംഭിച്ചു നിന്നപ്പോൾ പ്രതിസന്ധിയെ മറികടന്ന് ഭാവി വിദ്യാഭ്യാസം മികച്ചതാക്കാൻ കേരള സർവകലാശാല നടത്തിയ വിദഗ്ധ സമിതിയുടെ പഠനം ശ്രദ്ധേയമായിരുന്നു. പഠന വകുപ്പുകളിൽ കാലമേറെയായി ഒഴിഞ്ഞുകിടക്കുന്ന അദ്ധ്യാപക തസ്തികകളിൽ 58 സമർത്ഥരെ ഈ കാലഘട്ടത്തിൽ പുതു തായി നിയമിച്ചും പഠനവകുപ്പുകളും അഫിലിയേറ്റഡ് കോളേജുകളിലും പുതിയ കാലത്തിന് യോഗ്യമായ കോഴ്സുകൾ ഉൾപ്പെടെ തുടങ്ങിയും അഫിലിയേറ്റഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും കോളേജുകൾക്കും ആവശ്യമായ നിർദ്ദേശങ്ങളും സഹായവും ഉറപ്പാക്കിയും വികസന വഴിയിൽ ശരവേഗതയിൽ തന്നെയാണ് കേരള സർവകലാശാലയിന്നും. ആശങ്കകളുടെ ഭാരമുള്ള സ്വരം ഒഴിവായതോടെ പഠനഗവേഷണ വകുപ്പുക ളിൽ സ്വതന്ത്രമായ അക്കാദമിക പ്രവർത്തനങ്ങൾ നടക്കുകയാണ്. സാമൂഹിക ഉത്തരവാദിത്വങ്ങൾ സൂക്ഷിച്ചു കൊണ്ട് വിദ്യാർത്ഥികളുടെ ഭാവിയുടെ ഭാവി കാണുന്ന അക്കാദമിക പ്രവർത്തനങ്ങളുടെ ഔന്നത്യത്തിലാണ് സർവകലാശാല NIRF റാങ്കിങ്ങിൽ 23–ാമത് എത്തിയത്. കേരളത്തിലെ ഒന്നാമത്തെ സർവകലാശാലയെ രാജ്യത്തേയും ലോകത്തിലെ തന്നെയും ഏറ്റവും മികച്ചതാക്കുകയാണ് ലക്ഷ്യം.

വിമർശനങ്ങൾ ഉൾക്കൊണ്ടും, എതിർപ്പുകളിൽ പരിഭവങ്ങളില്ലാതെയും പരിശ്രമത്തിന്റെ വിശാല വഴികൾ തുറന്നാണ് കൂട്ടായ മുന്നേറ്റം സാധ്യമാക്കിയത്. കൂടുതൽ മുന്നേറാനുള്ള വഴിവിളക്കാണ് ഈ ബജറ്റ്. വർത്തമാന കാലത്തിന്റെ ആകുലതകളിലും കൂടുതൽ ശ്രേഷ്ഠമായ ഭാവി കാണുകയാണ്. കേവലമായ സാമ്പത്തിക വിവരണരേഖയല്ലിത്. സർവകലാശാലയെ സംബന്ധിച്ചിടത്തോളം വലിയ മാറ്റങ്ങൾക്ക് കാരണമാകാവുന്ന സൂക്ഷ്മസുഭഗത നിറഞ്ഞ രേഖയാണിതെന്ന് കരുതുന്നു. ബഹുമാന്യ അംഗങ്ങളുടെ ശ്രദ്ധയുടെ അളവറ്റ ധന്യത ഇതിലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

**ബഡ്ജറ്റ് സംഗ്രഹം**

കഴിഞ്ഞ സാമ്പത്തികവർഷം(2020–21), സർവകലാശായുടെ ആകെ ബഡ്ജറ്റ് **669.15 കോടി രൂപ** വരവും, **671.08 കോടി രൂപ** ചെലവും, **1.93 കോടി രൂപ** കമ്മിയും പ്രതീക്ഷിച്ച ബഡ്ജറ്റാണ് സഭ പാസ്സാക്കിയത്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ്സ് (2020–21) പ്രകാരം **569.62കോടി രൂപ**യുടെ വരവും **575.72 കോടി രൂപ**യുടെ ചെലവും, **6.1 കോടി രൂപ**യുടെ കമ്മിയും കണക്കാക്കപ്പെട്ടിട്ടുണ്ട്.

അടുത്ത സാമ്പത്തികവർഷം (2021–22) **705.43 കോടി രൂപ** വരവും, **707.1 കോടി രൂപ**യുടെ ചെലവും, **1.67 കോടി രൂപ** കമ്മിയും പ്രതീക്ഷിക്കുന്ന ബഡ്ജറ്റാണ് തയ്യാറാക്കിയിരിക്കുന്നത്.

(തുക കോടിയിൽ)

| | | | |
|---|---|---|---|
| **നോൺ പ്ലാൻ –** | | | |
| ബ്ലോക്ക് ഗ്രാന്റ് | 375.00 | സാലറി, പെൻഷൻ | 395.45 |
| ആഭ്യന്തര വരുമാനം | 147.74 | മറ്റുള്ളവ | 128.96 |
| **ആകെ** | **522.74** | **ആകെ** | **524.41** |
| **പ്ലാൻ ഗ്രാന്റ്** | | | |
| സ്റ്റേറ്റ് ഗ്രാന്റ് | 46.00 | പ്ലാൻ ചെലവ് | 46.00 |
| യു.ജി.സി. ഗ്രാന്റ് | 10.00 | ചെലവ് | 10.00 |
| **ആകെ** | **56.00** | **ആകെ** | **56.00** |
| ഇയർമാർക്ക്ഡ് ഫണ്ട് | 30.68 | ചെലവ് | 30.68 |
| ഡെബ്റ്റ് ആന്റ് | | | |
| ഡെപ്പോസിറ്റ്സ് | 96.01 | ചെലവ് | 96.01 |
| **ഗ്രാൻഡ് ടോട്ടൽ** | **705.43** | **ഗ്രാൻഡ് ടോട്ടൽ** | **707.10** |
| **കമ്മി (705.43 – 707.10)** | **= 1.67** | | |

**പട്ടിക ഒന്ന് – നോൺ പ്ലാൻ**

(തുക കോടിയിൽ)

| | **ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് 2020–21** | **എസ്റ്റിമേറ്റ്സ് റിവൈസ്ഡ് 2020–21** | **ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് 2021–22** |
|---|---|---|---|
| വരവ് | 498.37 | 433.06 | 522.74 |
| ചെലവ് | 500.30 | 439.16 | 524.41 |
| കമ്മി | 1.93 | 6.10 | 1.67 |

**2021 – 22 വരവ്**

ഈ സാമ്പത്തികവർഷം പദ്ധതിയിതര ഗ്രാന്റിനത്തിൽ **375 കോടി രൂപ**യും ആഭ്യന്തര വരുമാന ഇനത്തിൽ **147.74 കോടി രൂപ**യും ചേർത്താണ് ആകെ **522.74 കോടി രൂപ** വരവ് പ്രതീക്ഷിക്കുന്നത്. എന്നാൽ പദ്ധതിയിതര വിഹിതമായി **291.11 കോടി രൂപ**യാണ് 2021–22 ലേയ്ക്ക് അനുവദിച്ചിട്ടുള്ളത്.

**പട്ടിക രണ്ട് – വരവ്** (തുക കോടിയിൽ)

| **വരവ്** | **റിവൈസ്ഡ് എസ്റ്റിമേറ്റ്സ് 2020–21** | **ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് 2021–22** |
|---|---|---|
| ബ്ലാക്ക് ഗ്രാന്റ് | 307.00 | 375.00 |
| ആഭ്യന്തര വരുമാനം | 126.06 | 147.74 |
| **ആകെ തുക** | **433.06** | **522.74** |

അടുത്ത സാമ്പത്തികവർഷം (2021–22) ഓരോ വിഭാഗത്തിൽ നിന്നും പ്രതീക്ഷിക്കുന്ന ആഭ്യന്തരവരുമാനം താഴെക്കൊടുത്തിരി ക്കുന്നവിധമാണ്.

**പട്ടിക മൂന്ന് – ആഭ്യന്തര വരുമാനം** (തുക കോടിയിൽ)

| **വരവ്** | **റിവൈസ്ഡ് . എസ്റ്റിമേറ്റ്സ് 2020–21** | **ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് 2021–22** |
|---|---|---|
| പരീക്ഷാ ഫീസും മറ്റു വരവുകളും | 47.53 | 56.33 |

| | | |
|---|---|---|
| യൂണിവേഴ്സിറ്റി പഠന വകുപ്പുകൾ / സെന്ററുകളിൽ നിന്നും | 2.77 | 2.83 |
| ബി. എഡ്. കേന്ദ്രങ്ങൾ | 3.50 | 3.50 |
| യു.ഐ.ടി. കൾ | 17.00 | 19.00 |
| യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജ് | 2.20 | 2.50 |
| യു.ഐ.എമ്മുകൾ | 4.30 | 5.00 |
| വിദൂരവിദ്യാഭ്യാസകേന്ദ്രം (ടഉള്ള) | 8.00 | 5.00 |
| ആന്വൽ അഡ്മിനിസ്ട്രേഷൻ | | |
| ഫീസ് | 1.00 | 1.50 |
| സ്റ്റുഡന്റ് അഫിലിയേഷൻ | | |
| ഫീസ് | 1.00 | 1.20 |
| യു.ജി. /പി. ജി. | | |
| ഓൺലൈൻ അഡ്മിഷൻ | 15.00 | 17.00 |
| ലീസ് ഇൻകം | 2.00 | 4.00 |
| മറ്റ് സേവനങ്ങൾ | 9.19 | 9.31 |
| മറ്റുള്ളവ | 12.57 | 20.57 |
| **ആകെ തുക** | **126.06** | **147.74** |

**2021 – 22 ചെലവ്**

അടുത്ത സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന പ്രധാന ചെലവുകൾ താഴെ കൊടുത്തിരിക്കുന്ന വിധമാണ്.

**പട്ടിക നാല് – ചെലവ്** (തുക കോടിയിൽ)

| പദ്ധതിയിതരം (Non - Plan) | റിവൈസ്ഡ് എസ്റ്റിമേറ്റ്സ് 2020–21 | ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് 2021–22 |
|---|---|---|
| ശമ്പളവും മറ്റ് അലവൻസുകളും | 151.24 | 184.46 |
| താത്ക്കാലിക /കരാർ ജീവനക്കാർക്കുള്ള വേതനം | 49.41 | 55.49 |
| പെൻഷൻ | 137.70 | 155.50 |
| പരീക്ഷ | 19.13 | 22.49 |
| ഗ്രാന്റും സ്കോളർഷിപ്പുകളും | 9.44 | 10.75 |
| നിർമ്മാണ പ്രവർത്തനങ്ങൾ | 16.00 | 23.00 |
| പുതിയ വികസന പ്രവർത്തനങ്ങൾ | 7.50 | 8.50 |
| പെൻഷൻ ഫണ്ട് | 10.00 | 10.00 |
| മറ്റുള്ളവ | 38.74 | 54.22 |
| **ആകെ തുക** | **439.16** | **524.41** |

**പെൻഷൻ**

പെൻഷൻ ഇനത്തിലുള്ള ചെലവ് ഗണ്യമായി ഉയർന്നു വരുന്നുണ്ട്. മൊത്തം ചെലവിന്റെ ഏകദേശം മൂന്നിലൊന്ന് പെൻ ഷൻ ആനുകൂല്യങ്ങൾക്കായി വേണ്ടിവരുന്നു. കഴിഞ്ഞ വർഷങ്ങളിൽ ഈ ഇനത്തിലുള്ള ചെലവ് താഴെക്കൊടുക്കുന്നു.

**പട്ടിക അഞ്ച് – പെൻഷൻ** (തുക കോടിയിൽ)

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2016–17 | 101.49 |
| 2017–18 | 118.98 |
| 2018–19 | 109.78 |
| 2019–20 | 117.18 |
| 2020–21 (RE) | 137.70 |
| 2021–22 (RE) | 155.50 |

**കഴിഞ്ഞ 5 വർഷങ്ങളിലെ പദ്ധതി-പദ്ധതിയിതര വിഹിതത്തിന്റെ സ്ഥിതിവിവരകണക്ക് ചുവടെ ചേർക്കുന്നു.**

**പദ്ധതിവിഹിതം (Plan)** (തുക കോടിയിൽ)

| **വർഷം** | **അനുവദിച്ച തുക** | **ലഭിച്ച തുക** |
|---|---|---|
| 2016–17 | 24.60 | 23.95 |
| 2017–18 | 26.00 | 15.50 |
| 2018–19 | 27.00 | 17.54 |
| 2019–20 | 29.00 | 9.24 |
| 2020–21 | 25.00 | 9.28 |
| | | 4.00<br>(first Instalment) |

**പദ്ധതിയിതര വിഹിതം (Non-Plan)** (തുക കോടിയിൽ)

| വർഷം | ലഭിച്ച തുക |
|---|---|
| 2016–17 | 256.77 |
| 2017–18 | 288.17 |
| 2018–19 | 310.05 |
| 2019–20 | 341.05 |
| 2020–21 | (ജനുവരി മാസം വരെ) 231.04 |

**സ്ഥിതിവിവരങ്ങൾ**

**സർവകലാശാലയ്ക്ക് കീഴിലുള്ള സ്ഥാപനങ്ങൾ**

**എ. പഠന/ഗവേഷണ വകുപ്പുകൾ, കേന്ദ്രങ്ങൾ**

വിവിധ പഠന/ഗവേഷണ വകുപ്പുകൾ, കേന്ദ്രങ്ങൾ, സ്വാശ്രയാടിസ്ഥാനത്തിൽ സർവകലാശാല നേരിട്ടുനടത്തുന്ന സ്ഥാപനങ്ങൾ എന്നീ വിഭാഗങ്ങളിലായി 161 സ്ഥാപനങ്ങൾ പ്രവർത്തിക്കു ന്നുണ്ട്.

| **ക്രമനമ്പർ** | **കോളേജുകൾ** | **എണ്ണം** |
|---|---|---|
| 1. | സർവകലാശാല പഠന/ ഗവേഷണ വകുപ്പുകൾ | 43 |
| 2. | പഠന/ഗവേഷണ കേന്ദ്രങ്ങൾ | 64 |
| 3. | ബി. എഡ്. കേന്ദ്രങ്ങൾ | 10 |
| 4. | യു. ഐ. ടി. കൾ | 34 |
| 5. | യു. ഐ. എമ്മുകൾ | 7 |
| 6. | യൂണിവേഴ്സിറ്റി എഞ്ചിനിയറിംഗ് | 1 |
| 7. | യു.ജി.സി. ഹ്യൂമൻ റിസോഴ്സ് | 1 |
| 8. | മലയാളം ലെക്സിക്കൺവിഭാഗം | 1 |
| | **ആകെ** | **161** |

**ബി. അഫിലിയേറ്റഡ് കോളേജുകൾ**

188 അഫിലിയേറ്റഡ് കോളേജുകളാണ് സർവകലാശാലയ്ക്കു കീഴിൽ പ്രവർത്തിക്കുന്നത്.

| **ക്രമനമ്പർ** | **കോളേജുകൾ** | **എണ്ണം** |
|---|---|---|
| 1. | ആർട്സ് & സയൻസ് കോളേജുകൾ | 111 |
| 2. | ബി.എഡ്./എം.എഡ്. കോളേജുകൾ | 48 |
| 3. | എം.ബി.എ./എം.സി.എ. കോളേജുകൾ | 13 |
| 4. | ലോ കോളേജുകൾ | 7 |
| 5. | ഹോട്ടൽ മാനേജ്മെന്റ് കോളേജുകൾ | 3 |
| 6. | മ്യൂസിക് & ഫൈൻ ആർട്സ് കോളേജുകൾ | 3 |
| 7. | ഫിസിക്കൽ എഡ്യുക്കേഷൻ കോളേജ് | 1 |
| 8. | സ്പെഷ്യൽ എഡ്യുക്കേഷൻ കോളേജ് | 1 |
| **9** | ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് | 1 |
| | **ആകെ** | **188** |

**സി. സേവനകേന്ദ്രങ്ങൾ**

സർവകലാശാലയോടനുബന്ധിച്ച് വിവിധ സേവനങ്ങൾ നൽകുന്ന 21 കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

| ക്രമനമ്പർ | കോളേജുകൾ | എണ്ണം |
|---|---|---|
| 1. | ലൈബ്രറി | 2 |
| 2. | ഹെൽത്ത് സെന്റർ | 2 |
| 3. | കമ്പ്യൂട്ടർ സെന്റർ | 1 |
| 4. | പ്രിന്റിംഗ് പ്രസ്സ് | 1 |
| 5. | Central Laboratory for Instrumentation & Facilitation (CLIF) | 1 |
| 6. | എഞ്ചിനീയറിംഗ് യൂണിറ്റ് | 1 |
| 7. | സ്റ്റുഡന്റ് സർവീസസ് | 1 |
| 8. | ഫിസിക്കൽ എഡ്യുക്കേഷൻ വകുപ്പ് | 1 |
| 9. | പ്രകാശനവിഭാഗം | 1 |
| 10. | എംപ്ലോയ്മെന്റ് ഗൈഡൻസ് ബ്യൂറോ | 1 |
| 11. | പ്ലേസ്മെന്റ് സെൽ | 1 |
| 12. | ഫിനിഷിങ് സ്കൂൾ | 1 |
| 13. | ഐ.ക്യു.എ.സി. | 1 |
| 14 | ഹോസ്റ്റലുകൾ | 6 |
| | **ആകെ** | **21** |

**കേരള സർക്കാരിന്റെ 2021–22 ലെ ബഡ്ജറ്റിൽ പ്ലാൻ ഫണ്ട് ഇനത്തിൽ കേരള സർവകലാശാലയ്ക്കു 26 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നടപ്പാക്കാൻ നിർദ്ദേശിച്ചിട്ടുള്ള പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.**

| *Sl. No.* | *Particulars* |
|---|---|
| 1. | Multidisciplinary Approach to Understand Land-use Strategies and Cultural Landscape of Kachchh, Gujarat during Indus Age – Deptartment of Archaeology |
| 2.. | Setting up a Neurobiology Lab - Department of Biochemistry |
| 3. | Novel biomarkers of Rheumatoid arthritis and thyroid dysfunction in Thiruvananthapuram district - Department of Biochemistry |
| 4. | Model Biodiversity Park- An innovative education garden for species recovery studies on rare, endangered and threatened (ret) plant species of Western Ghats of Kerala (Phase I) – Department of Botany |
| 5. | Establishment of Translational Research Facility in Plant Cell Culture Technology- Year V - Department of Botany |
| 6. | Survey, Collection, Digitalization and Scientific Preservation of Journal of Indian History from the First Volume to Centenary Volume – IIIrd Phase – Department of History |
| 7. | Growth and Fabrications of Photovoltaic Devices and Investigations on Solid Oxide Fuel Cell – Department of Optoelectronics |
| 8. | Modular Thin Film Fab lab– Department of Physics |
| 9. | Setting up of Artificial Intelligence hub - Department of Computer Science |
| 10. | Transformation of Central Laboratory for Instrumentation and Facilitation (CLIF) to a National Testing Centre |

### 1. കാര്യവട്ടം കാമ്പസിനെ മാതൃകാ കാമ്പസാക്കും; നവോത്ഥാന വീഥിയൊരുക്കും.

കേരള സർവകലാശാലയുടെ രാജ്യാന്തര വളർച്ചക്ക് കാര്യവട്ടം കാമ്പസിന്റെ വളർച്ചയും ഭൗതിക അക്കാദമിക വികസനവും പ്രധാന ഘടകമാണ്. ഒട്ടേറെ മാറ്റങ്ങൾക്കാണ് ഇക്കാലങ്ങളിൽ തുടക്കംകുറിച്ചിട്ടുള്ളത്. പുതിയ പഠനവകുപ്പുകൾ, പുതിയ പ്രോഗ്രാമുകൾ, അദ്ധ്യാപക നിയമനം, കെട്ടിട സമുച്ചയം, ഹോസ്റ്റലുകൾ, ഹരിതാലയം പദ്ധതി, സ്റ്റാഫ് ഫ്ളാറ്റ് ഇപ്പോഴാകട്ടെ 43 പഠനവകുപ്പുകളിലും ചെറുതും വലുതുമായ തീയേറ്റർ ക്ലാസ്റൂമുകളും ഹാളുകളും രൂപപ്പെടുത്തുന്ന പദ്ധതികൾ തുടങ്ങി കോടിക്കണക്കിന് രൂപയുടെ വികസന പദ്ധതികളാണ് നടപ്പാക്കിവരുന്നത്. കിഫ്ബി പദ്ധതിയിലെ സംവിധാനങ്ങൾകൂടി പുതുതായി വരുന്നതോടെ കാര്യവട്ടം കാമ്പസ് മാതൃകാ കാമ്പസായി മാറും. കാമ്പസിനു മുന്നിൽ ഇരുവശങ്ങളിലും മനോഹരമായ മതിൽ നിർമ്മിക്കുന്നതിനും നടപടികളായിട്ടുണ്ട്. കാമ്പസിന്റെ മുന്നിലുള്ള റോഡ് നവോത്ഥാന വീഥി എന്നപേരിൽ പുനഃസംഘടിപ്പിക്കുന്നതിനും ആലോചിക്കുന്നു. കേരളത്തിന്റെ നവോത്ഥാന പോരാട്ടങ്ങളിൽ വീഥികൾക്ക് ഒരു പ്രധാന പങ്കുണ്ട്. വഴിനടക്കാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമര

ങ്ങൾ സ്വാതന്ത്ര്യത്തിലേക്ക് വഴിതുറക്കുന്ന സമരങ്ങളായി രൂപാന്തരപ്പെട്ടത് ചരിത്രമാണ്. മഹത്തായ ഈ സർവകലാശാല കാമ്പസിന്റെ പ്രധാന വീഥി ആ നവോത്ഥാന ആശയങ്ങളുടെ എക്കാലത്തേയും ഓർമ്മകളു ണർത്തുന്നതാകണം എന്ന് കരുതുന്നു. അത് തലമുറയിൽ നവോത്ഥാന ആശയങ്ങളെക്കുറിച്ചുള്ള ചിന്തകളും സാമൂഹികാവബോധവും ഉണർത്തുമെന്നത് പ്രധാനമാണ്. കാമ്പസിന്റെ മുന്നിൽനിന്ന് പെർഫോമിംഗ് ആർട്സ് വരെയുള്ള വീഥി 15 മീറ്റർവീതിയിൽ വിശാലമായ വീഥിയാക്കി ഇരുവശങ്ങളിലും നടപ്പാതയും വിള ക്കുകാലുകളും തണൽമരങ്ങളും ഇരിപ്പിടങ്ങളും രൂപപ്പെടുത്തുകയും ചെയ്യും. വീഥിയുടെ ചത്വരങ്ങളിൽ ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമികൾ, മഹാത്മാ അയ്യങ്കാളി, വക്കം മൗലവി, എ.കെ.ജി., ഡോ. പല്പു, പൊയ്കയിൽ യോഹന്നാൻ, വാഗ്ഭടാനന്ദൻ, അക്കാമ്മ ചെറിയാൻ, ലളിതാംബിക അന്തർജ്ജനം, പി. കൃഷ്ണപിള്ള, എ.വി. കുട്ടിമാളു അമ്മ, വേലുക്കുട്ടി അരയൻ, സഹോദരൻ അയ്യപ്പൻ തുടങ്ങിയവരുടെ റിലീ ഫുകളും നവോത്ഥാന മുന്നേറ്റങ്ങളെ സൂചിപ്പിക്കുന്ന വിവരങ്ങളും ആലേഖനം ചെയ്യും. കാമ്പസിന്റെ പ്രധാന ഗേറ്റിൽനിന്ന് പെർഫോമിംഗ് ആർട്സ് വരെ എത്തിനിൽക്കുന്ന റോഡും പോസ്റ്റോഫീസിന് സമീപ ത്തുനിന്ന് റിസേർച്ചേഴ്സ് ഹോസ്റ്റൽവരെയുള്ള റോഡും ചേർന്നതായിരിക്കും നവോത്ഥാന വീഥി. ഇതിനായി **2 കോടി രൂപ** വകയിരുത്തുന്നു.

2. **കാര്യവട്ടം കാമ്പസിൽ ഡോ. കെ. അയ്യപ്പപ്പണിക്കർ മെമ്മോറിയൽ ഫോറിൻ ലാംഗ്വേജ് ബിൽഡിംഗ് പണിയും.**

പാളയത്ത് പ്രവർത്തിക്കുന്ന ഇംഗ്ലീഷ്, ജർമ്മൻ, റഷ്യൻ പഠനവകുപ്പുകളും കാര്യവട്ടത്തെ അറബിക് ഡിപ്പാർട്ട്മെന്റും ഒരുമിച്ച് പ്രവർത്തിക്കാനാവുന്ന തരിത്തിൽ ഫോറിൻ ലാംഗ്വേജ് ബിൽഡിംഗ് കാര്യവട്ടത്തു നിർമ്മിക്കും. മലയാളത്തിന്റെ പ്രിയപ്പെട്ട കവിയും സർവകലാശാലയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിന്റെ മേധാവിയുമായിരുന്ന ഡോ. കെ. അയ്യപ്പപ്പണിക്കരുടെ സ്മാരകമാക്കി ആ കെട്ടിട സമുച്ചയം നാമകരണം ചെയ്യും. ഇതിനായി ആദ്യഗഡു ഇനത്തിൽ **75 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.

3. **CM @ Campus പരിപാടിയിലെ നിർദ്ദേശങ്ങൾ പഠിച്ചു നടപ്പാക്കാൻ സമിതി.**

അക്കാദമിക സമൂഹത്തിന് മറക്കാനാകാത്ത അനുഭവമായിരുന്നു ഫെബ്രുവരി 6 ന് സെനറ്റ് ഹാളിൽ നടന്ന നവകേരളം – യുവകേരളം പദ്ധതിയുടെ ഭാഗമായുള്ള CM @ Campus പരിപാടി. ഉന്നതവിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റങ്ങൾക്ക് ഇടയാകുന്ന വിദ്യാർത്ഥികൾ പങ്കുവച്ച നിർദ്ദേശങ്ങളും ബഹുമാനപ്പെട്ട മുഖ്യ മന്ത്രി നടത്തിയ പ്രതികരണവും അക്കാദമിക സമൂഹത്തിന് പുത്തൻ ഉണർവാണ് സമ്മാനിച്ചത്. ബന്ധപ്പെട്ട നിർദ്ദേശങ്ങളിൽ സർക്കാരും സർവകലാശാലയും നടപ്പിലാക്കേണ്ടവയുണ്ട്. പഠന ഗവേഷണ രംഗത്തും ഭര ണരംഗത്തുമായുള്ള നിർദ്ദേശങ്ങളിൽ സർവകലാശാലയുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന വിഷയങ്ങൾ പഠിച്ച് ഉചിതമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് അക്കാദമിക സമിതി രൂപീകരിക്കും. പ്രസ്തുത സമിതിയുടെ നിർദ്ദേ ശങ്ങൾ നടപ്പാക്കുന്നതിന് **25 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.

4. **ജ്ഞാനപീഠ പുരസ്കാര ജേതാക്കളുടെ കൃതികൾക്ക് യൂണിവേഴ്സിറ്റി ലൈബ്രറിയിൽ പ്രത്യേക ഇടം ഒരുക്കും.**

ജ്ഞാനപീഠ പുരസ്കാരം നേടിയ ജി. ശങ്കരക്കുറുപ്പ്, എസ്. കെ. പൊറ്റെക്കാട്, തകഴി, എം.ടി., ഒ.എൻ. വി., അക്കിത്തം എന്നിവരുടെ എല്ലാ കൃതികളും അതു സംബന്ധിച്ച പഠനങ്ങളും ഗവേഷണ പ്രസിദ്ധീകരണ ങ്ങളും ഏകോപിപ്പിക്കുന്ന പ്രത്യേക വിഭാഗം യൂണിവേഴ്സിറ്റി ലൈബ്രറിയിൽ ഒരുക്കും. ഇതിനായി **5 ലക്ഷം രൂപ** വകയിരുത്തുന്നു.

5. **ശ്രീനാരായണവിജ്ഞാനീയം: സമഗ്ര വിജ്ഞാന ഗ്രന്ഥം**

ശ്രീനാരായണ ഗുരുവിന്റെ ദർശനങ്ങളെ പൊതുജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ശ്രീനാരായണ ഗുരു അന്തർദേശീയ പഠനകേന്ദ്രം നടത്തിയ വിവിധ പരിപാടികളുടെ തുടർപദ്ധ തിയാണ് 'ശ്രീനാരായണവിജ്ഞാനീയം' എന്ന സമഗ്ര രേഖ. അരുവിപ്പുറം, വർക്കല, ചെമ്പഴന്തി, കൊല്ലം, വാരണപ്പള്ളി, കളവംകോടം എന്നീ ഗുരുവിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ആറു കേന്ദ്രങ്ങളിൽ നട ത്തിയ പ്രവർത്തനങ്ങളുടെ ഡോക്കുമെന്റേഷൻ, ഗുരുവിന്റെ ധൈഷണിക ജീവചരിത്രം, ശ്രീനാരായണ കൃതി കളുടെ സാഹിതീയത, കാവ്യ ദർശനം, ഗുരുവും വിജ്ഞാനപദ്ധതികളും, ഗുരു പ്രതിഷ്ഠകൾ, ഗുരുവിന്റെ അനുഗാമികൾ, ഗുരുചിന്തയുടെ ഗ്ലോസറി തുടങ്ങി ഗുരുവിനെ അക്കാദമികമായി സമീപിക്കുന്നതി നുകൂടിയുള്ള പുതിയ ഒരു രേഖയായിത്തീരും ഇത്. ഇതിനായി **25 ലക്ഷം രൂപ** വകയിരുത്തുന്നു.

6. **കടലാസ് രഹിത ഭരണ സംവിധാനത്തിനും അക്കാദമിക പ്രവർത്തനത്തിനും കൂടുതൽ വഴിതുറ ക്കും.**

സർവകലാശാല ഭരണ പ്രവർത്തനങ്ങളിൽ കടലാസിന്റെ ഉപയോഗം കഴിയുന്നത്ര കുറയ്ക്കാനും ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ഉപയോഗം വർദ്ധിപ്പിക്കാനുമായി സിൻഡിക്കേറ്റ്, സെനറ്റ് മീറ്റിങ്ങുകളുടെ അജണ്ടകളുമടക്കം വിതരണം നടത്തുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തും. സിൻഡിക്കേറ്റ് അംഗങ്ങൾക്കും സർവകലാശാലയുടെ സ്റ്റാറ്റ്യൂട്ടറി ഓഫീസർമാർക്കും ജോയിന്റ് രജിസ്ട്രാർമാർക്കും ശ്രമറ നൽകി ഓൺലൈൻ ഫയൽനീക്കവും സംവിധാനങ്ങളും വ്യാപിപ്പിക്കാൻ നടപടി എടുക്കും. കൂടാതെ കോവിഡ് കാലത്ത് നടപ്പിലാക്കിയ മാതൃകയിൽ വിദ്യാർത്ഥികളുടെ ഡിസർട്ടേഷനും, തിസിസുകളും ഓൺലൈനായി സമർപ്പിക്കുന്ന രീതി തുടരും. ഇതിനായി **25 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.

7. **സുഗതകുമാരി 'സ്മൃതി വനം'˜ഒരുക്കും**

പ്രശസ്ത കവയിത്രി 'സുഗതകുമാരി'യുടെ സ്മരണാർത്ഥം കാര്യവട്ടം കാമ്പസിൽ സ്വാഭാവിക വനം സംരക്ഷിച്ചുവളർത്തും. വനിതാഹോസ്റ്റലിന്റെ വടക്കുകിഴക്ക് ഭാഗത്തും ഹൈമവതിപ്പാട ത്തിന്റെ പടിഞ്ഞാറു ഭാഗത്തുമുള്ള സ്വാഭാവിക വനം ചുറ്റിലും നടപ്പാതകൾ ഒരുക്കി വനഭംഗി ആസ്വദിക്കാവുന്ന തരത്തിൽ രൂപപ്പെടുത്തും. 'സുഗതകുമാരി സ്മൃതിവനം' എന്നു നാമകരണം ചെയ്തു സംരക്ഷിക്കും. ഇതിനായി **10 ലക്ഷം രൂപ** അനുവദി ക്കുന്നു.

**8. പുതുശ്ശേരി സ്മാരക പ്രഭാഷണം സംഘടിപ്പിക്കും.**

സർവകലാശാലാ മലയാളപഠനവിഭാഗം പ്രൊഫസറും കവിയും ഭാഷാഗവേഷകനും തികഞ്ഞ പുരോഗമനവാദിയുമായിരുന്ന മലയാള ഐക്യവേദിയുടെ പ്രഥമ പ്രസിഡന്റ് ശ്രീ. പുതുശ്ശേരി രാമചന്ദ്രന്റെ സ്മരണാർത്ഥം 'സ്മാരക പ്രഭാഷണം' കേരള സ്റ്റഡീസ് പഠനവകുപ്പിൽ നടത്തും. പ്രഭാഷണങ്ങൾ രേഖപ്പെടുത്തി സർവകലാശാല പ്രസിദ്ധീകരിക്കും. ഇതിനായി ഈ വർഷം **2 ലക്ഷം രൂപ** അനുവദിക്കും. ഇത് തുടർ പദ്ധതിയായി നടപ്പിലാക്കും.

**9. കേരള സർവകലാശാല ഡിജിറ്റൽ വിജ്ഞാനശേഖരം**

കേരള സർവകലാശാലയിൽ നടക്കുന്ന പഠന ഗവേഷണ പ്രവർത്തനങ്ങളുടെ ഒരു ഡിജിറ്റൽ ശേഖരം നിർമ്മിക്കും. സർവകലാശാല അദ്ധ്യാപകർ, ഗവേഷകർ, വിദ്യാർത്ഥികൾ തുടങ്ങി സർവകലാശാലയുമായി ബന്ധപ്പെട്ടു നടക്കുന്ന എല്ലാ ഗവേഷകരുടേയും ഗവേഷണ പ്രബന്ധങ്ങൾ, പഠന റിപ്പോർട്ടുകൾ, മോണോ ഗ്രാഫുകൾ, ചരിത്രരേഖകൾ, അനുഭവ കുറിപ്പുകൾ തുടങ്ങി എല്ലാ രേഖകളുടെയും ഡിജിറ്റൽ ശേഖരം സ്ഥാപിക്കും. ഇതിനായി **5 ലക്ഷം രൂപ** വകയിരുത്തുന്നു.

**10. C-APT പരിശീലന കേന്ദ്രം**

വിദ്യാർത്ഥികളുടെയും, അദ്ധ്യാപകരുടെയും, ജീവനക്കാരുടെയും കഴിവുകൾ ഫലപ്രദമായി ഉപയോഗിക്കുവാൻ പരിശീലനം അത്യാവശ്യമാണ്. സാങ്കേതിക വിദ്യകൾ അനുദിനം മാറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഗവേഷക വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും, സർവകലാശാല ജീവനക്കാർക്കും അഫിലിയേറ്റഡ് കോളേജിലെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും വിവിധ മേഖലകളിൽ വിദഗ്ധപരിശീലനം നൽകുവാനായി ഡഏഇ ഞഉഇ യുടെ സഹകരണത്തോടുകൂടി സെന്റർ ഫോർ അക്കാദമിക് ആന്റ് പ്രൊഫഷണൽ ട്രെയിനിംഗ് എന്ന സ്ഥാപനം തുടങ്ങും. ഇതിനായി **25 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.

**11. പ്രോജക്ട് ചാലഞ്ച്**

കേരള സർവകലാശാലയിലെ അദ്ധ്യാപകരെ മികച്ച അക്കാദമിക പ്രോജക്ടുകളുടെ ഭാഗമാക്കാൻവേണ്ടി 'പ്രോജക്ട് ചാലഞ്ച്' എന്ന പദ്ധതി നടപ്പിലാക്കും. പ്രോജക്ട് തയ്യാറാക്കുന്നതിലും, അവതരിപ്പിക്കുന്നതിലും പരിശീലനവും മികച്ച പ്രോജക്ടുകൾക്ക് അവാർഡുകളും ഏർപ്പെടുത്തും. പ്രോജക്ടുകൾ യഥാസമയം സമർപ്പിക്കുന്നതിനും ഫണ്ട് ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും വേണ്ടി പ്രോജക്ടുകൾക്കായി ഒരു ഏകജാലക സംവിധാനം ഏർപ്പെടുത്തും. ഇതിനായി **10 ലക്ഷം രൂപ** മാറ്റിവയ്ക്കുന്നു.

**12. സർവകലാശാലയിൽ സാമ്പത്തിക ഗവേഷണ പരീക്ഷണ ശാല സ്ഥാപിക്കും.**

അന്താരാഷ്ട്ര നാണയനിധി, ലോകബാങ്ക്, ലോകവ്യാപാര സംഘടന തുടങ്ങിയ അന്തർദേശീയ പ്രാധാന്യമുള്ള ഗവേഷണ സ്ഥാപനങ്ങളുമായും നിയന്ത്രണാധികാരസ്ഥാപനങ്ങളായ, റിസർവ് ബാങ്ക്, സെബി എന്നിവയുമായി ഗവേഷണത്തിനു സഹ കരിച്ച് പ്രവർത്തിയ്ക്കാൻ ഗവേഷകരെ പ്രാപ്തമാക്കുന്ന സാമ്പ ത്തിക, ഗവേഷണ പരീക്ഷണശാല സ്ഥാപിക്കും. സർവകലാശാല യുടെ കോമേഴ്സ്, എക്കണോമിക്സ് വകുപ്പുകൾ സംയുക്തമായി ഇവിടെ പ്രവർത്തിക്കും. ഈ സംവിധാനം ഒരുക്കുന്നതിനായി **20 ലക്ഷം രൂപ** അനുവദിക്കുന്നു.

**13. സ്റ്റുഡൻസ് എക്സ്ചേഞ്ച് പ്രോഗ്രാം....**

ഇന്റർ നാഷണൽ സെന്റർ ഫോർ ലാറ്റിനമേരിക്കൻ സ്റ്റഡീ സിന്റെ നേതൃത്വത്തിൽ പൊളിറ്റിക്കൽ സയൻസ് വിദ്യാർത്ഥി കളെയും ലാറ്റിനമേരിക്കൻ രാജ്യങ്ങളിലെ സർവകലാശാല ഗവേ ഷണകേന്ദ്രങ്ങളിലെ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിക്കൊ ണ്ടുള്ള സ്റ്റുഡൻസ് എക്സ്ചേഞ്ച് പ്രോഗ്രാമിന് നിയമപരമായ നടപടികൾ സ്വീകരിച്ച് അനുമതി നല്കും. ഇതിന്റെ പ്രാഥമിക പ്രവർത്തനത്തിനും സെന്ററിന്റെ ഭൗതിക വികസനത്തിനും മറ്റു മായി **20 ലക്ഷം രൂപ** അനുവദിക്കുന്നു.

**14. ഇൻഡസ്ട്രിയൽ കൊളാബ്രേഷന് Adjunct ഫാക്കൽറ്റി.**

ഗവേഷണത്തിന് വ്യാവസായിക മേഖലയുടെ സഹായം കൂടി ഉറപ്പാക്കാനാവുന്ന തരത്തിൽ ഇൻഡസ്ട്രിയൽ റിസർച്ച് കൊളാബ്രേഷൻ സാധ്യമാകുന്ന വിധത്തിൽ ഇൻഡസ്ട്രിയലിസ്റ്റുകളെയും വിദഗ്ധരേയും അറഷൗിരേ ഫാക്കൽറ്റിയായി താൽക്കാലികമായി നിയമിക്കും. ഇതിനായി **30 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.

**15. ഹോസ്റ്റലുകൾ പുതുതായി പണിയും**

250 വീതം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും താമസിച്ച് പഠിക്കാനാവുന്ന തരത്തിൽ കാര്യവട്ടം കാമ്പസിൽ ഡോർമെറ്ററിയുള്ള രണ്ടു ഹോസ്റ്റലുകൾ പ്രത്യേകം പ്രത്യേകം സ്ഥാപിക്കും. ഇതിനായി ആദ്യഗഡു **1 കോടി രൂപ** വകയിരുത്തുന്നു.

**16. പേറ്റന്റുകൾ സ്വന്തമാക്കുന്നതിന് സഹായം നൽകും.**

സർവകലാശാല പഠനവകുപ്പുകളിലേയും അഫിലിയേറ്റഡ് കോളേജുകളിലെ ഗവേഷക സെന്ററുകളിലേയും ഗൈഡുകളുടെയും ഗവേഷക വിദ്യാർത്ഥികളുടെയും കണ്ടെത്തലുകൾ സംരക്ഷിക്കുവാനും അതുവഴി സമൂഹത്തിന്റെയും സർവകലാശാലയുടെയും വൈദഗ്ദ്യം മികവുറ്റതാക്കാനും സർവകലാശാലയുടെ ഭാഗമായ ഭൗതികസ്വത്തവകാശം രേഖപ്പെടുത്താനും കഴിയുന്ന തരത്തിൽ പേറ്റന്റുകൾ നടത്തുന്നതിനുള്ള സൗകര്യം മെച്ചപ്പെടുത്തും. ലഭിക്കുന്ന പേറ്റന്റുകളിൽ ഗവേഷകനും സർവകലാശാലയ്ക്കും അവകാശമുണ്ടാവുന്ന തരത്തിലാകും സഹായം ലഭ്യമാക്കുന്നത്. ഇതിനായി **10 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.

**17. ലബോറട്ടറിയിൽനിന്ന് സമൂഹത്തിലേക്ക്**

ഗവേഷണ പ്രവർത്തനങ്ങളെ വ്യവസായ ശൃംഖലയുമായി കോർത്തിണക്കുന്ന പദ്ധതിയാണിത്. സർവകലാശാലയുടെ പഠന വകുപ്പുകളിലേയും അഫിലിയേറ്റഡ് കോളേജുകളിലേയും ഗവേഷണ ലാബുകളിലേയും കേന്ദ്രങ്ങളിലേയും നൂതന ആശയവും സാങ്കേതിക വിദ്യയും സമൂഹ ആവശ്യത്തിന് പര്യാപ്തമാവുന്ന തരത്തിൽ വികസിപ്പിക്കാനും വ്യാവസായിക ശൃംഖലയുമായി ബന്ധിപ്പിക്കാനുമാണ് ഇത് ലക്ഷ്യമാക്കുന്നത്. ഇതിന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് സ്റ്റാർട് അപ്പ് ഗ്രാന്റ് നൽകും. ഇതിനായി **10 ലക്ഷം രൂപ** വകയിരുത്തുന്നു.

**18. കാര്യവട്ടം കാമ്പസിൽ ഒരു 'ടർഫ്' സ്ഥാപിക്കും.**

മികച്ച കായിക സംവിധാനങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ആധുനിക സൗകര്യങ്ങളുള്ള ഒരു 'ടർഫ്' കാമ്പസിൽ സ്ഥാപിക്കണമെന്നത് വിദ്യാർത്ഥികളുടെയും ജീവനക്കാരുടെയും ദീർഘകാല ആവശ്യമായിരുന്നു. ഇത് സ്ഥാപിക്കാനായി **40 ലക്ഷം രൂപ** വകയിരുത്തുന്നു.

**19. സർവകലാശാലയുടെ സെൻട്രൽ ലബോറട്ടറിയായ 'ക്ലിഫ്' കൂടുതൽ വിപുലീകരിക്കും.**

കേരള സർവകലാശാലയിലെ അഫിലിയേറ്റഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും പഠന – ഗവേഷണ വകുപ്പുകളിലേയും ഏതൊരു വിദ്യാർത്ഥിക്കും ഗവേഷകനും സേവനങ്ങൾ ഉപയോഗിക്കാനാവുന്ന തരത്തിലാണ് സർവകലാശാലയുടെ സെൻട്രൽ സോഫിസ്റ്റിക്കേറ്റഡ് ലബോറട്ടറിയായ ക്ലിഫ് പ്രവർത്തിപ്പിക്കുന്നത്. എല്ലാ വിദ്യാർത്ഥികളുടേയും പഠന ഗവേഷണങ്ങളെ സഹായിക്കാനാകുന്ന തരത്തിലും ഗവേഷണത്തിന് ഉപയോഗിക്കാനാകുന്ന തരത്തിലും കോടിക്കണക്കിന് രൂപയുടെ ലാബും ഉപകരണങ്ങളും ഇവിടുണ്ട്. രാജ്യത്തെ മികച്ച ലബോറട്ടറികളിലൊന്നായി ഇതിനെ മാറ്റുന്നതിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. ഇതിനായി **75 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.

**20. ഫിസിക്സ് പഠന ഗവേഷണ വകുപ്പിൽ വെർച്ചൽ കമ്പ്യൂട്ടിംഗ് ലാബ് സ്ഥാപിക്കും.**

ആർട്ടിഫിഷൽ ഇന്റലിജൻസ്, റോബോട്ടിക്സ്, ബയോനാനോ ഫോട്ടോണിക്സ്, ഊർജ്ജസംഭരണത്തിനും പ്രവർത്തനത്തിനുമുള്ള ഉപകരണങ്ങൾ തുടങ്ങിയവയുടെ ഗവേഷണങ്ങളിൽക്കൂടി സജീവ ശ്രദ്ധ പതിപ്പിക്കുകയാണ് സർവകലാശാലയുടെ ഫിസിക്സ് പഠന ഗവേഷണ വകുപ്പ്. കാലികപ്രാധാന്യമുള്ള ഈ ഗവേഷണങ്ങൾക്ക് ഏറ്റവും പുതിയ സോഫ്ട്‌വെയറുകളുള്ള നൂതന കമ്പ്യൂട്ടിംഗ് സൗകര്യം അനിവാര്യമാണ്. അതിന് യോഗ്യമാകുന്ന തരത്തിലുള്ള വെർച്ചൽ കമ്പ്യൂട്ടിംഗ് ലാബ് ഫിസിക്സ് വകുപ്പിൽ സ്ഥാപിക്കുന്നതിന് ഏകദേശം 1.5 കോടി രൂപ ആവശ്യമുണ്ട്. ആദ്യഘട്ടമായി **75 ലക്ഷം രൂപ** അനുവദിക്കുന്നു.

**21. ബയോകെമിസ്ട്രി വകുപ്പിലെ റേഡിയേഷൻ റിസർച്ച് പ്രോജക്ടിന് രണ്ടാം ഗഡു അനുവദിക്കും.**

Acute Radiation Syndorme of the Hemapotoietic System Development of immunity Related Research Project ന്റെ രണ്ടാം ഗഡു ഇനത്തിൽ **40 ലക്ഷം രൂപ** കൂടി അനുവദിക്കുന്നു.

ഈ പഠനം റേഡിയേഷൻ മേഖലയിൽ പ്രവർത്തിക്കുന്ന വരുടെ ജീവത സുരക്ഷയ്ക്ക് കൂടുതൽ സഹായകമാകുമെന്നാണ് കരുതുന്നത്. ഈ ഗവേഷണ പഠനത്തിന് യോഗ്യമായ ലബോറട്ടറിയും ഉപകരണങ്ങളും കൂടുതൽ സാമ്പത്തിക ചിലവും ഉണ്ടാക്കുമെങ്കിലും പഠനം വലിയൊരു സാമൂഹിക സഹായമായി രൂപപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

**22. ജിയോളജിക്കൽ മ്യൂസിയം മാതൃകാ മ്യൂസിയമാക്കുന്നതിന് നടപടി.**

സർവകലാശാലയുടെ ജിയോളജി മ്യൂസിയം എല്ലാതരത്തിലും സജ്ജമായ മാതൃകാ മ്യൂസിയമാക്കി മാറ്റുന്നതിന് ജിയോളജി വകുപ്പ് സമർപ്പിച്ച പദ്ധതി അംഗീകരിക്കും. ഇതിനായി ആദ്യഘട്ടത്തിൽ **60 ലക്ഷം രൂപ** അനുവദിക്കുന്നു. ഇതര സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളുടെ സഹകരണവും മ്യൂസിയത്തിന്റെ വികസനത്തിന് ഉപയോഗിക്കും.

**23. അക്കാദമിക ഇൻഡസ്ട്രിയൽ മീറ്റ് സംഘടിപ്പിക്കും.**

സർവകലാശാലയുടെ സെന്റർ ഫോർ അക്കാദമിക് ആന്റ് ഇൻഡസ്ട്രിയൽ സെന്ററിന്റെ നേതൃത്വത്തിൽ അക്കാദമിക രംഗത്തെയും വ്യാവസായിക രംഗത്തേയും പ്രമുഖരെ പങ്കെടുപ്പിക്കുന്ന അക്കാദമിക ഇൻഡസ്ട്രിയൽ മീറ്റ് സംഘടിപ്പിക്കും. സർവകലാശാല പഠനഗവേഷണങ്ങൾ നാടിന്റെ വ്യാവസായിക വളർച്ചക്കും വികസനത്തിനും അനുഗുണമാക്കുക എന്നതാണ് ഇതിന്റെ വലിയ ലക്ഷ്യം. ഇതിനായി **5 ലക്ഷം രൂപ** അനുവദിക്കുന്നു.

**24. 'സ്പേസ് ഫിസിക്സിന്' ആധുനിക ലബോറട്ടറി.**

വലിയ മാറ്റങ്ങളാണ് സർവകലാശാല പഠന – ഗവേഷണ രംഗത്ത്, കാലിക പ്രാധാന്യമുള്ള നിരവധി കോഴ്സുകളാണ് സർവകലാശാല പുതുതായി തുടങ്ങിയത്. സ്പേസ് ഫിസിക്സ് അതിലൊന്നാണ്. പ്രസ്തുത കോഴ്സിന്റെ സുഗമമായ നടത്തിപ്പിനായി ഫിസിക്സ് ഡിപ്പാർട്ടുമെന്റിൽ 'സ്പേസ് ഫിസിക്സ് ലാബ്' സ്ഥാപിക്കും. ഇതിനായി **30 ലക്ഷം രൂപ** വകയിരുത്തുന്നു.

**25. 'ബയോകെമിസ്ട്രിയിൽ' ന്യൂറോ ബയോളജി ലാബ് സ്ഥാപിക്കും.**

രാജ്യത്തെ പ്രധാന സർവകലാശാലകളെപ്പോലെ ഡിമെൻഷ്യ, അൾഷിമേർ രോഗങ്ങളെക്കുറിച്ചുള്ള പഠന ഗവേഷണങ്ങൾക്കും സർവകലാശാലയുടെ ബയോകെമിസ്ട്രി വിഭാഗം തുടക്കംകുറിക്കുകയാണ്. ഈ മേഖലയിലെ ഗവേഷണപ്രവർത്തനങ്ങൾക്ക് സഹായകമാകുന്ന ലബോറട്ടറി സംവിധാനം തയ്യാറാകേണ്ടതുണ്ട്. ഏകദേശം 1.20 കോടി രൂപ അതിന് ആവശ്യമായി വരുമെന്നാണ് അറിയിച്ചിട്ടുള്ളത്. മറ്റ് സർക്കാർ – സർക്കാർ അനുബന്ധ ധനാഗമനമാർഗ്ഗങ്ങൾകൂടി കണ്ടെത്തി ലബോറട്ടറി പൂർത്തീകരിക്കുന്നതിന് വകുപ്പ് തയ്യാറാകാണം. ആദ്യ പ്രവർത്തനങ്ങൾക്കായി **20 ലക്ഷം രൂപ** അനുവദിക്കുന്നു.

**26. കമ്പ്യൂട്ടർ സയൻസ് പഠന – ഗവേഷണ വിഭാഗത്തിന് ആസ്ഥാന മന്ദിരം പണിയും.**

സർവകലാശാലയ്ക്ക് ഒട്ടേറെ സംഭാവനകൾ നൽകിവരുന്ന പഠനഗവേഷണ വകുപ്പാണ് കമ്പ്യൂട്ടർ സയൻസ്. പുതിയ ലോകം ആവശ്യപ്പെടുന്ന പഠന പ്രോഗ്രാമുകൾ ഉൾപ്പെടെ ഈ പഠന വകുപ്പിൽ പുതുതായി നടന്നുവരുന്നു. വകുപ്പിന്റെ ആവശ്യത്തിനുതകുന്ന സൗകര്യങ്ങളും ലബോറട്ടറികളുമുള്ള ഒരു പുതിയ ആസ്ഥാനമന്ദിരം പണിയും. ഇതിനായി ആദ്യഘട്ടത്തിൽ **75 ലക്ഷം രൂപ** അനുവദിക്കുന്നു.

**27. ആർക്കിയോളജി ഗവേഷണത്തിന് പ്രത്യേക സഹായം.**

സർവകലാശാലയുടെ ആർക്കിയോളജി ഗവേഷണ വകുപ്പ് നടത്തിയ വിവിധ ഖനനങ്ങളിലും പര്യവേഷണങ്ങളിലുമായി കണ്ടെത്തിയ ജന്തുജാലങ്ങളെക്കുറിച്ചുള്ള കൂടുതൽ പഠന ഗവേഷണങ്ങൾ പശ്ചിമ ഇന്ത്യയിൽനിന്നുള്ള ഹോളേഡീൻ ജന്തുജാലങ്ങളുടെ ആർക്കിയോ സുവോളജിക്കൽ പഠനത്തിന് വഴിതുറക്കുക

യാണ്. വിലപ്പെട്ട ചരിത്രരേഖകളിലേക്ക് വെളിച്ചംവീശുന്ന പ്രസ്തുത അന്വേഷണത്തിനും തുടർ ഗവേഷണ ത്തിനുമായി **25 ലക്ഷം രൂപ** അനുവദിക്കുന്നു.

**28. സർവകലാശാല 'പ്ലേസ്മെന്റ് സെൽ' പ്രവർത്തനങ്ങൾ കോളേജുകളിലേക്ക്.**

തൊഴിലിടങ്ങളെക്കുറിച്ചും തൊഴിൽ സാധ്യതകളെക്കുറിച്ചും വിദ്യാർത്ഥികൾക്ക് നേരിട്ട് വിവരം നൽകാനും ആവശ്യകതാബോധം ജനിപ്പിക്കുന്നതിനും കോളേജുകളിലും പഠനവകുപ്പുകളിലും മറ്റുമായി വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിനു സർവകലാശാലയുടെ 'പ്ലേസ്മെന്റ് സെൽ' ന് **10 ലക്ഷം രൂപ** അനുവദിക്കുന്നു. യൂണിവേഴ്സിറ്റി എംപ്ലോയീസ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുടെ സഹായ ത്തോടെ വിവിധ കോളേജുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമായി ഈ പദ്ധതി നടപ്പാക്കും.

**29. സ്റ്റുഡന്റ്സ് സെന്ററിൽ ഓപ്പൺ എയർ ഓഡിറ്റോറിയവും ഷട്ടിൽകോർട്ടും നിർമ്മിക്കും.**

നഗര മധ്യത്തിലെ തിരക്കുകൾക്കിടയിൽ വിദ്യാർത്ഥികൾക്ക് ഒത്തുകൂടാനും സംവദിക്കാനുമുള്ള കേന്ദ്രമാണ് സ്റ്റുഡന്റ്സ് സെന്റർ. യൂണിവേഴ്സിറ്റി യൂണിയന്റെ ആസ്ഥാനം സ്ഥിതിചെയ്യുന്ന ഈ സ്ഥലത്ത് കലാ സാംസ്കാരിക പരിപാടികൾക്കും, സംവാദങ്ങൾക്കും സൗകര്യം ലഭ്യമാകുന്ന തരത്തിൻ ഒരു ഓപ്പൺ എയർ ഓഡിറ്റോറിയം നിർമ്മിക്കും. ഇതിനായി **25 ലക്ഷം രൂപ** അനുവദിക്കുന്നു. സമീപത്തായി ഒരു ഷട്ടിൽകോർട്ടും നിർമ്മിച്ചു നൽകും. ഇതിന്റെ നിർമ്മാണത്തിന് **5 ലക്ഷം രൂപയും** അനുവദിക്കുന്നു.

**30. വിദ്യാർത്ഥി സുരക്ഷാ ഫണ്ടിൽനിന്നും ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിരക്ഷ.**

ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് പഠനസഹായം ലഭ്യമാക്കുന്നതിന് വിദ്യാർത്ഥി സുരക്ഷാ ഫണ്ട് ഉപയോഗിക്കും. മറ്റ് സർക്കാർ ആനുകൂല്യങ്ങൾ ലഭിക്കാത്ത ട്രാൻസ്ജെൻഡർ വിദ്യാർ ത്ഥികളിൽനിന്ന് അപേക്ഷ ക്ഷണിച്ച് ബന്ധപ്പെട്ട സമിതി നിർദ്ദേശിക്കുന്നവർക്ക് പ്രതിമാസം 2000 രൂപ വീതം അനുവദിച്ചു നൽകും.

**31. പാലിയേറ്റീവ് ക്ലബ്ബുകൾക്ക് പ്രവർത്തന സഹായം.**

വിദ്യാർത്ഥികളിൽ ജീവകാരുണ്യ പ്രവർത്തന സന്ദേശം എത്തിക്കുന്നതിനും മാനവികതയുടെ മഹ ത്തായ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനുമായാണ് വിവിധ കോളേജുകളിൽ പാലിയേറ്റീവ് ക്ലബ്ബുകൾ സ്ഥാപിച്ചത്. കോളേജുകളിലെ പാലിയേറ്റീവ് ക്ലബ്ബുകളുടെ വിവിധ പരിപാടികൾക്കും പദ്ധതികൾക്കുമായി **25 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.

**32. എക്സാമിനേഷൻ വിഭാഗം വികസിപ്പിക്കും**

പരീക്ഷാ വിഭാഗം നവീകരണവുമായി ബന്ധപ്പെട്ട് പരീക്ഷ കൺട്രോളറുടെ അനക്സ് ബിൽഡിംഗി ലേക്ക് ഇനിയും 14 സെക്ഷനുകൾ മാറ്റുവാനുണ്ട്. അവിടെ നെറ്റ്വർക്ക് ചെയ്യുന്നതിനും ഇലക്ട്രിക്കൽ വർക്കി നും, കമ്പ്യൂട്ടറുകൾക്കുവേണ്ടി യു.പി.എസ്. സ്ഥാപിക്കുന്നതിനുമായി 20 ലക്ഷം രൂപയും പരീക്ഷാ കൺട്രോ ളറുടെ ഓഫീസിന്റെ മുകൾ ഭാഗത്ത് (നാലാം നിലയിൽ) ഇപ്പോൾ സ്ഥിരമായ ക്യാമ്പ് നടക്കുന്നതിനാൽ ഈ ബിൽഡിംഗിൽ ഒരു ലിഫ്റ്റ് സ്ഥാപിക്കുന്നതിനായി **25 ലക്ഷം രൂപയും** കൂടി ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നു.

**33. സർവകലാശാലയുടെ തനതു വരുമാനം നിരീക്ഷിക്കുന്നതിന് സംവിധാനം.**

കേരള സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്ന കോളേജുകൾ/സെന്ററു കൾ/ഡിപ്പാർട്ട്മെന്റുകൾ/സ്വാശ്രയ സ്ഥാപനങ്ങൾ എന്നിവിടെ അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികളിൽനിന്ന് ബന്ധപ്പെട്ട സ്ഥാപനങ്ങൾ വിവിധ ഫീസ് ഇനങ്ങൾ കേരള സർവകലാശാല ഫണ്ടിലേക്ക് അടക്കേണ്ടതുണ്ട്. അതാത് സ്ഥാപനങ്ങളിൽനിന്നും സമയബന്ധിതമായി ഈ തുക അടക്കുന്നതിനും അതിന്റെ കൃത്യത ഉറപ്പുവ രുത്തുന്നതിലേക്കുമായി ഒരു സമഗ്രമായ സോഫ്ട്വെയർ നിർമ്മിക്കും. അതിനായി **10 ലക്ഷം രൂപ** വകയി രുത്തുന്നു.

**34. ജീവനക്കാർക്കും അദ്ധ്യാപകർക്കും സംരക്ഷണ പദ്ധതി.**

സർവകലാശാലയിലെ മുഴുവൻ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പങ്കാളിത്തം ഉറപ്പാക്കി ക്കൊണ്ട് നിലവിലുള്ള (EBFS) Employee Benevolent Fund Scheme -കാലോചിതമായി പരിഷ്കരിച്ച് കൂടു തൽ ആകർഷകമാക്കും. ഇതിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കമായി **10 ലക്ഷം രൂപ** വകയിരുത്തുന്നു.

**35. കായിക പ്രതിഭാ സംഗമം ഒരുക്കും**

രാജ്യത്തെ മികച്ച കായിക പ്രതിഭകളുടെ സംഗമം സർവകലാശാലയുടെ വിവിധ പ്രവർത്തനമേഖലക ളിലൊരുക്കും. കായിക പഠനത്തിന് കൂടുതൽ പ്രേരകമാകുന്ന പ്രസ്തുത പദ്ധതിക്കായി **10 ലക്ഷം രൂപ** വക യിരുത്തുന്നു. സർവകലാശാലയുടെ കായിക വിഭാഗവും സ്റ്റുഡന്റ്സ് സർവ്വീസസ് വകുപ്പും സംയുക്തമായി പദ്ധതി നടപ്പാക്കും.

**36. സർകലാശാല റിസർച്ച് ഡയറക്ടറേറ്റ്**

ഗവേഷണ തീസിസ്സുകൾ സമർപ്പിക്കുന്നതുൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളും ഓൺലൈനാക്കാ നുതകുന്ന പ്രോഗ്രാമുകളുടെ വികസനവും നടപടികളും സർവകലാശാല പൂർത്തീകരിച്ചുവരികയാണ്. സർവകലാശാലയുടെ റിസർച്ച് ഡയറക്ടറേറ്റും ഇതോടൊപ്പം പ്രവർത്തനം തുടങ്ങേണ്ടതുണ്ട്. റിസർച്ച് ഡയ റക്ടറുടെ മേൽനോട്ടംകൂടി ലഭ്യമാകുന്ന തരത്തിൽ റിസർച്ച് സെക്ഷൻ ഡയറക്ടറേറ്റ് ആക്കി മാറ്റി സ്ഥാപിച്ച് നവീകരിക്കും. ഇതിനായി **30 ലക്ഷം രൂപ** വകയിരുത്തുന്നു.

**37. റിന്യൂവബിൾ എനർജി പഠന ഗവേഷണ വിഭാഗത്തിന് ലബോറട്ടറിയും ആസ്ഥാനമന്ദിരവും നിർമ്മി ക്കും.**

ലോകം കൂടുതൽ ഗൗരവപൂർവ്വം ശ്രദ്ധിക്കുന്ന പഠന ഗവേഷണ മേഖലയാണ് റിന്യൂവബിൾ എനർജി യുടേത്. കേരള സർവകലാശാലയും പ്രസ്തുത മേഖലയിലെ അന്വേഷണ പഠനങ്ങളും ഗവേഷണങ്ങളും തുടങ്ങിയെങ്കിലും അതിനായി പ്രത്യേക ലബോറട്ടറിയും മറ്റ് കെട്ടിട സൗകര്യങ്ങളും രൂപപ്പെടുത്തിയില്ല. ബന്ധപ്പെട്ട പഠന ഗവേഷണത്തിനായി ലബോറട്ടറിയും കെട്ടിടവും നിർമ്മിക്കുന്നതിന് ആദ്യഘട്ടമായി **75 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു. ലബോറട്ടറി ഉപകരണങ്ങൾക്കായി **25 ലക്ഷം രൂപയും** നീക്കിവയ്ക്കുന്നു.

**38. ഫിസിക്കൽ എഡ്യൂക്കേഷൻ പഠനഗവേഷണ വകുപ്പ് തുടങ്ങും.**

കായിക പഠനത്തിനും ഗവേഷണത്തിനും പ്രാധാന്യം നൽകുന്ന തരത്തിൽ സർവകലാശാല കായിക പഠന ഗവേഷണ വകുപ്പ് തുടങ്ങുന്നതിനും ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളും ഗവേഷണ പഠനപ്രവർത്തനങ്ങളും നടത്തുന്നതിനും തീരുമാനിക്കുന്നു. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി **25 ലക്ഷം രൂപ** അനുവദിക്കുന്നു.

**39. ബയോകെമിസ്ട്രി വകുപ്പിൽ മെറ്റബോളജിക് സ്റ്റഡീസ് ആന്റ് മെറ്റബോളജിക്സ് ലബോറട്ടറി സ്ഥാപിക്കും.**

ഉപാപചയ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന ജൈവ പ്രക്രിയകളെക്കുറിച്ചും രക്തസമ്മർദ്ദം, പ്രമേഹം, അമിതവണ്ണം, ക്യാൻസർ മറ്റ് കോശജ്വലനവൈകല്യങ്ങൾ എന്നിവയിൽ ഉപാപജയ പ്രവർത്തനങ്ങളുടെ സ്വാധീനതയെക്കുറിച്ചും പഠനഗവേഷണം ബയോകെമിസ്ട്രി വകുപ്പിൽ പുരോഗമിക്കുകയാണ്. ഈ ഗവേഷണത്തിനു സഹായകമായ ലബോറട്ടറി സ്ഥാപിക്കുന്നതിന് **25 ലക്ഷം രൂപ** അനുവദിക്കുന്നു.

**40. കെമിസ്ട്രി, ബയോകെമിസ്ട്രി വകുപ്പുകൾക്കായി ലബോറട്ടറി കോംപ്ലക്സ് പണിയും.**

ശ്രദ്ധേയമായ ഒട്ടേറെ നേട്ടങ്ങൾ കൈവരിച്ച പഠനഗവേഷണ വകുപ്പുകളാണ് സർവകലാശാലയുടെ കെമിസ്ട്രി ബയോകെമിസ്ട്രി പഠന ഗവേഷണ വകുപ്പുകൾ. ഈ വകുപ്പുകളുടെ ഗവേഷണങ്ങൾക്ക് പര്യാപ്തമാകുന്ന ആധുനിക ലബോറട്ടറികൾ സ്ഥാപിക്കേണ്ടതുണ്ട്. അതിനുപറ്റുന്ന തരത്തിൽ രണ്ടുവകുപ്പുകൾക്കും ഉപയോഗിക്കാനാവുന്ന ഒരു ലബോറട്ടറി കോംപ്ലക്സ് പുതുതായി നിർമ്മിക്കും. ഇതിനായി **75 ലക്ഷം രൂപ** ആദ്യഗഡുവായി അനുവദിക്കുന്നു.

**41. പൊളിറ്റിക്കൽ സയൻസ് വകുപ്പിൽ വെർച്ച്വൽ സ്കൂൾ ഓഫ് പൊളിറ്റിക്സ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ് സ്ഥാപിക്കും.**

ഓൺലൈൻ പഠന സാധ്യതകൾകൂടി ഉപയോഗിക്കാൻ പറ്റുന്ന തരത്തിൻ പൊളിറ്റിക്കൽ സയൻസ് പഠന ഗവേഷണ വകുപ്പിൽ വെർച്ച്വൽ സ്കൂൾ ഓഫ് പൊളിറ്റിക്സ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ് സ്ഥാപിച്ച് ഓൺലൈനും നേരിട്ടുള്ള ക്ലാസ് സാധ്യതകളും ഉപയോഗിച്ച് എം.എ. (പൊളിറ്റിക്സ്, ഇന്റർ നാഷണൽ റിലേഷൻസ്, ഡിപ്ലോമസി) പ്രോഗ്രാം തുടങ്ങും ചകണഎ റാങ്കിംഗിൽ നൂറിനുള്ളിൽ ഇടംനേടിയ സർവകലാശാലകൾക്കാണ് ഇത്തരം സംരംഭത്തിന് അനുമതിയുള്ളത്. ഇതിനായി **10 ലക്ഷം രൂപ** അനുവദിക്കുന്നു.

**42. ഹരിതാലയം പദ്ധതിയും കാർഷിക ഫെലോഷിപ്പും തുടർനടത്തിപ്പിന് സഹായം.**

ദുരന്തകാലത്തെ അതിജീവിക്കാനുള്ള കൂട്ടായ പരിശ്രമത്തിന്റെ സന്ദേശമായിരുന്നു ഹരിതാലയം. കാര്യവട്ടം കാമ്പസിലെ കാർഷിക പ്രവർത്തനങ്ങൾ മാതൃകാപരമായിരുന്നു. പ്രസ്തുത പദ്ധതി തുടരുന്നതിന് **15 ലക്ഷം രൂപയും** കൃഷിയിൽ വിദ്യർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന കാർഷിക ഫെലോഷിപ്പിനായി **5 ലക്ഷം രൂപയും** നീക്കിവയ്ക്കുന്നു.

**43. അക്വാട്ടിക് ബയോളജിക്ക് മൈക്രോ ആൽഗൽ കൾച്ചർ ലബോറട്ടറി.**

ആൽഗകളിൽനിന്നുള്ള ബയോ ആക്ടീവ് സംയുക്തങ്ങളെക്കുറിച്ചുള്ള ഗവേഷണത്തിനും ജലാശയ സംരക്ഷണത്തിനുള്ള നവസാധ്യതകൾക്കും വഴിയൊരുക്കുന്ന ഗവേഷണ പഠനത്തിന് സഹായകമാകുന്ന 'മൈക്രോ ആൽഗൽ കൾച്ചർ ലബോറട്ടറി' അക്വാട്ടിക് ബയോളജി വകുപ്പിൽ സ്ഥാപിക്കും. ഇതിനായി **10 ലക്ഷം രൂപ** വകയിരുത്തുന്നു.

**44. സർവകലാശാല പഠനവകുപ്പുകളിൽ സായാഹ്ന ബാച്ചുകൾ തുടങ്ങും.**

സാധ്യമായ വിദ്യാഭ്യാസ അവസരങ്ങൾ എല്ലാവർക്കും ലഭ്യമാക്കുക എന്നത് പ്രധാനമാണ്. തൊഴിലിനൊപ്പം പഠനം നടത്തുന്നതിനുള്ള അവസരം ഒരുക്കിനൽകുകയെന്നത് ഇന്നത്തെ സാമൂഹിക ആവശ്യമായി കാണുന്നു. 'എക്കോണമിക്സ്' പഠനവകുപ്പിൽ സായാഹ്ന പി.ജി. പഠനവകപ്പ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ മാതൃകയിൽ പഠനമേഖലയിലെ ആവശ്യങ്ങൾ വിലയിരുത്തി താല്പര്യമുള്ള പഠനവകുപ്പുകൾക്ക് സായാഹ്നബാച്ചുകൾ നടത്തുന്നതിനുള്ള സാധ്യത പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളും. അതിനാവശ്യമായ സൗകര്യങ്ങൾക്ക് സഹായം നൽകും

**45. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികൾക്ക് അക്കാദമിക സഹായം.**

രാജ്യത്തിന് മാതൃകയാകുന്ന പ്രവർത്തനങ്ങളാണ് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേത്. ജനപക്ഷവികസനത്തിന്റെ മികച്ച മാതൃകയാണ് കേരളത്തിലേത്. ജനങ്ങളുടെ ആവശ്യകതയും നാടിന്റെ ഭാവിയും പൂർണ്ണമായും ലക്ഷ്യമാക്കുന്ന തരത്തിൽ ബന്ധപ്പെട്ട വികസനത്തെ ഗതിതിരിച്ചുവിടേണ്ടത് സർവകലാശാലകളുടെ ഉത്തരവാദിത്വം കൂടിയാണ്. അതിനു പര്യാപ്തമാകുന്ന തരത്തിൻ തദ്ദേശസ്ഥാപനങ്ങളുടെ വളർച്ചയുടെ നാൾവഴികൾ രൂപപ്പെടുത്തി ഭാവിക്കു യോഗ്യമായ പ്രോജക്ടുകൾ തയ്യാറാക്കി നിർദ്ദേശിക്കുകയും ചെയ്യുന്ന പദ്ധതിക്ക് സർവകലാശാലയുടെ കോമേഴ്സ് പഠന വകുപ്പ് തുടക്കംകുറിക്കുന്നു. ഗവേഷകരുടെ സഹായത്തോടെ നിർവ്വഹിക്കുവാനുദ്ദേശിക്കുന്ന പദ്ധതിക്കായി **10 ലക്ഷം രൂപ** അനുവദിക്കുന്നു.

**46. പാഴാകുന്ന ജൈവവിഭങ്ങളിൽനിന്നു മൂല്യവർദ്ധിത ഉത്പന്നങ്ങൾ തയ്യാറാക്കുന്ന ഗവേഷണ പദ്ധതി.**

ഭക്ഷണത്തിനുപയോഗിക്കാത്ത 'ട്രാഷ് ഫിഷസ്' മത്സ്യബന്ധനത്തിനിടയിൽ കരയിലും കടലിലും ടൺകണക്കിനാണ് ഉപേക്ഷിക്കപ്പെടുന്നത്. ഒരുവർഷം ഏകദേശം 20 ദശലക്ഷം ടൺ മീനാണ് ഇത്തരത്തിൽ ഉപേക്ഷിക്കപ്പെടുന്നത്. ഇത് ജൈവശാസ്ത്രപരമായും പാരിസ്ഥിതികമായും പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുകയാണ്.

ഇത്തരം ട്രാഷ് ഫിഷിൽനിന്ന് വിലയേറിയതരം ഉൽപ്പന്നങ്ങൾ സൃഷ്ടിക്കാനാകുന്ന ഗവേഷണ പദ്ധതിക്കാണ് അക്വാട്ടിക് ബയോളജി ഗവേഷണ വിഭാഗം ലക്ഷ്യം വയ്ക്കുന്നത്. ഇത് മത്സ്യവിപണനരംഗത്ത് വലിയ മാറ്റങ്ങൾക്ക് കാരണമാകുമെന്നു കരുതുന്നു. ഈ ഗവേഷണ പഠനത്തിന് **10 ലക്ഷം രൂപ** അനുവദിക്കുന്നു.

**47. എം.ഫിൽ. പിഎച്ച്.ഡി. പ്രബന്ധ സംഗ്രഹം പ്രസിദ്ധീകരിക്കും.**

കേരള സർവകലാശാല അവാർഡ് ചെയ്യുന്ന എം.ഫിൽ. പിഎച്ച്.ഡി. ബിരുദങ്ങളുടെ സംഗ്രഹം പ്രസിദ്ധീകരിക്കുന്നത് പഠന – ഗവേഷണങ്ങൾക്ക് കൂടുതൽ സഹായവും പൊതു സമൂഹത്തിന് ഉപകാരപ്രദവുമാകുമെന്ന് വിലയിരുത്തുന്നു. ഈ ആവശ്യത്തിനായി അന്തർ സർവകലാശാല മലയാള ഭാഷാകേന്ദ്രത്തിന് (IUCML) **3 ലക്ഷം രൂപ** അനുവദിക്കുന്നു.

**48. ട്രാവലിങ് തീയേറ്റർ കൂടുതൽ ജനകീയമാക്കും**

സർവകലാശാലയുടെ സെന്റർ ഫോർ പെർഫോമിംഗ് ആർട്സ് 'നമുക്കു ജാതിയില്ല' വിളംബര വാർഷിക ആഘോഷത്തിന്റെ ഭാഗമായി തുടക്കംകുറിച്ച ട്രാവലിങ് തീയേറ്ററിൽ അവതരിപ്പിച്ച 'വിവേകോദയം' നാടകം ശ്രദ്ധേയമായ സാമൂഹിക ഇടപെടലായിരുന്നു. വിവേചനങ്ങൾക്കെതിരായുള്ള പോരാട്ടങ്ങൾക്കു കരുത്തുപകരാനാകുന്ന പരിപാടികൾ അവതരിപ്പിക്കാനായി ട്രാവലിങ് തീയേറ്റർ പ്രവർത്തനം വിശാലമാക്കും. **5 ലക്ഷം രൂപ** അതിനായി വകയിരുത്തുന്നു.

**49. ലബോറട്ടറി നവീകരണത്തിന് ബയോ ഇൻഫോർമാറ്റിക്സിന് സഹായം നൽകും.**

പുതിയ കോഴ്സുകൾ ഉൾപ്പെടെ സംഘടിപ്പിച്ചുകൊണ്ട് ബയോ ഇൻഫോർമാറ്റിക്സ് വകുപ്പ് കൂടുതൽ വികസിക്കുകയാണ്. പ്രസ്തുത വകുപ്പിന്റെ ലബോറട്ടറി നവീകരിക്കുന്നതിന് **5 ലക്ഷം രൂപ** അനുവദിക്കുന്നു.

**50. സോഷ്യൽ സയൻസ് ബ്ലോക്കിൽ പുതിയ ക്ലാസ് റൂമുകൾ**

കാര്യവട്ടം കാമ്പസിലെ സോഷ്യൽ സയൻസ് ബ്ലോക്കിൽ പ്രവർത്തിക്കുന്ന വിവിധ പഠനവകുപ്പുകൾ കൂടുതൽ കോഴ്സുകൾ തുടങ്ങിയ സാഹചര്യത്തിൽ ക്ലാസ് മുറികളുടെ അപര്യാപ്തത ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇത് പരിഹരിച്ച് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിനൽകുന്നതിനായി **50 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.

**51. മക്കളെപ്പോലെ മരങ്ങളും**

പരിസ്ഥിതിയുടെ കാവലാളായി മാറുകയെന്നത് പുതു തലമുറയുടെ പ്രഥമ ദൗത്യമാണ്. പഠനത്തോടൊപ്പം സ്നേഹത്തിന്റെയും സംരക്ഷണത്തിന്റെയും മഹത്തായ ആശയങ്ങളുടെകൂടി സന്ദേശവാഹകരാകാൻ വിദ്യാലയങ്ങൾക്കാകണം. അതിനുകൂടി പര്യാപ്തമായ ഒരു പദ്ധതിയാണ് 'മക്കളെപ്പോലെ മരങ്ങളും'.

വൃക്ഷങ്ങളെ ദത്തെടുക്കുന്ന ഈ പദ്ധതി ബോട്ടണി വിഭാഗത്തിന്റെ നേതൃത്വത്തിൽ കാര്യവട്ടം കാമ്പസിലാണ് നടപ്പാക്കുന്നത്. സ്പോൺസർ ചെയ്യുന്ന ഫലവൃക്ഷത്തെ നിർദ്ദേശിക്കുന്ന പേരു നൽകി നട്ടുവളർത്തി സംരക്ഷിച്ച് ഉയർത്തുകയും ഫലവൃക്ഷ ഉദ്യാനം ഒരുക്കുകയും ചെയ്യുന്ന ഈ പദ്ധതിയുടെ ആരംഭ പ്രവർ ത്തനങ്ങൾക്കായി **15 ലക്ഷം രൂപ** അനുവദിക്കുന്നു.

**52. വിദ്യാഭ്യാസ പഠനഗവേഷണ വകുപ്പിന് കാര്യവട്ടത്ത് പുതിയ ആസ്ഥാനം നിർമ്മിക്കും.**

സർവകലാശാലയുടെ തൈക്കാട്ട് പ്രവർത്തിക്കുന്ന എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് എൻ.സി.ടി.ഇ. നിർദ്ദേശിക്കുന്ന സൗകര്യങ്ങളോടെ കാര്യവട്ടം കാമ്പസിലേക്ക് മാറ്റി സ്ഥാപിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ ആസ്ഥാനമന്ദിരം സ്ഥാപിക്കുന്നതിന് ആദ്യഘട്ടമായി **60 ലക്ഷം രൂപ** അനുവദിയ്ക്കുന്നു.

**53. രോഗനിർണയത്തിനും ചികിത്സയ്ക്കും സഹായകമായ 'ബയോസേഫ്ടി ലബോറട്ടറി' സ്ഥാപിക്കും.**

പകർച്ച വ്യാധികളുടെ ഭീകരതയെ ചെറുതും വലുതുമായ പ്രതിരോധങ്ങൾ ഉയർത്തി തടയുക എന്നത് വർത്തമാനകാല ഉത്തരവാദിത്വമാണ്. പരിമിതികൾ ഒഴിവാക്കി ആ വലിയ സാമൂഹിക ഉത്തരവാദിത്വംകൂടി ഏറ്റെടുക്കാനാവുന്ന തരത്തിൽ സർവകലാശാലയുടെ ബയോകെമിസ്ട്രി ഗവേഷണ വിഭാഗത്തെ സജ്ജമാക്കാൻ ആലോചിക്കുന്നു. ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന പ്രസ്തുത വകുപ്പിന് 'ബയോസേഫ്ടി ലബോറട്ടറി' സ്ഥാപിക്കുന്നതിന് സംവിധാനങ്ങൾ ഒരുക്കിനൽകും. 2.5 കോടിയോളം മൊത്തത്തിൽ ചിലവ് പ്രതീക്ഷിക്കുന്ന പ്രസ്തുത ലാബിന്റെ ആദ്യഘട്ട പ്രവർത്തനത്തിന് **40 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു. സർക്കാർ അനുബന്ധ ഏജൻസികളുടെ സാമ്പത്തിക സഹായത്തോടെ ഇത് പൂർത്തീകരിക്കും.

**54. മനഃശാസ്ത്രവകുപ്പിന്റെ സേവനങ്ങൾ അഫിലിയേറ്റഡ് കോളേജുകളിലേക്കും.**

സർവകലാശാല മനഃശാസ്ത്ര വകുപ്പിന്റെ നേതൃത്വത്തിൽ മാനസിക ആരോഗ്യപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും വിദഗ്ധരായ മനശാസ്ത്രജ്ഞരുടെ സേവനങ്ങൾ അഫിലിയേറ്റഡ് കോളേജുകളിലേയും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും വിദ്യാർത്ഥികൾക്കുകൂടി ലഭ്യമാക്കുന്നതിനും സംവിധാനം ഒരുക്കും. പര്യാപ്തമായ പദ്ധതിക്കായി സർവകലാശാല മനഃശാസ്ത്ര പഠനവകുപ്പിന് **5 ലക്ഷം രൂപ** അനുവദിക്കുന്നു.

**55. നിഘണ്ടുവിജ്ഞാനീയത്തിൽ പരിശീലനം ഒരുക്കും.**

മലയാളം ലെക്സിക്കൺ വിഭാഗത്തിന്റെ നേതൃത്വത്തിൽ നിഘണ്ടുവിജ്ഞാനീയത്തിൽ ഗവേഷകർക്കും തല്പരരായ മറ്റുള്ളവർക്കുമായി പരിശീലനം സാധ്യമാക്കും. നിഘണ്ടു നിർമ്മാണത്തിലെ സാധ്യതകളെക്കുറിച്ച് തലമുറക്ക് അറിവു പകരുന്നതിന് ഇത് അവസരമൊരുക്കുമെന്ന് കരുതുന്നു. ഇതിനായി **2 ലക്ഷം രൂപ** അനുവദിക്കുന്നു.

**56. ഇംഗ്ലീഷ് ഭാഷാപഠന സെന്ററിന് ഡിജിറ്റൽ സ്റ്റുഡിയോ.**

സർവകലാശാലയുടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിൽ പ്രവർ ത്തിക്കുന്ന ഇംഗ്ലീഷ് ഭാഷാപഠന സെന്ററിന്റെ അക്കാദമിക പ്രവർത്തനങ്ങൾക്ക് സഹായകമാകുന്ന തരത്തിൽ ഒരു ഡിജിറ്റൽ സ്റ്റുഡിയോ സ്ഥാപിക്കും. ഇതിനായി **1.75 ലക്ഷം രൂപ** അനുവദിക്കുന്നു.

**57. ഹിന്ദി പഠന വകുപ്പിന്റെ ലൈബ്രറി സൗകര്യവികസനത്തിന് സഹായം.**

ലൈബ്രറിയുടെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ഹിന്ദി പഠനവകുപ്പിന് **3 ലക്ഷം രൂപ** അനുവദിക്കുന്നു.

**58. ആരോഗ്യസർവ്വേയ്ക്കു ധനസഹായം**

സർവകലാശാലയുടെ സെന്റർ ഫോർ അഗ്രോ ഇക്കോളജിയുടെ നേതൃത്വത്തിൽ നടത്തുന്ന ആരോഗ്യ സർവ്വേ സർവകലാശാലയുടെ മറ്റൊരു സാമൂഹിക ഇടപെടലാണ്. ആരോഗ്യരംഗത്തെ പ്രശ്നങ്ങൾ പഠനവി

ധേയമാക്കി ബന്ധപ്പെട്ട സർക്കാർ ഏജൻസികളെ സഹായിക്കുന്ന പ്രസ്തുത പദ്ധതിക്കായി **5 ലക്ഷം രൂപ** അനുവദിക്കുന്നു.

**59. പഠിച്ചും അറിഞ്ഞും ഭരണഘടനക്കൊപ്പം**

മാനവികതയുടെ മഹത്തായ മൂല്യങ്ങളാണ് നമ്മുടെ ഭരണഘടനയുടെ അന്തസത്ത. അതിന്റെ ആന്തര ശ്രുതി തലമുറയ്ക്കു പകർന്നുനൽകുന്ന ബൃഹത്തായ പദ്ധതിയാണ് 'പഠിച്ചും അറിഞ്ഞും ഭരണഘടന ക്കൊപ്പം'. സർവകലാശാലാ പരിധിയിലെ തിരഞ്ഞെടുക്കുന്ന വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭരണഘ ടാനാനുഭവങ്ങൾ പങ്കുവയ്ക്കുകയും ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യുന്ന ഈ പദ്ധതി സർവകലാശാ ലയുടെ ഡോ. ബി. ആർ. അംബേദ്കർ ചെയറും സ്റ്റുഡന്റ്സ് സർവ്വീസസ് ഡയറക്ടറേറ്റും സംയുക്തമായി നടപ്പാക്കും. **3 ലക്ഷം രൂപ** ഇതിനായി മാറ്റിവയ്ക്കുന്നു.

**60. മെറ്റീരിയൽ ഇൻഫർമാറ്റിക്സിൽ പ്രത്യേക ഗവേഷണം**

ആർട്ടിഫിഷൽ ഇന്റലിജൻസും ബിഗ് ഡേറ്റാ അനാലിറ്റിക്സും പോലുള്ള നൂതന സാങ്കേതിക വിദ്യ കൾ ഉപയോഗിച്ചു പ്രോട്ടോ ടൈപ്പുകളുടെ പരിശോധനയും മൂല്യനിർണ്ണയവും നടത്തുന്ന പ്രക്രിയ ഭൗതിക ശാസ്ത്രഗവേഷണരംഗത്ത് വലിയ മാറ്റങ്ങളാണ് സൃഷ്ടിക്കുന്നത്. നമ്മുടെ സർവകലാശാലയും ഈ മേഖല യിൽ പ്രത്യേക ഗവേഷണ പഠനപ്രവർത്തനങ്ങളിൽ ശ്രദ്ധചെലുത്തുകയാണ്. ഇതിനായി സർവകലാശാല യുടെ ഫ്യൂച്ചർ സ്റ്റഡീസ് വകുപ്പിൽ പ്രത്യേക ഗവേഷണമേഖല ഒരുക്കും. പ്രാഥമിക പ്രവർത്തനങ്ങൾക്ക് **8 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.

**61. കേരളത്തിന്റെ മുന്നണി രാഷ്ട്രീയത്തിന്റെ ഘടനാപരമായമാറ്റങ്ങൾ പഠനവിധേയമാക്കും.**

സർവകലാശാല പൊളിറ്റിക്കൽ സയൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ കേരളത്തിന്റെ മുന്നണി രാഷ്ട്രീയത്തിന്റെ ഘടനാപരമായമാറ്റങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിന് **7 ലക്ഷം രൂപ** അനുവദിക്കുന്നു.

**62. യാജ്ഞവല്ക്യ സ്മൃതിയും മിതാക്ഷര വ്യാഖ്യാനവും പഠനത്തിന് സഹായം**

സ്മൃതിഗ്രന്ഥങ്ങളിൽ പ്രധാനമാണ് യാജ്ഞവല്ക്യ സ്മൃതി. ഇതിന് എ. ഡി. 11–ാം ശതകത്തിൽ എഴു തപ്പെട്ടിട്ടുള്ള വ്യാഖ്യാനമാണ് വിജ്ഞാനേശ്വരന്റെ 'മിതാക്ഷര' എന്ന വ്യാഖ്യാനം. ഇതിന്റ വർത്തമാനകാല പ്രസക്തി പഠന വിധേയമാക്കുന്ന പദ്ധതിക്കായി സർവകലാശാലയുടെ സംസ്കൃത വിഭാഗത്തിന് **1.5 ലക്ഷം രൂപ** ധനസഹായം നൽകും.

**63. സെന്റർ ഫോർ ഇവല്യൂഷണറി ആന്റ് ഇന്റഗ്രേറ്റീവ് ബയോളജിയിൽ എം.എസ്.,പിഎച്ച്.ഡി. ഇന്റഗ്രേ റ്റഡ് പ്രോഗ്രാം.**

സർവകലാശാലയുടെ ശ്രദ്ധേയമായ ഇന്റർ യൂണിവേഴ്സിറ്റി സെന്ററാണ് സെന്റർ ഫോർ ഇവല്യൂഷ ണറി ആന്റ് ഇന്റഗ്രേറ്റീവ് ബയോളജി സെന്റർ. കാലത്തിന് യോഗ്യമായ പുതിയ പഠനസാധ്യതകൾക്കു വഴിതു റക്കുന്നതിന്റെ ഭാഗമായി ഈ സെന്ററിൽ ബയോസയൻസ് ആന്റ് ബയോ ഇൻസ്ട്രമെന്റേഷനിൽ എം.എസ്., പി.എച്ച്.ഡി. കോഴ്സു തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കും.

**64. സാമ്പത്തിക ശാസ്ത്രവകുപ്പിൽ പ്രോഗ്രാമുകൾ തുടങ്ങും.**

'എക്കണോമിക്സ്' പഠന ഗവേഷണ വകുപ്പിൽ ഫിനാൻ ഷ്യൽ എക്കണോമിക്സിൽ പി.ജി.യും എത്തിക്സ് ആന്റ് എക്കണോമിക്സിൽ സർട്ടിഫിക്കറ്റ് പ്രോഗ്രാമും പുതുതായി തുടങ്ങും.

**65. കുടിയേറ്റക്കാരുടെ രക്ഷാകർതൃത്വത്തിൽ ഐ.സി.ടി.യുടെ സാധ്യതകൾ പഠിക്കുന്നതിന് സഹായം.**

കുടിയേറ്റക്കാരുടെ രക്ഷാകർതൃത്വത്തിൽ ഐ.സി.ടി.യുടെ സാധ്യതകളും സൈബർ മാധ്യമ സ്വാധീന തയും സംബന്ധിച്ച പഠനത്തിന് സെന്റർ ഫോർ ഡയസ്ഫോറ സ്റ്റഡീസിന് **1 ലക്ഷം രൂപ** അനുവദിക്കുന്നു.

**66. തിരുക്കുറൽ പഠനത്തിന് സഹായം**

തമിഴ് സാഹിത്യത്തിലെ ഉജ്ജ്വലമായ സംഭാവനയാണ് തിരുക്കുറൽ. മഹത്തായ ഈ കൃതിയുടെ പഠന പ്രവർത്തനങ്ങൾക്കും തർജ്ജമയ്ക്കുമായി തമിഴ് പഠനവകുപ്പിന് **2.5 ലക്ഷം രൂപ** അനുവദിക്കുന്നു.

**67. കായൽ ജീവികളുടെ ബാർകോഡ് ലൈബ്രറി സ്ഥാപിക്കും.**

സർവകലാശാലയുടെ അക്വാട്ടിക് ബയോളജി വകുപ്പിൽ കേരളത്തിലെ കായലുകളിലെ ജീവികളുടെ ഡി.എൻ.എ. ബാർകോഡി ങ്ങുള്ള ലൈബ്രറി സ്ഥാപിക്കും. ഇന്ത്യയിലെ ആദ്യത്തെ കായൽജീവികളുടെ ജനി തക ബാർകോഡിങ്ങ് ലൈബ്രറിയായി അത് മാറും. ഇത് കായൽ സംരക്ഷണത്തിനും ജൈവ വൈവിധ്യ സംബന്ധിയായി സ്ഥിതിവിവര ശേഖരത്തിനും സഹായകമാകുമെന്ന് കരുതുന്നു. ഇതിനായി **8 ലക്ഷം രൂപ** വകയിരുത്തുന്നു.

**68. രോമ–ചർമ്മ കോശങ്ങളുടെ തകരാറുകളെക്കുറിച്ചുള്ള പഠനത്തിന് സഹായം നൽകും.**

ചർമ്മരോഗങ്ങളെക്കുറിച്ചും നമ്മുടെ കോശങ്ങളിലെ സന്തുലനാവസ്ഥ നഷ്ടപ്പെട്ട് മുടികൊഴിച്ചി ലടക്കമുള്ള അവസ്ഥകൾ രൂപപ്പെടുന്നത് എന്തുകൊണ്ടെന്നതിനെക്കുറിച്ചും അതു തടയാനാവശ്യമായ സംവി ധാനങ്ങളെക്കുറിച്ചും പഠനഗവേഷണങ്ങൾ സുവോളജി പഠനഗവേഷണവകുപ്പിൽ നടക്കുന്നുണ്ട്. ഈ പഠന ത്തിനാവശ്യമായ രാസപദാർത്ഥങ്ങൾക്കും അനുബന്ധ സൗകര്യവികസനത്തിനുമായി **8 ലക്ഷം രൂപ** അനുവ ദിക്കുന്നു.

**69. 'എവിഡൻസ് ബേയ്സ്ഡ് ഇൻഫെക്ഷൻ പ്രിവൻഷൻ ആന്റ് കൺട്രോൾ' എന്ന വിഷയത്തിൽ ഇന്റർ ഡിസിപ്ലിനറി സർട്ടിഫിക്കറ്റ് കോഴ്സ് തുടങ്ങും.**

സർവകലാശാലയുടെ Advanced Centre for Regenerative Medicine and Stem Cell Research in Cutaneous Biology (ACReM - Stem) ന്റെ നേതൃത്വത്തിൽ പകർച്ചവ്യാധികളെയും പ്രതിരോധമാർഗ്ഗങ്ങ ളെയും കുറിച്ച് അറിവ് പകരുന്ന കാലിക പ്രാധാന്യമുള്ള സർട്ടിഫിക്കറ്റ് പ്രോഗ്രാം സംഘടിപ്പിക്കും. ഇതി നായി **2 ലക്ഷം രൂപ** അനുവദിക്കുന്നു.

**70. ക്ലിനിക്കൽ എംബ്രിയോളജിയിൽ പി.ജി. ഡിപ്ലോമ പ്രോഗ്രാം.**

വന്ധ്യതാ നവീകരണത്തിനുതകുന്ന ചികിത്സാരംഗത്തെ സേവനങ്ങൾക്ക് സഹായകമാകുന്ന തരത്തിൽ ക്ലിനിക്കൽ എംബ്രിയോളജിയിൽ ഒരു പി.ജി. ഡിപ്ലോമ പ്രോഗ്രാം സുവോളജി വകുപ്പിൽ തുടങ്ങും. ഇതിനായി **2 ലക്ഷം രൂപ** അനുവദിക്കുന്നു.

**71 സ്ത്രീസുരക്ഷയ്ക്കും ശാക്തീകരണത്തിനുമായി വനിതാ പഠനകേന്ദ്രത്തിന്റെ പദ്ധതികൾക്ക് സഹായം.**

സർവകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിലും സ്ഥാപനങ്ങളിലും വിദ്യാർത്ഥിനികളുടേയും അദ്ധ്യാപകരുടേയും വനിതാ ജീവനക്കാരുടേയും സുരക്ഷയ്ക്കും ഉന്നമനത്തിനും ഉതകുന്ന വ്യത്യസ്ത പരിപാടികളാണ് സെന്റർ ഫോർ വിമൻസ് സ്റ്റഡീസ് സമർപ്പിച്ചിട്ടുള്ളത്. വിദ്യാർത്ഥിനികളുടെയും വനിതകളുടെയും ഉന്നമനം ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നടപ്പാക്കുന്നതിനായി സെന്റർ ഫോർ വിമൻസ് സ്റ്റഡീസിന് **10 ലക്ഷം രൂപ** അനുവദിക്കുന്നു. സർവകലാശാലയുടെ സ്റ്റുഡന്റ്സ് സർവീസസുമായി ചേർന്ന് പദ്ധതി നടപ്പാക്കും

**72. കേരള സ്റ്റഡീസ് വകുപ്പിലും സെന്റർ ഫോർ പെർഫോമിങ് ആന്റ് വിഷ്വൽ ആർട്സിലും ജേർണലുകൾ തുടങ്ങും.**

അക്കാദമിക മേഖലകളിൽ ശ്രദ്ധേയമായ ഇടപെടൽ സാധ്യമാക്കാനുതകുന്ന രണ്ടു ജേർണലുകൾ സർവകലാശാലയുടെ കേരള സ്റ്റഡീസ് വകുപ്പിലും സെന്റർ ഫോർ പെർഫോമിങ് ആന്റ് വിഷ്വൽ ആർട്സിലുമായി തുടങ്ങും. ഇതിനായി പ്രത്യേക ഫണ്ട് വകയിരുത്തും. ആദ്യ നടപടികൾക്കായി **1.5 ലക്ഷം രൂപ** അനുവദിക്കുന്നു.

**73. ലൈബ്രറി ആന്റ് ഇൻഫർമേഷൻ വകുപ്പിന്റെ കമ്പ്യൂട്ടർ ലാബിന് സഹായം.**

സർവകലാശാലയുടെ ലൈബ്രറി ആന്റ് ഇൻഫർമേഷൻ വകുപ്പിന്റെ കമ്പ്യൂട്ടർ ലാബിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി **2 ലക്ഷം രൂപ** അനുവദിക്കുന്നു.

**74. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ എം.ബി.എ. (എന്റർപ്രണർഷിപ്പ്) തുടങ്ങും.**

സർവകലാശാലയുടെ മാനേജ്മെന്റ് പഠന–ഗവേഷണവിഭാഗത്തിൽ പുതുതായി എം.ബി.എ. (എന്റർപ്രണർഷിപ്പ്) തുടങ്ങും. ഇതിനാവശ്യമായ ക്ലാസ് റൂം സൗകര്യങ്ങൾ ഒരുക്കുന്നതിനു **3 ലക്ഷം രൂപ** അനുവദിക്കുന്നു.

**75. കാമ്പസ് ഡയറക്ടർക്ക് ഓഫീസ്**

ഇതര സർവകലാശാലകളിലേതുപോലെ സർവകലാശാലയുടെ കാര്യവട്ടം കാമ്പസിലും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് കാമ്പസ് ഡയറക്ടറെ നിയമിച്ചിരുന്നു. എന്നാൽ അതിനാവശ്യമായ ഓഫീസ് സംവിധാനം രൂപപ്പെടുത്തിയിരുന്നില്ല. പ്രസ്തുത ആവശ്യത്തിനായി **5 ലക്ഷം രൂപ** അനുവദിക്കുന്നു.

**76. ആർക്കിയോളജി, ഇസ്ലാമിക് ആന്റ് വെസ്റ്റേഷ്യൻ സ്റ്റഡീസ്, ഫിലോസഫി പഠന ഗവേഷണ വകുപ്പുകളുടെ സൗകര്യങ്ങൾ ക്രമീകരിക്കും.**

ആർക്കിയോളജി പഠന വകുപ്പിന്റെ പുതിയ അനക്സ് ബിൽഡിംഗ് കൂടി പൂർത്തിയാകുന്നതോടെ ആ ബ്ലോക്കിലെ പഠനവകുപ്പുകളുടെ ക്ലാസ് മുറി സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനും ആ ബിൽഡിങ്ങിലെ ഇതര വകുപ്പുകൾക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി **10 ലക്ഷം രൂപ** അനുവദിക്കുന്നു.

**77. 'ഗണിത ഗരിമ' സംഘടിപ്പിക്കും.**

ഗണിത ശാസ്ത്രരംഗത്തെ പ്രമുഖരെ പങ്കെടുപ്പിച്ച് നടത്തുന്ന ഗണിത ഗവേഷകരുടേയും ശാസ്ത്രജ്ഞരുടേയും സംഗമത്തിന് ഗണിത ശാസ്ത്രവകുപ്പ് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഗണിത പഠന ഗവേഷണത്തിന് മുതൽക്കൂട്ടാവുന്ന പ്രസ്തുത 'ഗണിത ഗരിമ'യ്ക്ക് **1 ലക്ഷം രൂപ** അനുവദിക്കുന്നു.

**78. ഒപ്റ്റോ ഇലക്ട്രോണിക്സിൽ റിസർച്ച് ലാബിന്റെ വികസനത്തിന് സഹായം.**

ഒപ്റ്റോ ഇലക്ട്രോണിക്സ് പഠന വകുപ്പിന്റെ റിസർച്ച് ലബോറട്ടറികൾക്ക് കൂടുതൽ സൗകര്യങ്ങൾ ആവശ്യമായി വരുന്നു. ഇത് പരിഹരിക്കാനായി **5 ലക്ഷം രൂപ** അനുവദിക്കുന്നു.

**79. മനോന്മണിയം സുന്ദരനാർ സെന്റർ ഫോർ ദ്രവീഡിയൻ കൾച്ചറൽ സ്റ്റഡീസിന് ഗവേഷണ സഹായം.**

സർവകലാശാലയുടെ മാനുസ്ക്രിപ്റ്റ് ലൈബ്രറിയിലുള്ള സംഘകാല കൃതികളായ പതിറ്റുപ്പത്ത്, പുറംനാനൂറ്, അകംനാനൂറ് തുടങ്ങിയ പ്രശസ്തമായ കൃതികൾ കേരള ചരിത്രത്തെ അടയാളപ്പെടുത്തുന്നവയാണ്. ഇവയുടെ പഠനത്തിനും പുസ്തക പ്രസിദ്ധീകരണത്തിനുമായുള്ള ഗവേഷണ പദ്ധതിക്കായി സെന്ററിന് **3 ലക്ഷം രൂപ** അനുവദിക്കുന്നു.

**80. ഔഷധമൂല്യമുള്ള 'ഞവര' അരിയുടെ ഗവേഷണം പ്രോത്സാഹിപ്പിക്കും.**

പരമ്പരാഗത രീതിയിൽ കൃഷിചെയ്തുവരുന്ന ഔഷധമൂല്യമുള്ള കേരളത്തിന്റെ 'ഞവര' അരി നൂതന ശാസ്ത്രസാങ്കേതിക വിദ്യയായ 'നെക്സ്റ്റ് ജനറേഷൻ ഹോൾ ജീനോം സ്വീക്കൻസിംഗ് ടെക്നോളജി' ഉപയോഗിച്ച് ഗവേഷണം നടത്തുകയാണ്. ഇത് നെല്ല് ഗവേഷണത്തിന് പുതിയ വഴികൾ സമ്മാനിക്കും. പ്രസ്തുത ഗവേഷണ പ്രവർത്തനത്തിന് **8 ലക്ഷം രൂപ** അനുവദിക്കുന്നു.

**81. ലിംഗ്വസ്റ്റിക് പഠന വകുപ്പിന്റെ ലാബ് നവീകരിക്കും.**

ലിംഗ്വസ്റ്റിക് വകുപ്പിന്റെ ലാംഗ്വേജ് ലാബിന്റെ നവീകരണത്തിനും വികസനത്തിനുമായി **4 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.

**82. സുവോളജി പഠനവകുപ്പിൽ പുതിയ പ്രോഗ്രാം.**

മെഡിക്കൽ എൻഡമോളജി സ്പെഷലൈസേഷനോടെ ഒരു പി.ജി. പ്രോഗ്രാം തുടങ്ങുന്നത് കാലിക പ്രാധാന്യമുള്ള ഇടപെടീലാണ്. സുവോളജി പഠന–ഗവേഷണ വകുപ്പ് നിർദ്ദേശിച്ച M.Sc. Zoology (Specialisation in Medical Endomolgy) എന്ന പ്രോഗ്രാം ഒട്ടേറെ സാധ്യതകളുള്ളതും സാമൂഹികമായ

ആവശ്യവുമാണ്. പ്രസ്തുത പ്രോഗ്രാം തുടങ്ങുന്നതിനും പ്രാരംഭ സംവിധാനങ്ങൾ ഒരുക്കുന്നതിനുമായി **4 ലക്ഷം രൂപ** അനുവദിക്കുന്നു.

**83. മലയാള വിഭാഗത്തിന്റെ ലൈബ്രറി വികസനത്തിന് 5 ലക്ഷം രൂപകൂടി അനുവദിക്കുന്നു.**

സർവകലാശാലയുടെ കഴിഞ്ഞ ബഡ്ജറ്റിൽ വകയിരുത്തിയ പ്രവർത്തനങ്ങളെ തുടർന്നുള്ള ലൈബ്രറി വികസനം പൂർത്തിയാക്കാൻ വകുപ്പ് 5 ലക്ഷം രൂപ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. ലൈബ്രറി വികസന പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനായി **5 ലക്ഷം രൂപകൂടി** അനുവദിക്കുന്നു.

**84. സർവകലാശാലയുടെ സംഗീത പഠനവിഭാഗത്തിന്റെ പരിസര സംരക്ഷണത്തിന് സഹായം.**

ഒറ്റപ്പെട്ടുകിടക്കുന്ന പഠനവകുപ്പാണ് സർവകലാശാലയുടെ സംഗീത പഠനവിഭാഗം. ഭൗതിക സൗകര്യ വികസനവും അറ്റകുറ്റപ്പണികളും നടത്തുന്നതിനും പരിസരം വികസിപ്പിക്കുന്നതിനും നടപടികൾ ഉണ്ടാവണമെന്ന് വകുപ്പ് മേധാവി അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിനായി **5 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.

**85. പി. എഫ്. കുടിശ്ശിക**

സർക്കാർ നിർദ്ദേശപ്രകാരം 2020–21 വർഷംവരെ കുടിശ്ശിക ഇനത്തിൽ 46.50 കോടി രൂപ പി. എഫ്. അക്കൗണ്ടിലേക്ക് തിരിച്ചടക്കുകയുണ്ടായി. ബാക്കി കുടിശ്ശിക തീർക്കുന്നതിനായി 2021–22 ൽ പദ്ധതിയിതര ഇനത്തിൽ വകയിരുത്തി **3 കോടി രൂപ** അക്കൗണ്ടിലേക്ക് മാറ്റും.

**86. പെൻഷൻ റിസർവ് ഫണ്ട്**

2016–17 സാമ്പത്തിക വർഷം ആരംഭിച്ച പെൻഷൻ ഫണ്ടിലേക്ക് ഇതുവരെ 440 കോടി രൂപ ട്രഷറിയിലേക്ക് നിക്ഷേപിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷവും പദ്ധതിയിതര ഇനത്തിൽ ഉൾപ്പെടുത്തി **10 കോടി രൂപ** പ്രസ്തുത ഫണ്ടിലേക്ക് വകയിരുത്തുന്നു. ഇതുകൂടാതെ യൂണിവേഴ്സിറ്റിയുടെ ജനറൽ ഫണ്ടിൽനിന്ന് **100 കോടി രൂപ** ട്രഷറിയിലെ പെൻഷൻ ഫണ്ടിലേക്ക് സ്ഥിരനിക്ഷേപമായി മാറ്റുവാനുള്ള നിർദ്ദേശംകൂടി സമർപ്പിക്കുന്നു.

**87. കാര്യവട്ടം കാമ്പസിൽ ആധുനിക സംവിധാനങ്ങളുള്ള കാന്റീൻ സ്ഥാപിക്കും.**

മികച്ച സൗകര്യമുള്ള കാന്റീന്റെ കുറവ് കാമ്പസിൽ വലിയ ബുദ്ധിമുട്ടുകളാണ് സൃഷ്ടിക്കുന്നത്. കഴിഞ്ഞ ബഡ്ജറ്റിൽ കാന്റീൻ കെട്ടിടത്തിന്റെ നിർമ്മാണത്തിന് നടപടികൾ സ്വീകരിച്ചിരുന്നു. എല്ലാ സൗകര്യങ്ങളുമുള്ള കാന്റീൻ സ്ഥാപിക്കുന്നതിന് **50 ലക്ഷം രൂപ** വകയിരുത്തുന്നു.

**88. മാർക്സിയൻ സ്റ്റഡീസെന്റർ വിപുലീകരിക്കും.**

സമസ്ത ജീവിത വിഷയങ്ങൾക്കും എക്കാലത്തെയും കരുത്തുള്ള ആശയവും വഴിയുമാണ് മാർക്സിയൻ ആശയങ്ങളും ചിന്തകളും. സർവകലാശാലയുടെ മാർക്സിയൻ പഠനകേന്ദ്രം ഈ സാധ്യതകൾ പഠനവിധേയമാക്കാനും വിവിധ മേഖലകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും കഴിയുന്ന തരത്തിൽ സംഘടിപ്പിക്കും.സെന്ററിന്റെ പേര് 'അന്താരാഷ്ട്ര മാർക്സിയൻ പഠനഗവേഷണ കേന്ദ്രം' എന്ന് പുനർനാമകരണം ചെയ്യുകയാണ്. വൈവിധ്യമാർന്ന പരിപാടികളും ഗവേഷണ പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നതിനും സെന്ററിന്റെ ഭൗതിക വികസനം, ലൈബ്രറി ഇതര പ്രവർത്തനങ്ങൾ, ഇവക്കെല്ലാമായി **25 ലക്ഷം രൂപ** അനുവദിക്കുന്നു.

**89. കാര്യവട്ടം കാമ്പസിൽ ജിംനേഷ്യം ഒരുക്കും.**

എല്ലാ വിദ്യാർത്ഥികൾക്കും അദ്ധ്യപക, അദ്ധ്യപകേതര ജീവനക്കാർക്കും ഉപയോഗിക്കാനാകുന്ന തരത്തിൽ കാര്യവട്ടം കാമ്പസിൽ ജിംനേഷ്യം സ്ഥാപിക്കം ഇതിനായി **25 ലക്ഷം** വകയിരുത്തുന്നു.

**90. ക്വാർട്ടേഴ്സുകളുടെ അറ്റകുറ്റപ്പണിയ്ക്കും ഷീറ്റ് റൂഫിങ്ങി നുമായി സംവിധാനം ഒരുക്കും.**

ക്വോർട്ടേഴ്സുകളുടെ അറ്റകുറ്റപ്പണിയ്ക്കും കോൺക്രീറ്റ് ക്വോർട്ടേഴ്സുകൾക്ക് ഷീറ്റ് റൂഫിങ്ങും നിർമ്മിക്കുന്നതിനായി **60 ലക്ഷം രൂപ** വകയിരുത്തുന്നു.

**91. കാമ്പസ് സെക്യൂരിറ്റി വിപുലമാക്കും.**

കൂടുതൽ ചെക്ക്പോസ്റ്റുകൾ സ്ഥാപിച്ചും വാക്കിടോക്കികളും ഇതര സംവിധാനങ്ങൾ ഒരുക്കിയും കാര്യവട്ടം, പാളയം കാമ്പസുകളിലെ സെക്യൂരിറ്റി സംവിധാനം ശക്തമാക്കും. ഇതിനായി **20 ലക്ഷം രൂപ** വകയിരുത്തുന്നു.

**92. ഹോസ്റ്റലുകളിൽ പൂന്തോട്ടം ഒരുക്കും.**

സർവകലാശാലയുടെ വഴുതക്കാട്, കാര്യവട്ടം ഹോസ്റ്റലുകളിൽ ലോണും പൂന്തോട്ടവും വിദ്യാർത്ഥികളുടെ വിശ്രമ ബഞ്ചുകളും സ്ഥാപിക്കുന്നതിന് **20 ലക്ഷം രൂപ** വകയിരുത്തുന്നു.

**93. സർവകലാശാല സ്റ്റുഡന്റ്സ് അമിനിറ്റി സെന്റർ പൂർണതോതിൽ സജ്ജമാക്കും.**

മുൻ രാഷ്ട്രപതിയും പൂർവ്വ വിദ്യാർത്ഥിയുമായ ശ്രീ. കെ. ആർ. നാരായണന്റെ സ്മരണാർത്ഥം സ്ഥാപിച്ച സ്റ്റുഡന്റ്സ് അമിനിറ്റി സെന്ററിന്റെ സൗകര്യങ്ങൾ കൂടുതൽ ഉപയോഗപ്രഥമാക്കുന്നതിനും വിദ്യാർത്ഥികൾക്ക് എല്ലാ സേവനങ്ങൾ ലഭ്യമാകുന്നതരത്തിൽ വികസിപ്പിക്കുന്നതിനും അതിന്റെ മറ്റു സൗകര്യങ്ങൾ പൂർത്തീകരിച്ച് ഉപയോഗപ്രദമാക്കുന്നതിനുമായി **50 ലക്ഷം രൂപ** അനുവദിക്കുന്നു.

**94. പാളയം കാമ്പസും പൂന്തോട്ടവും അറ്റകുറ്റപ്പണികൾ തീർത്ത് മോടിപിടിപ്പിക്കും.**

പാളയം കാമ്പസ് മോടിപിടിപ്പിക്കുന്നതിനും പൂന്തോട്ടം പുതുക്കി നിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനുമായി **30 ലക്ഷം രൂപ** അനുവദിക്കുന്നു.

**95. വൈസ്ചാൻസിലർ, പ്രോ–വൈസ്ചാൻസിലർ, രജിസ്ട്രാർ ഓഫീസുകളും സിൻഡിക്കേറ്റ് ഹാളും ഏകീകരിച്ച് നവീകരിക്കും.**

കൂടുതൽ ഉപയോഗപ്രദമാകുന്ന തരത്തിൽ വൈസ്ചാൻസിലർ ഓഫീസ്, കോൺഫറൻസ് ഹാൾ, പി. വി.സി. ഓഫീസ് രജിസ്ട്രാർ ഓഫീസ്, സിൻഡിക്കേറ്റ് ഹാൾ എന്നിവ ഒന്നാം നിലയിൽ ക്രമീകരിച്ച് പുനഃസംഘടിപ്പിക്കുന്നതിനും നവീകരിക്കുന്നതിനുമായി **50 ലക്ഷം രൂപ** വകയിരുത്തുന്നു.

**96. പാളയം കാമ്പസിൽ പുതിയ ഗസ്റ്റ് ഹൗസ്**

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് ഉൾപ്പെടെയുള്ള പഠനവകുപ്പുകൾ കാര്യവട്ടത്തേക്ക് മാറ്റുന്ന മുറക്ക് ഒഴിവു വരുന്ന കെട്ടിടം നവീകരിച്ച് ഒരു പുതിയ ഗസ്റ്റ് ഹൗസ് ആക്കി മാറ്റാനും ഒരു ഹാൾ അതിന്റെ ചരിത്ര മുൾപ്പെടെ രേഖപ്പെടുത്തിയിട്ടുള്ള വിശ്രമഹാളാക്കി മാറ്റുന്നതിനും തീരുമാനിക്കുന്നു.

**97. കാര്യവട്ടത്തും പാളയത്തും എഫ്. എം. സ്റ്റേഷൻ ഉൾപ്പെടെയുള്ള നവീകരിച്ച കോഫീഷോപ്പുകൾ തുടങ്ങും.**

സർവകലാശാലയുടെ പാളയം കാമ്പസിലും കാര്യവട്ടത്തും നവീകരിച്ച കോഫീഷോപ്പുകൾ തുട ങ്ങും. എഫ്. എം. റേഡിയോ സംവിധാനവും ഏർപ്പെടുത്തും. ഇതിനായി **20 ലക്ഷം രൂപ** വകയിരുത്തുന്നു.

**98. കാമ്പസ് ലൈബ്രറി നവീകരിക്കും. ഓപ്പൺ ലിഫ്ട് സജ്ജീകരിക്കും.**

കാര്യവട്ടം കാമ്പസിലെ ലൈബ്രറി മാതൃകാ ലൈബ്രറി എന്നനിലയിൽ നവീകരിക്കുന്നതിനും മുന്നിൽ ഓപ്പൺ ലിഫ്ട് സജ്ജമാക്കുന്നതിനും നടപടി സ്വീകരിക്കും. ഇതിനായി **25 ലക്ഷം രൂപ** വകയിരുത്തുന്നു.

**99. മാനുസ്ക്രിപ്റ്റ് ലൈബ്രറി നവീകരിക്കും.**

അമൂല്യമായ താളിയോലകളുടെ സൂക്ഷിപ്പ് കേന്ദ്രം കൂടിയായ സർവകലാശാലയുടെ മാനുസ്ക്രിപ്റ്റ് ലൈബ്രറിയുടെ നവീകരണത്തിന് **5 ലക്ഷം രൂപ** അനുവദിക്കുന്നു.

**100. കേരള പഠന വകുപ്പിന് സഹായം.**

പുതുതായി തുടങ്ങിയ കേരള പഠന ഗവേഷണ വകുപ്പിന് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനായി **10 ലക്ഷം രൂപ** അനുവദിക്കുന്നു.

**101. അക്കേഷ്യ തൈകൾ മുറിച്ചുമാറ്റും.**

കാര്യവട്ടം കാമ്പസിൽ പടർന്നു കയറുന്ന അക്കേഷ്യയുടെ തൈകൾ നീക്കംചെയ്ത് ഫലവൃക്ഷങ്ങൾ നടുന്ന സ്ഥിരംസംവിധാനം ഏർപ്പെടുത്തും. ഇതിനായി **15 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.

**102. യു.എസ്.ഐ.സി. മെക്കാനിക്കൽ വർക്ഷോപ്പ് ഉപയോഗപ്രദമാക്കും.**

സർവകലാശാലയുടെ പഴയ യു.എസ്.ഐ.സി. യിലുള്ള വർക്ഷോപ്പിന്റെ നവീകരണത്തിനായി **15 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു. ഈ തുക ഡ്രസ്വർക്കിനും മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനും നില വിലുള്ള ഉപകരണങ്ങളുടെ റിപ്പയർ വർക്കുകൾക്കുമായി ഉപയോഗിക്കാവുന്നതാണ്. ഇതിലൂടെ ചെറിയ ഉപ കരണങ്ങളുടെ ഫാബ്രിക്കേഷനും മറ്റു പഠന ഗവേഷണ സ്ഥാപനങ്ങൾക്കാവശ്യമായ വസ്തുക്കൾ രൂപീകരി ക്കുവാനും സാധിക്കും. ഈ നവീകരണത്തിലൂടെ പഠനഗവേഷണ സ്ഥാപനങ്ങളുടെ ഗവേഷണത്തിന് ആവ ശ്യമായ ഫാബ്രിക്കേഷൻ പ്രക്രിയകൾ ചെയ്യുന്നതിന് സഹായകമാകുമെന്ന് കരുതുന്നു.

**103. യൂണിവേഴ്സിറ്റി പ്രസ്സും പബ്ലിക്കേഷൻ വിഭാഗവും കൂടുതൽ ശക്തമാക്കും.**

കൂടുതൽ പ്രസിദ്ധീകരണം സാധ്യമാകുന്ന തരത്തിൽ സർവകലാശാലയുടെ പ്രസിദ്ധീകരണവിഭാ ഗവും സർവകലാശാല പ്രസ്സിന്റെ പ്രവർത്തനവും ശക്തമാക്കും. ഇതിന്റെ ആവശ്യത്തിനായി **8 ലക്ഷം രൂപ** അനുവദിക്കുന്നു.

**104. യു.ഐ.ടി., യു.ഐ.എം., ബി. എഡ്. കോളേജുകൾ എന്നിവയ്ക്കു കൂടുതൽ സൗകര്യം ഒരുക്കും.**

സ്വാശ്രയാടിസ്ഥാനത്തിൽ സർവകലാശാല നേരിട്ട് നടത്തുന്ന യു.ഐ.ടി., യു.ഐ.എം., ബി. എഡ്. കോളേജുകളുടെ ഭൗതിക വികസനത്തിന് പര്യാപ്തമായ ഫർണിച്ചർ, കമ്പ്യൂട്ടർ, ഇതര പഠന ഉപകരണങ്ങൾ ലൈബ്രറി പുസ്തകങ്ങൾ ഉൾപ്പെടെ വാങ്ങിനൽകും. സൗകര്യ വികസനത്തിനുമായി **1 കോടി രൂപ** വകയിരു ത്തുന്നു.

**105. യൂണിവേഴ്സിറ്റി ഇഞ്ചിനീയറിംഗ് കോളേജിന് സഹായം നൽകും.**

യൂണിവേഴ്സിറ്റി ഇഞ്ചിനീയറിംഗ് കോളേജിന്റെ ലബോറട്ടറി സൗകര്യ വികസനത്തിന് **4 ലക്ഷം രൂപ** അനുവദിക്കുന്നു.

**106. കുട്ടനാട്ടിൽ ജൈവകീട പ്രതിരോധം**

നെല്ലിന്റെ കലവറയായ കുട്ടനാട്ടിലെ ജൈവ കൃഷിയിൽ കാലാവസ്ഥ വ്യതിയാനംമൂലം പെരുകുന്ന പുതിയതരം കീടങ്ങൾ സാരമായ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്. രാസപ്രയോഗം ഉണ്ടാക്കാവുന്ന ബുദ്ധി മുട്ടുകൾ കണക്കിലെടുത്തു ജൈവകീട നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയാണ് ബദൽ വഴി. ഇതിനാവശ്യ മായ പഠനസംവിധാനങ്ങൾക്കും ഗവേഷണങ്ങൾക്കുമായി സർവകലാശാലയുടെ സുവോളജി പഠന ഗവേ ഷണ വകുപ്പിന് **4 ലക്ഷം രൂപ** അനുവദിക്കുന്നു.

**107. യംങ് സ്കോളേഴ്സ് സമ്മിറ്റ് സംഘടിപ്പിക്കും**

രാജ്യത്തെ വിവിധ സർവകലാശാലകളിലെ ഗവേഷക പ്രതിഭകളുടെ തിരഞ്ഞെടുക്കപ്പെടുന്ന പ്രബന്ധ ങ്ങൾ അവതരിപ്പിക്കുകയും വിവിധ മേഖലകളിലെ മികച്ചവയ്ക്കു 1 ലക്ഷം രൂപ വീതം സമ്മാനം നൽകു കയും ചെയ്യുന്ന യുവശാസ്ത്ര പ്രതിഭാ സംഗമം കേരള സർവകലാശാല സംഘടിപ്പിക്കും. ഇതിനായി **30 ലക്ഷം രൂപ** അനുവദിക്കുന്നു. നമ്മുടെ സയൻസ് ഗവേഷണ മേഖലയുടെ വളർച്ചയ്ക്ക് ഇത് കൂടുതൽ വഴിക ളൊരുക്കുമെന്ന് കരുതുന്നു.

**108. സർവകലാശാല സംഗീത പഠനഗവേഷണ വകുപ്പിന് റിക്കാർഡിംഗ് സ്റ്റുഡിയോ.**

സർവകലാശാലയുടെ സംഗീത പഠനഗവേഷണ വകുപ്പിന് ഒരു റിക്കാർഡിംഗ് സ്റ്റുഡിയോ എന്ന ആവശ്യം ഏറെക്കാലത്തേതാണ്. പഠനവകുപ്പിന്റെ നിരവധി സാമൂഹിക സമ്മാനങ്ങൾക്ക് കാരണമാക്കാവുന്ന ഈ പദ്ധതി നടപ്പാക്കുന്നതിന് **17 ലക്ഷം രൂപ** അനുവദിക്കുന്നു.

**109. വിദൂര വിദ്യാഭ്യാസ പഠനവകുപ്പിന് സഹായം**

അക്കാദമിക പ്രവർത്തനങ്ങളുടെ വികസനത്തിനും നവീകരണത്തിനും അനുബന്ധ പദ്ധതികൾക്കു മായി സർവകലാശാലയുടെ സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷന് **25 ലക്ഷം രൂപ** അനുവദിക്കുന്നു.

**110. കാര്യവട്ടം കാമ്പസിലെ പഴയ ലൈബ്രറി കെട്ടിടം നവീകരിക്കും.**

കാര്യവട്ടം കാമ്പസിന് മുന്നിലുള്ള പഴയ ലൈബ്രറി കെട്ടിടം നവീകരിച്ച് സൗകര്യപ്രദമാക്കുന്നതിന് നടപടികൾ സ്വീകരിക്കും. ഇതിനായി **10 ലക്ഷം രൂപ** അനുവദിക്കുന്നു.

**111. ജീവനക്കാരുടെ വിശ്രമകേന്ദ്രം നവീകരിക്കും**

വനിതകളുടെയും മറ്റ് ജീവനക്കാരുടെയും വിശ്രമകേന്ദ്രം നവീകരിക്കും. ഇതിനായി **5 ലക്ഷം രൂപ** വകയിരുത്തുന്നു.

**112. കാര്യവട്ടം കാമ്പസിലെ ക്വാർട്ടേഴ്സുകൾക്കു സമീപം പാർക്ക് സ്ഥാപിക്കും.**

കാമ്പസ് അസോസിയേഷൻ ഹാളിനും വി.സി ക്വാർട്ടേഴ്സിനും സമീപത്തായി കുട്ടികൾക്കും ജീവന ക്കാർക്കും കുടുംബാഗങ്ങൾ വിശ്രമിക്കാനാകുന്ന തരത്തിൽ എല്ലാ സംവിധാനങ്ങളുമുള്ള ഒരു പാർക്ക് സ്ഥാപിക്കും ഇതിനായി **25 ലക്ഷം രൂപ** വകയിരുത്തുന്നു.

**113. മീറ്റ് ദി സ്കോളേഴ്സ്, ട്രാവൽ ത്രൂ നോബൽ വിന്നേഴ്സ് പദ്ധതി തുടരും.**

മഹത്വത്തെ അനുഭവിക്കാനും അറിയാനുമുള്ള സാധ്യതകളൊരുക്കുന്ന മീറ്റ് ദി സ്കോളേഴ്സ്, ട്രാവൽ ത്രൂ നോബൽ വിന്നേഴ്സ് തുടങ്ങിയ പദ്ധതികൾ തുടരും. ഇതിനായി **20 ലക്ഷം രൂപ** അനുവദിക്കുന്നു.

**114. ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് ഗവേഷകർക്ക് സഹായം.**

സർവകലാശാലയിലെ ഗവേഷകർക്ക് അംഗീകാരമുള്ള ദേശീയ അന്തർദ്ദേശീയ പ്രസിദ്ധീകരണങ്ങ ളിൽ അക്കാദമിക ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് സഹായം നൽകും. ഇതിനായി **20 ലക്ഷം രൂപ** അനുവദിക്കുന്നു.

**115. ഗവേഷണ ഗൈഡുകൾക്ക് സ്റ്റാർട് അപ് ഗ്രാന്റ് നൽകും.**

പുതുതായി നിയമിതരാകുന്ന കേരള സർവകലാശാലയിലെ ഗവേഷണ ഗൈഡുകൾക്ക് റിസർച്ച് സ്റ്റാർട് അപ്പുകൾ തുടങ്ങുന്നതിന് ഗ്രാന്റ് നൽകും. ഇതിനായി **25 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.

**116 മാത്സ്, സ്റ്റാറ്റിസ്റ്റിക്സ് പഠന ഗവേഷണ വകുപ്പുകൾക്ക് അനക്സ് ബിൽഡിംഗ് പണിയും.**

പുതിയ കോഴ്സുകൾ കൂടി തുടങ്ങിയതോടെ സ്ഥലസൗകര്യത്തിൽ ബുദ്ധിമുട്ടുന്ന മാത്സ്, സ്റ്റാറ്റി സ്റ്റിക്സ് പഠന ഗവേഷണ വകുപ്പുകൾക്കായി ഒരു അനക്സ് കെട്ടിടം പണിയും. ഇതിനായി **50 ലക്ഷം രൂപ** മാറ്റിവയ്ക്കുന്നു.

**117. റിസർച്ച് ഇൻഡഗ്രേറ്റഡ് പി.ജി. പ്രോഗ്രാമുകൾ തുടങ്ങും.**

സർവകലാശാല പഠന വകുപ്പുകളിൽ റിസർച്ച് ഇൻഡഗ്രേറ്റഡ് മൂന്നു വർഷ പി.ജി. പ്രോഗ്രാമുകൾ തുടങ്ങും. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി **10 ലക്ഷം രൂപ** അനുവദിക്കുന്നു.

**118. യു.ജു.സി. 'NAAC' അക്രഡിറ്റേഷനായി സർവകലാശാലയെ സജ്ജമാക്കും.**

'ചഅഅഇ' അക്രഡിറ്റേഷനുള്ള നടപടികളിലാണ് കേരള സർവകലാശാല. അതിന് സഹായകമാകുന്ന തരത്തിൽ ഡിപ്പാർട്ട്മെന്റുകളുടെ ഭൗതിക വികസന പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റ് എസ്റ്റിമേറ്റിൽ അനുവദി ച്ച 1.50 കോടി രൂപ കൂടാതെ **1.5 കോടി രൂപ** കൂടി നീക്കിവയ്ക്കുന്നു.

**119. പാരിസ്ഥിതിക ലോല പ്രദേശങ്ങളിലെ ദുരന്ത നിവാരണ പഠനത്തിന് സഹായം നൽകും.**

കേരളം ഏറ്റവും കൂടുതൽ ഭയക്കുന്ന പ്രകൃതി ദുരന്തങ്ങളിലൊന്ന് ഉരുൾപൊട്ടലാണ്. ഇടുക്കി പെട്ടിമു ടിയിലെ ദുരന്തം മുന്നിൽ നിൽക്കുകയാണ്. പെട്ടിമുടിയിലെ ഉരുൾപൊട്ടലിന്റെ പാരിസ്ഥിതിക പ്രശ്നങ്ങളും നമ്മുടെ സംവിധാനങ്ങളെക്കുറിച്ചും പഠിച്ചുകൊണ്ട് പശ്ചിമഘട്ടമേഘലയെ സംബന്ധിച്ച് ബോധവല്ക്കരണ നിർദ്ദേശ ങ്ങൾ രൂപപ്പെടുത്താനും ഉരുൾപൊട്ടൽ മൂലമുണ്ടാകുന്ന അസാധാ രണമായ 'ലാൻഡ്സ്കേപ്പ്'മാറ്റങ്ങളെക്കുറിച്ച് അന്വേഷണം നടത്തുന്നതിനുമുള്ള സർവകലാശാല ജിയോളജി പഠന, ഗവേഷണ വകുപ്പിന്റെ പദ്ധതിക്ക് **6 ലക്ഷം രൂപ** അനുവദിക്കുന്നു.

**120. സെന്റർഫോർ ബയോഡൈവേഴ്സിറ്റി കൺസർവേഷൻ സെന്റർ വികസിപ്പിക്കും.**

ഇന്റർനാഷണൽ സെന്റർഫോർ ബയോഡൈവേഴ്സിറ്റി കൺസർവേഷൻ സെന്ററിന്റെ ഭൗതിക വികസനത്തിന് **5 ലക്ഷം രൂപ** അനുവദിക്കുന്നു.

**121. സർവകലാശാല ഹെൽത്ത് സെന്റർ പ്രവർത്തനം സജ്ജമാക്കും**

പാളയത്തെയും കാര്യവട്ടത്തെയും സർവകലാശാല ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമാക്കും. ഡോക്ടറെ പുതുതായി നിയമിച്ചുകഴിഞ്ഞിരിക്കുന്നു. ഇതര സജ്ജീകരണ ങ്ങൾക്കും മരുന്നുകൾക്കുമായി **5 ലക്ഷം രൂപ** വകയിരുത്തുന്നു.

**122. 'ടീച്ചേഴ്സ് ലോഞ്ച്' ഫലപ്രദമായി പ്രവർത്തിപ്പിക്കും.**

വിവിധ ആവശ്യങ്ങൾക്കായി സർവകലാശാലയിൽ എത്തുന്ന അഫിലിയേറ്റഡ് കോളേജുകളിലെയും സ്ഥാപനങ്ങളിലെയും അദ്ധ്യാപകർ, പഠനവകുപ്പുകളിലെ അദ്ധ്യാപകർ, വിരമിച്ച അദ്ധ്യാപകർ എന്നിവർക്ക് വിശ്രമിക്കാനുതകുന്ന തരത്തിൽ ഒരു 'ടീച്ചേഴ്സ് ലോഞ്ച്' കൂടുതൽ ഫലപ്രദമായി പ്രവർത്തിപ്പിക്കും. ഇതി നായി **4 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.

**123. കാര്യവട്ടം കാമ്പസിൽ കുടിവെള്ളം ശുദ്ധീകരണ പദ്ധതി.**

കാര്യവട്ടം കാമ്പസിലെ പഠന ഗവേഷണ വകുപ്പുകളിലും അദ്ധ്യാപകരുടെയും ജീവനക്കാരുടെയും ക്വാർട്ടേഴ്സുകളിലും വിതരണത്തിന് കാമ്പസിലെ കിണറുകളിൽനിന്നും പമ്പ് ചെയ്യുന്ന വെള്ളം ഉപയോഗി ച്ചുവരുന്നുണ്ട്. ഈ വെള്ളത്തിന്റെ ശുദ്ധത ഉറപ്പ് വരുത്തുന്നതിനും ജലശുദ്ധീകരണത്തിനുമായി പദ്ധതി നട പ്പിലാക്കും. കുടിവെള്ള ശുദ്ധീകരണ പദ്ധതിക്കായി ആദ്യഘട്ടത്തിൽ **25 ലക്ഷം രൂപ** വകയിരുത്തുന്നു.

**124. പഠന വകുപ്പുകളിലും ഹോസ്റ്റലുകളിലും വേസ്റ്റ് ട്രീറ്റ്മെന്റ് സംവിധാനം ഏർപ്പെടുത്തും.**

സർവകലാശാല ഹോസ്റ്റലുകളിലും പഠന വകുപ്പുകളിലും മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെ ടുത്തുന്നതിനും ഖര മാലിന്യങ്ങളുടെ സംഭരണത്തിനും സംസ്കരണത്തിനുമായി പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിനുമുള്ള പദ്ധതി നടപ്പിലാക്കും. ഈ പദ്ധതിയുടെ നടത്തിപ്പിനായി **10 ലക്ഷം രൂപ** പ്രാരംഭ ചിലവുകൾക്ക് വകയിരുത്തുന്നു.

**125. ജീവനക്കാരുടെ റിക്രിയേഷൻ ക്ലബ്ബിന് കൂടുതൽ സൗകര്യം.**

നാനൂറോളം ജീവനക്കാരും അദ്ധ്യാപകരും പണിയെടുക്കുന്ന കാര്യവട്ടം കാമ്പസിൽ ജീവനക്കാർക്കാവശ്യമായ റിക്രിയേഷൻ സൗകര്യങ്ങൾ പരിമിതമാണ്. റിക്രിയേഷൻ ക്ലബ്ബിന്റെ നവീകരണത്തിനും പ്രവർത്തനങ്ങൾക്കുമായി **5 ലക്ഷം രൂപ** വകയിരുത്തുന്നു.

**126. വിവിധ സെക്ഷനുകളുടെ ഭൗതിക സൗകര്യ വികസനത്തിന് സഹായം.**

സർവകലാശാലയുടെ വിവിധ അഡ്മിനിസ്ട്രേറ്റീവ് സെക്ഷനുകളുടെ ഭൗതിക സൗകര്യ വികസനത്തിന് **20 ലക്ഷം രൂപ** അനുവദിക്കുന്നു.

**127. സ്റ്റാർട്ടപ്പിന് പ്രത്യേക കേന്ദ്രം.**

സർവകലാശാലയിൽ സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം നൽകാനായി ഓഫീസും കോൺഫറൻസ് ഹാളും അടക്കമുള്ള സൗകര്യങ്ങളോടുകൂടിയ ഒരു കേന്ദ്രം തുടങ്ങും. സൗകര്യ വികസനത്തിന് **10 ലക്ഷം രൂപ** അനുവദിക്കുന്നു.

**128. കെ.യു. പാഠശാല**

കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 'കെ.യു. പാഠശാല'യുടെ പ്രവർത്തനം വിപുലീകരിക്കും. മികച്ച അക്കാദമിക വീഡിയോകളുടെ വിപുല ശേഖരം ഉണ്ടാക്കും. പ്രവർത്തനങ്ങൾക്കായി **5 ലക്ഷം രൂപ** അനുവദിക്കുന്നു.

**129. ഗവേഷണ സെന്ററുകളിൽ ജേണലുകൾക്ക് സഹായം**

സർവകലാശാലയുടെ വിവിധ കോളേജുകളിലെ ഗവേഷണ സെന്ററുകളിൽ അക്കാദമിക ജേണലുകൾ പ്രസിദ്ധീകരിക്കുന്നതിന് റിസേർച്ച് ഗ്രാന്റായി **20 ലക്ഷം രൂപ** വകയിരുത്തുന്നു.

**130. യൂത്ത് ഹോസ്റ്റൽ നവീകരിക്കും**

സർവകലാശാലയുടെ യൂത്ത് ഹോസ്റ്റൽ നവീകരിച്ച് സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കും. ഇതിനായി **20 ലക്ഷം രൂപ** അനുവദിക്കുന്നു.

**131. അക്കാദമിക സെന്ററുകൾ ഒരു കുടക്കീഴിലാക്കും.**

സർവകലാശാല പഠനവകുപ്പുകളിലെ എല്ലാ അക്കാദമിക സെന്ററുകളുടെയും പ്രവർത്തനങ്ങൾ വിപുലപ്പെടുത്താനും പറ്റുന്നവയെ പരസ്പരം ബന്ധിപ്പിക്കാനുമാകുന്ന തരത്തിൽ എല്ലാ സെന്ററുകൾ ഒരു കുടക്കീഴിലാക്കുന്നതിന് സംവിധാനം ഒരുക്കും.

**132. യൂണിവേഴ്സിറ്റി ലൈബ്രറിയെ മൾട്ടി ഡിസിപ്ലിനറി റിസർച്ച് സെന്ററാക്കും.**

വിവിധ പഠന ഗവേഷണ മേഖലകളുടെ ഏകോപനം സാധ്യമാക്കുന്നതരത്തിൽ സർവകലാശാലയുടെ വൈജ്ഞാനിക സ്രോതസ്സായ യൂണിവേഴ്സിറ്റി ലൈബ്രറിയിൽ മൾട്ടി ഡിസിപ്ലിനറി റിസർച്ച് സെന്റർ തുടങ്ങും. സൗകര്യങ്ങൾ രൂപപ്പെടുത്താനായി **25 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.

**133. കാര്യവട്ടത്തെ കാമ്പസുകൾ സംയോജിപ്പിക്കാൻ നടപടി തുടങ്ങും**

കാര്യവട്ടത്തെ ഇരു കാമ്പസുകളും സംയോജിപ്പിക്കുന്നതിനുള്ള മേൽപ്പാലമോ അടിപ്പാതയോ സ്ഥാപിക്കുന്നതിനു നടപടികൾ സ്വീകരിക്കും.

**134. കാര്യവട്ടം ക്യാമ്പസിന് പുതിയ കവാടം**

സർവകലാശാലയുടെ അക്കാദമിക കേന്ദ്രമായ കാര്യവട്ടത്തെ രണ്ടു ക്യാമ്പസുകൾക്കും യോഗ്യമായ കവാടങ്ങൾ നിർമ്മിക്കും. സർവകലാശാല ക്യാമ്പസിന്റെ പ്രൗഢി തെളിയിക്കുന്ന തരത്തിൽ വിദഗ്ധരായ ആർക്കിടെക്റ്റുകളുടെ സഹായം സ്വീകരിക്കും. **25 ലക്ഷം രൂപ** നീക്കവയ്ക്കുന്നു.

**135. മഹാത്മ അയ്യൻകാളി സ്റ്റഡീ സെന്ററിനെ പഠന ഗവേഷണ കേന്ദ്രമാക്കും**

സാമൂഹ്യ പരിഷകർത്താവായ മഹാത്മ അയ്യൻകാളിയുടെ നാമധേയത്തിൽ സർവകലാശാലയിൽ പ്രവർത്തിക്കുന്ന അയ്യൻകാളി സ്റ്റഡീ സെന്ററിനെ മഹാത്മ അയ്യൻകാളി പഠന ഗവേഷണ കേന്ദ്രമാക്കും. തുടർ പ്രവർത്തനങ്ങൾക്കായി **15 ലക്ഷം രൂപ** അനുവദിയ്ക്കുന്നു.

**136. സർവകലാശാലയുടെ ഒബ്സർവേറ്ററി നവീകരിക്കും**

നക്ഷത്ര കാഴ്ചകൾക്കായി സ്ഥാപിതമായ സർവകലാശാലയുടെ ഒബ്സർവേറ്ററി നവീകരിച്ച് സന്ദർശകർക്കായി കൂടുതൽ സൗകര്യം ഒരുക്കും. ഇതിനായി **25 ലക്ഷം രൂപ** അനുവദിക്കുന്നു.

**137. IQAC യുടെ പ്രവർത്തനങ്ങൾക്കു ഫണ്ട്**

ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ വിവിധ പരിപാടികൾക്കും ഗവേഷണ, അക്കാദമിക കൈതാങ്ങുകൾക്കുമായി **50 ലക്ഷം രൂപ** അനുവദിക്കുന്നു.

**138. ഗാന്ധിയൻ ദർശനങ്ങൾ പ്രചരിപ്പിക്കും**

മാനവികതയുടെ എക്കാലത്തേയും ആശയവും സമീപനവുമാണ് ഗാന്ധിയൻ ദർശനങ്ങൾ. മഹാത്മജിയുടെ ദർശനങ്ങൾ പ്രചരിപ്പിക്കുന്ന പരിപാടികൾ സർവകലാശാലയുടെ ഗാന്ധിയൻ സ്റ്റഡീസെന്ററിന്റെ ഭാഗമായി സംഘടിപ്പിക്കും. സ്റ്റുഡന്റ് സർവീസസ് ഡയറക്ടറേറ്റുമായി ചേർന്നാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്. ഇതിനായി **3 ലക്ഷം രൂപ** അനുവദിക്കുന്നു.

**139. സർവകലാശാല ജില്ലാ കേന്ദ്രങ്ങൾ വിപുലീകരിക്കും**

സർവകലാശാലയുടെ ആലപ്പുഴ ജില്ലാ കേന്ദ്രം ഗവേഷണ കേന്ദ്രമാക്കും. പന്തളം കേന്ദ്രത്തിൽ വിദ്യാർത്ഥി സേവന കേന്ദ്രവും മൂല്യനിർണയ കേന്ദ്രവും തുടങ്ങും. കൊല്ലത്തും അഞ്ചലിലും വിദ്യാർത്ഥി സേവന കേന്ദ്രങ്ങളും മൂല്യനിർണയ കേന്ദ്രവും പുതുതായി തുടങ്ങും. ഇതിനായി **30 ലക്ഷം രൂപ** വകയിരുത്തുന്നു.

**140. പ്രവാസി മലയാളികളുടെ സംഭാവനകളെക്കുറിച്ചുള്ള പഠനത്തിന് സഹായം.**

പ്രവാസികളായ മലയാളികൾ ലോകത്തിന്റെ പല ഭാഗങ്ങളിലുണ്ട്. അവിടെ ജീവിക്കുമ്പോഴും അവരുടെ വേരുകൾ ഇവിടെത്തന്നെയാണ്. കേരളത്തിന്റെ സാമ്പത്തിക, സാമൂഹിക, വിദ്യാഭ്യാസ, ചികിത്സാരംഗങ്ങളിൽ അവരുടെ സംഭാവനകൾ വിലപ്പെട്ടതാണ്. കേരളത്തിന്റെ തൊഴിൽ രംഗത്തും, ഭൂമിശാസ്ത്ര

ത്തിൽപോലും പ്രവാസി മലയാളികളുടെ സംഭാവനകൾ വലുതാണ്. ഇവരുടെ സംഭാവനകളെക്കുറിച്ചുള്ള ചരിത്രപരമായ അന്വേഷണമാണ് ഈ പഠന പദ്ധതി. ആദ്യഘട്ടമായി **25 ലക്ഷം രൂപ** അനുവദിക്കുന്നു.

**141. അന്തർ സർവകലാശാല കായിക മത്സരങ്ങൾക്ക് വേദിയൊരുക്കും.**

അന്തർ സർവകലാശാല ടൂർണമെന്റുകൾ നമ്മുടെ കായിക വകുപ്പിന്റെയും, സ്റ്റുഡന്റ്സ് സർവീസി ന്റെയും ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്നതിന് സർവകലാശാല മുൻകൈയെടുക്കും. ഇതിനായി **15 ലക്ഷം രൂപ** നീക്കിവയ്ക്കുന്നു.

**142. തിരഞ്ഞെടുപ്പ് സർവ്വേക്കും പഠനത്തിനും സഹായം നൽകും.**

തിരഞ്ഞെടുപ്പുകളെക്കുറിച്ച് ഗൗരവതരമായ പഠനങ്ങളും സർവ്വെയുമാണ് സർവകലാശാലയുടെ പൊളിറ്റിക്കൽ സയൻസ് ഗവേഷണ പഠനവകുപ്പ് നടത്താറുള്ളത്. രാജ്യ ശ്രദ്ധനേടുന്ന തിരഞ്ഞെടുപ്പ് സർവ്വേ കളും പഠനങ്ങളുമായി അത് മാറിയിട്ടുണ്ട്. വരാൻപോകുന്ന കേരള നിയമസഭാ തിരഞ്ഞെടുപ്പിനെക്കുറിച്ചുള്ള പഠനങ്ങൾക്കും സർവ്വേക്കുമായി പൊളിറ്റിക്കൽ സയൻസ് പഠന ഗവേഷണ വകുപ്പിന് **4 ലക്ഷം രൂപ** അനുവ ദിക്കുന്നു.

ഈ ബഡ്ജറ്റ് സർവകലാശാലയുടെ ഭാവിപ്രവർത്തനങ്ങൾക്കുള്ള സമ്മാനമാണ്. സർവകലാശാല യുടെ അക്കാദമിക സമൂഹവും അഭ്യുദയകാംക്ഷികളും പങ്കുവെച്ച ചിന്തകളുടെ സാമൂഹികവും സാംസ്കാരി കവും അക്കാദമികവുമായ വശങ്ങൾകൂടി വിലയിരുത്തി രൂപപ്പെടുത്തിയ ആശയ ക്രോഡീകരണമാണിത്. തിളക്കമുള്ള മുന്നേറ്റത്തിന് സർവകലാശാലയെ സജ്ജമാക്കാനുതകുന്ന ഒട്ടേറെ നിർദ്ദേശങ്ങൾ ഈ ബഡ്ജ റ്റിൽ ഉൾക്കൊള്ളിക്കാൻ ശ്രമിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങളുടെ വിലയിരുത്തലുകളും, നിർദ്ദേശങ്ങളും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ സഭ അംഗീകരിക്കുന്ന ബഡ്ജറ്റ് കാലവിളംബം കൂടാതെ, നടപ്പിലാ ക്കുന്നതിനുള്ള സത്വര നടപടികളും ഉണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

നന്ദി..... നമസ്കാരം....

The Vice-Chancellor Congratulated Adv. K.H Babujan for the presentation of the Budget. The House resolved to have discussions on the Financial Estimates of the University for the year 2021-2022 in the next day's meeting at the time allotted.

===============================================================

**05. Amendment to Regulations relating to Recognition of Examinations/Degrees of State Boards/Statutory Universities/ Deemed Universities/Other Institutions –Consideration of- reg. (Ac.L)**

The Academic Council at its meeting held on 13-03-2019; vide item no. I.65 considered and resolved to note the action of Vice Chancellor subject to reporting to the Academic Council to approve the recommendations of the Chairmen of various boards of studies and the Dean of respective faculties, the Degree/ Examinations/Diploma awarded by the State Boards/ Statutory Universities/Institutions as per the details shown in the Statement appended on recognized as equivalent to the corresponding Examinations/Degrees of this University either on reciprocal basis or recommended as an eligible qualification for specific purpose such as higher studies or employment as the case may be by the Vice Chancellor, in exercise of the Power conferred on him as per Section 10(13) of the Kerala University Act, 1974.

The Degrees/ Diploma awarded by Other Universities and recognized by the University of Kerala have to be incorporated in the "Regulations and Degrees of other Universities'' by an amendment.

The Academic Council at its meeting held on 4th march, 2020; vide item no. I.21 considered and resolved to approve the amendment proposal. As such amendment proposal for approval is as follows:

**Amendment Proposal**

***"That, in Chapter IV- Norms for granting Recognition / equivalence to Examinations, Degrees etc. of Universities or Bodies of foreign Countries of the Regulations relating to recognition of examinations and Degrees of Other Universities, the following be added to the existing entries under relevant Universities/ institutions under the Heading "Degrees and Examinations of other universities and institutions" recognized by the university of Kerala."***

***(The List of Degrees/Examinations is appended)***

The above amendment to Regulations relating to Recognition of Examinations/Degrees of State Boards/ Statutory Universities/ Deemed Universities/other Institution is laid before the Senate for consideration and adoption as envisaged under Section 39 (1) of the Kerala University Act, 1974.

***The House adopted the above amendment to regulations relating to Recognition of Examinations/Degrees of State Boards/ Statutory Universities/ Deemed Universities/other Institution as envisaged under Section 39 (1) of the Kerala University Act, 1974.***

==================================================================

**06. Amendment to Regulations relating to Recognition of Examinations/Degrees of State Boards/Statutory Universities/Deemed Universities/ Other Institutions-Consideration of-reg:- (Ac.L)**

The Academic Council at its meeting held on 21/11/2020, vide item no.(1) 18. considered and resolved to approve the recommendations of the Chairmen of various Boards of Studies and Deans of respective Faculties, the Degrees/ Examinations/ Diplomas awarded by State Boards/ Statutory Universities/ Institutions as per the details shown in the statement appended are recognized as equivalent to the corresponding Examinations/ Degrees of this University either on reciprocal basis or recognized as an eligible qualification for specific purposes such as higher Studies or employment as the case may be by the Vice Chancellor, subject to reporting to the Academic Council in exercise of the Powers conferred on him as per Section 10(13) of the Kerala University Act, 1974.

The Degrees, Diplomas awarded by other Universities and recognized by the University of Kerala have to be incorporated in the 'Regulations relating to Recognition of Examinations and Degrees of other Universities' by an amendment. As such an amendment proposal was placed before the Academic Council for consideration and approval.

The Academic Council at its meeting held on 27/08/2020; vide item no. 08 considered and resolved the amendment proposal regarding the amendment to Regulations relating to Recognition of Examinations/Degrees of State Boards /Statutory universities/Deemed Universities/other Institutions.

The amendment proposal is as follows:

**Amendment Proposal**

*"That, in Chapter IV- Norms for granting Recognition / equivalence to Examinations, Degrees etc. of Universities or Bodies of foreign Countries of the Regulations relating to recognition of examinations and Degrees of Other Universities, the following be added to the existing entries under relevant Universities/ institutions under the Heading "Degrees and Examinations of other universities and institutions" recognized by the university of Kerala.*

(List of degrees /exams appended)

The above amendment to Regulations relating to Recognition of Examinations/Degrees of State Boards/ Statutory Universities/ Deemed Universities/Other Institutions is laid before the Senate for consideration and adoption as envisaged under Section 39 (1) of the Kerala University Act, 1974.

***The House adopted the above amendment to regulations relating to Recognition of Examinations/Degrees of State Boards/ Statutory Universities/ Deemed Universities/other Institution as envisaged under Section 39 (1) of the Kerala University Act, 1974.***

==================================================================

**07. Amendment to the Regulations relating to the Recognition of Examinations /Degrees of State Boards/Statutory Universities/ Deemed Universities/Other Institutions – Consideration of- reg. (Ac.L)**

The Academic Council at its meeting held on 6th September, 2019 vide item No. I.39 considered and noted the action taken by the Vice Chancellor in having approved the Recognition of Examinations/Degrees of State Boards/Statutory Universities/Deemed Universities/other institutions. On the basis of the recommendations of the Chairman of various boards of studies and the Dean of respective faculties, the Degree/ Examinations/Diploma awarded by the State Boards/ Statutory Universities/Institutions as per the details shown in the Statement appended are recognized as equivalent to the corresponding Examinations/Degrees of this University either on reciprocal basis or for specific purpose such as higher studies or employment as the case may be by the Vice Chancellor,

subject to reporting to the Academic Council in exercise of the Power conferred on him as per Section 10(13) of the Kerala University Act, 1974.

The Degrees/ Diploma awarded by other Universities and recognized by the University of Kerala have to be incorporated in the "Regulations and Degrees of other Universities'' by an amendment.

The Academic Council at its meeting held on 4th march, 2020; vide item no. I.122 considered and resolved to approve the amendment proposal. As such amendment proposal for approval is as follows:

**Amendment Proposal**

***"That, in Chapter IV- Norms for granting Recognition / equivalence to Examinations, Degrees etc. of Universities or Bodies of foreign Countries of the Regulations relating to recognition of examinations and Degrees of Other Universities, the following be added to the existing entries under relevant Universities/ institutions under the Heading "Degrees and Examinations of other universities and institutions" recognized by the university of Kerala."***

***(The List of Degrees/Examinations is appended)***

The above amendment to Regulations relating to Recognition of Examinations/Degrees of State Boards/ Statutory Universities/ Deemed Universities/other Institution is laid before the Senate for consideration and adoption as envisaged under Section 39 (1) of the Kerala University Act, 1974.

***The House adopted the above amendment to regulations relating to*** **Recognition of Examinations/Degrees of State Boards/ Statutory Universities/ Deemed Universities/other Institution as envisaged under Section 39 (1) of the Kerala University Act, 1974.**

==================================================================

**08. Amendment to Regulations relating to Recognition of Examinations/ Degrees of State Boards/Statutory Universities/Deemed Universities/ Other Institutions-Consideration of-reg:- (Ac.L)**

The Academic Council at its meeting held on 04/03/2020, vide item no. (1) 79. considered and resolved to approve the recommendations of the Chairmen of various Boards of Studies and Deans of respective Faculties, the Degrees/ Examinations/ Diplomas awarded by State Boards/ Statutory Universities/ Institutions as per the details shown in the statement appended are recognized as equivalent to the corresponding Examinations/ Degrees of this University either on reciprocal basis or recognized as an eligible qualification for specific purposes such as higher Studies or employment as the case may be by the Vice Chancellor, subject to reporting to the Academic Council in exercise of the Powers conferred on him as per Section 10(13) of the Kerala University Act, 1974.

The Degrees, Diplomas awarded by other Universities and recognized by the University of Kerala have to be incorporated in the 'Regulations relating to Recognition of Examinations and Degrees of other Universities' by an amendment. As such an amendment proposal was placed before the Academic Council for consideration and approval.

The Academic Council at its meeting held on 27/08/2020; vide item no(I) 32 considered and noted the amendment proposal regarding the amendment to Regulations relating to Recognition of Examinations/Degrees of State Boards /Statutory universities/Deemed Universities/other Institutions. The amendment proposal is as follows:

**Amendment Proposal**

*"That, in Chapter IV- Norms for granting Recognition / equivalence to Examinations, Degrees etc. of Universities or Bodies of foreign Countries of the Regulations relating to recognition of examinations and Degrees of Other Universities, the following be added to the existing entries under relevant Universities/ institutions under the Heading "Degrees and Examinations of other universities and institutions" recognized by the university of Kerala.*

(List of degrees /exams appended)

The above amendment to Regulations relating to Recognition of Examinations/Degrees of State Boards/ Statutory Universities/ Deemed Universities/Other Institutions is laid before the Senate for consideration and adoption as envisaged under Section 39 (1) of the Kerala University Act, 1974.

***The House adopted the above amendment to regulations relating to Recognition of Examinations/Degrees of State Boards/ Statutory Universities/ Deemed Universities/other Institution as envisaged under Section 39 (1) of the Kerala University Act, 1974.***

==================================================================

***09.*** **Annual Report 2020 – Review –Consideration of- reg.** **(Ac.D)**

As per Sub-Section (5) Statute (10) in Chapter 6 of the Kerala University First Statutes 1977, the Annual Report of University of Kerala should be placed before the annual meeting of the Senate for review. The Vice Chancellor has approved the draft of Annual Report 2020 in exercise of the powers conferred under section 10(13) of Kerala University Act 1974, subject to reporting to the Syndicate.

Therefore, the Annual Report of University of Kerala of 2020 is placed before the Senate for review.

***The House considered and approved the Annual Report of University of Kerala 2020.***

==================================================================

## (III) Resolutions given notice of by the Members

<table>
<tr><td colspan="2">Resolution No.1 given notice of by Adv. Gopukrishnan C.G was taken up by the House.</td></tr>
<tr><td>1.</td><td>അഡ്വ. ഗോപുകൃഷ്ണൻ സി.ജി</td></tr>
<tr><td></td><td>കേരള സർവകലാശാല സെനറ്റ് ഹൗസ് കാമ്പസിലെ സെക്യൂരിറ്റി സംവിധാനം ശക്തിപ്പെടുത്തണമെന്ന് സെനറ്റിന്റെ ഈ യോഗം ആവശ്യപ്പെടുന്നു.</td></tr>
<tr><td colspan="2">Sri. Riyas Vahab seconded the resolution.<br>വൈസ് ചാൻസിലർ : നിലവിൽ ശക്തമായ സംവിധാനമാണ് ഉള്ളത്. അടിയന്തിര ഘട്ടങ്ങളിൽ Police പോലീസ് സഹായം തേടാറുണ്ട്.</td></tr>
<tr><td colspan="2">Resolution No.2 given notice of by Dr. A. Balakrishnan was taken up by the House.</td></tr>
<tr><td>2.</td><td>ഡോ. എ. ബാലകൃഷ്ണൻ</td></tr>
<tr><td></td><td>കേരള സർവകലാശാലയിൽ ഗവേഷണവുമായി ബന്ധപ്പെട്ട അപേക്ഷകൾ തീർപ്പു കൽപിക്കുന്നതിനാൽ ഏറെ കാലതാമസം ഉണ്ടാകുന്നുണ്ട്. ഗവേഷണത്തിന് വേണ്ടിയുള്ള അപേക്ഷകൾ, പ്രീ. സബ്മിഷൻ അപേക്ഷകൾ, ഓപ്പൺ ഡിഫെൻസ് അപേക്ഷകൾ എന്നിവ തീർപ്പുകല്പിക്കുന്നതിൽ കൃത്യമായ സമയക്രമം നിശ്ചയിക്കണമെന്ന് ഈ സെനറ്റ് യോഗം പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.</td></tr>
<tr><td colspan="2">Dr. Sabeen H.M seconded the resolution.<br>വൈസ് ചാൻസിലർ : അങ്ങനെയുള്ള സമയക്രമം നിശ്ചയിക്കുക പ്രയോഗികമല്ല.</td></tr>
<tr><td colspan="2">Resolution No.3 given notice of by Y. Osbon was taken up by the House.</td></tr>
<tr><td>3.</td><td>ശ്രീ. വൈ. ഓസ്ബോൺ</td></tr>
<tr><td></td><td>അഫിലിയേറ്റഡ് കോളേജ്ജുകളിലെ അനധ്യാപക ജീവനക്കാർക്ക് സർവകലാശാല പരീക്ഷാ ഡ്യൂട്ടിക്കുള്ള വേതനം വർദ്ധിപ്പുക്കുക.<br>സർവകലാശാല പരീക്ഷാ ജോലികൾ ചെയ്യുന്ന അഫിലിയേറ്റഡ് കോളേജ്ജുകളിലെ അനധ്യാപക ജീവനക്കാരുടെ വേതനം SDE, പ്രൈവറ്റ് പരീക്ഷകൾക്ക് 2020 ൽ വർദ്ധനവ് വരുത്തിയിരുന്നു. എന്നാൽ റഗുലർ പരീക്ഷകൾക്ക് ഇപ്പോഴും 2016 ൽ സർവകലാശാല പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് വേതനം നൽകി വരുന്നത്. മാറിയ സാഹചര്യങ്ങൾ പരിഗണിച്ച് റഗുലർ പരീക്ഷാ ഡ്യൂട്ടിക്കുള്ള അനധ്യാപകരുടെ വേതനം വർദ്ധിപ്പിക്കണമെന്ന് സെനറ്റ് യോഗം മുമ്പാകെ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.</td></tr>
<tr><td colspan="2">Sri. Jayaram .S seconded the resolution.<br>വൈസ് ചാൻസിലർ : ഇക്കാര്യം പരിഗണിക്കാവുന്നതാണ്.</td></tr>
<tr><td colspan="2">Resolution No.4 given notice of by Dr. A. M Unnikrishnan was taken up by the House.</td></tr>
<tr><td>4.</td><td>ഡോ. എ.എം ഉണ്ണികൃഷ്ണൻ</td></tr>
<tr><td></td><td>കലാലയങ്ങളിലെയും സർവകലാശാല പഠന വിഭാഗങ്ങളിലെയും പ്രഗല്ഭരായ പൂർവ്വവിദ്യാർത്ഥികളുടെ വിവര സംഭരണിയുണ്ടാക്കാൻ ബന്ധപ്പെട്ട സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുന്നതിന് ഈ സഭ തീരുമാനിക്കുന്നു.</td></tr>
</table>

| | |
|---|---|
| *Dr. Vinodkumar T.G Nair seconded the resolution.*<br>*വൈസ് ചാൻസിലർ : നിലവിൽ പരിഗണിക്കാൻ സാധിക്കില്ല.* | |
| **Resolution No.5** given notice of by Dr. Babitha G.S was taken up by the House. | |
| *5.* | **ഡോ. ബബിത ജി.എസ്** |
| | കേരള സർക്കാരിന്റെ ഭക്ഷ്യസുരക്ഷയുടെ ഭാഗമായി കേരള സർവകലാശാല നടപ്പിലാക്കിയ ഹരിതാലയം പദ്ധതിയുടെ പ്രയോജനം എയ്ഡഡ് കോളേജ്ജുകൾക്ക് കൂടി ലഭിക്കുന്നതിന് വേണ്ടി ഒരു നിശ്ചിത തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്ന് ഈ സെനറ്റ് യോഗം ആവശ്യപ്പെടുന്നു. |
| *Dr. K.R Kavitha seconded the resolution.*<br>*വൈസ് ചാൻസിലർ : തത്ക്കാലം സാദ്ധ്യമല്ല.* | |
| **Resolution No.6** given notice of by Dr. A.M Unnikrishnan was taken up by the House. | |
| *6.* | **ഡോ. എ.എം ഉണ്ണികൃഷ്ണൻ** |
| | സർവകലാശാല പഠനവിഭാഗങ്ങളിലെയും കലാലയങ്ങളിലെയും അദ്ധ്യാപകരുടെ അക്കാദമിക സംഭാവനകളുടെ വിശദമായ പട്ടിക തയ്യാറാക്കാൻ ചുമതലപ്പെട്ടവരെ നിയോഗിക്കാൻ ഈ യോഗം തീരുമാനിക്കുന്നു. |
| *Dr. Vinodkumar T.G Nair seconded the resolution.*<br>*വൈസ് ചാൻസിലർ : സർവകലാശാലയുടെ Annual Report -ൽ വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.* | |
| **Resolution No.7** given notice of by Sri. Y. Osbon was taken up by the House. | |
| *7.* | **ശ്രീ. വൈ. ഓസ്ബോൺ** |
| | സെനറ്റ് അംഗങ്ങൾ രേഖാമൂലം നൽകുന്ന അപേക്ഷകൾ, സെനറ്റ് യോഗത്തിൽ അംഗങ്ങൾ ഉന്നയിക്കുന്ന വിഷയങ്ങൾ എന്നിവയിൽ സ്വീകരിച്ച തുടർനടപടി എന്താണെന്നത് സെനറ്റ് അംഗങ്ങളെ രേഖാമൂലം അറിയിക്കണമെന്ന പ്രമേയം സെനറ്റ് യോഗം മുമ്പാകെ അവതരിപ്പിക്കുന്നു. |
| *Sri. Ananthu .A seconded the resolution.*<br>*വൈസ് ചാൻസിലർ : ഇതിനുള്ള സംവിധാനം ഇപ്പോൾ നിലവിലുണ്ട്. ആയതിനാൽ പ്രത്യേക പരിഗണന ആവശ്യമല്ല.* | |
| **Resolution No.8** given notice of by Dr. Sekaran .S was taken up by the House. | |
| *8.* | **ഡോ. ശേഖരൻ. എസ്** |
| | UGC ആറാം ശമ്പളപരിഷ്കാര പ്രകാരം അദ്ധ്യാപകർക്ക് ലഭിക്കേണ്ട കുടിശ്ശികയുടെ നാലാം ഗഡുവിൽ നിന്ന് 20% പിടിച്ചുവയ്ക്കുകയും മൂല്യനിർണ്ണയത്തിന്റെ പ്രതിഫലം തിരിച്ചടച്ചതിനു ശേഷം മാത്രമേ ഇത് നൽകുകയുള്ളൂ എന്നും സർക്കാർ എടുത്ത തീരുമാനത്തിന്റെ പരിധിയിൽ നിന്ന് ആ കാലയളവിൽ Maternity Leave, FIP തുടങ്ങിയ എലിജിബിൾ ലീവിൽ പോയവരെ ഒഴിവാക്കണമെന്ന് ഈ സഭ ആവശ്യപ്പെടുന്നു. |
| *Dr. K. Jayakumar seconded the resolution.*<br>*വൈസ് ചാൻസിലർ : ഇക്കാര്യം സംസ്ഥാന സർക്കാരിന്റെ പരിധിയിൽ പെടുന്നതാണ്.* | |

*The Chair thanked the members for their co-operation.*
*The meeting came to a close at 11.15 am.*

**Day -2: (11th February, 2021)**

1. Prof. (Dr.) V.P. Mahadevan Pillai
   Vice-Chancellor (In the Chair)
2. Prof. (Dr.) P.P Ajayakumar
   Pro-Vice-Chancellor
3. Sri. Jairaj .J
4. Sri. Anandhu .A
5. Kum. Aleena Amal
6. Kum. Arya Prasad
7. Dr. N.P Chandrasekaran
8. Dr. Dileep A.S
9. Sri. Joel John Joseph
10. Dr. A. Helen
11. Smt. Shajitha S
12. Dr. Vishnu V.S
13. Dr. B. Rajendran
14. Sri. Sibi C. Babu
15. Dr. Abraham .A
16. Dr. K.R Kavitha
17. Dr. Jayakumar .K
18. Dr. Pramod Kiran R.B
19. Dr. S. Shifa
20. Dr. Sekaran .S
21. Dr. Rani Abraham
22. Sri. Riyas Vahab
23. Sri. Nowfal .N
24. Sri. Jayaram .S
25. Sri. Bijukumar .G
26. Dr. K. B. Manoj
27. Prof. K. Lalitha
28. Dr. M. Vijayan Pillai
29. Aneppil Dr. D. Sujith
30. Adv. C.G Gopukrishnan
31. Adv. B. Balachandran
32. Adv. K. H Babujan
33. Dr. S. Nazeeb
34. Adv. A. Ajikumar
35. Dr. K.G. Gopchandran
36. Smt. Yamuna Devi T.S
37. Adv. Muraleedharan Pillai. G
38. Sri. Sachu Surendran .S
39. Smt. Renju Suresh
40. Dr. Sabeen H.M
41. Dr. Babitha G.S
42. Sri. Al Anand .P
43. Sri. R. Rajesh. MLA
44. Smt. Sathikumari. B
45. Dr. A. Balakrishnan
46. Dr. P. Mohanachandran Nair
47. Sri. R. Arunkumar
48. Dr. Suresh Singh .G
49. Sri. Suresh Babu R.S

50. Dr. R. Jayachandran
51. Sri. Osbon .Y
52. Dr. G. Prasad
53. Dr. A.M Unnikrishnan
54. Dr. K.S Anilkumar
55. Dr. S. Ajayakumar
56. Dr. Mathew .V
57. Major Dr. U. Abdul Khalam
58. Sri. Anilkumar R
59. Dr. Babitha G.S

The meeting was called to order at 8.30 a.m by Prof. Dr. V.P Mahadevan Pillai, Hon'ble Vice-Chancellor.

**<u>അനുശോചനം</u>**

നടനും സംവിധായകനുമായ രാജീവ് കപൂർ, ഗായകൻ എം.എസ്.നസീം എന്നിവരുടെ നിര്യാണത്തിൽ ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

A Minute's silence was observed as a mark of respect to the departed souls.

**<u>അനുമോദനം</u>**

സ്വദേശാഭിമാനി കേസരി പുരസ്കാരം നേടിയ യേശുദാസൻ, പുതിയ ചീഫ് സെക്രട്ടറിയായി നിയമിതനായ ഡോ.വി.പി.ജോയി, സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷണറായി നിയമിതനായ എ.ഷാജഹാൻ, എ.പി.ജെ.അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവകലാശാല രജിസ്ട്രാറായി നിയമിതനായ ഡോ.എ.പ്രവീൺ, എൻ.സി.ടി.ഇ–യുടെ ദേശീയ അദ്ധ്യാപക അവാർഡിനു അർഹനായ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിലെ അദ്ധ്യാപകരായ ഡോ.ദിവ്യ.സി സേനൻ , ഡോ.സിന്ധ്യ.വി, സ്റ്റൻഫോർഡ് സർവകലാശാല മികച്ച ശാസ്ത്രജ്ഞനായി തിരഞ്ഞെടുത്ത ഡോ.ടി.എസ് അനിരുദ്ധൻ എന്നിവരെ ഈ യോഗം അനുമോദിക്കുന്നു.

The Vice-Chancellor then informed the House that as per the Schedule of Business, it is the time for discussion on the Budget.

## <u>Budget Discussion</u>

1. **<u>ഡോ. എബ്രഹാം. എ</u>**

   **Finance Committee Convenor Adv. K.H Babujan അവതരിപ്പിച്ച സർവകലാശാലയുടെ 2021 –22 വർഷത്തേയ്ക്കുള്ള Budget വളരെ മികച്ചതാണ്. Budget ലെ 24–ാം Item മായി Kerala University Department of Physics വിദ്യാർത്ഥികൾക്ക് Space Physics Lab തുടങ്ങുവാനായി 30 ലക്ഷം വകയിരുത്തിയത് അപര്യാപ്തമാണ്. കൂടാതെ, കഴിഞ്ഞ അക്കാദമിക വർഷത്തിൽ സർവകലാശാലയിൽ admission എടുത്ത വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവ് വന്നതിനെക്കുറിച്ച് പഠിക്കാൻ ഒരു പ്രത്യേക സംവിധാനവും അതിനാവശ്യമായ തുകയും ഏർപ്പെടുത്തണം.**

2. **<u>കുമാരി അലീന അമൽ</u>**

   **ഉന്നതവിദ്യാഭ്യാസ രംഗത്ത് എല്ലാ മേഖലയിലും അർഹമായ പ്രാധാന്യം നൽകുന്ന Budget ആണ് അവതരിപ്പിച്ചത്. Kariavatom Campus നെ മാതൃകാ കാമ്പസായി ഉയർത്തിക്കാട്ടുന്നു. Campus ൽ നവോത്ഥാനവീഥി ഒരുക്കാനും നവോത്ഥാന മൂല്യങ്ങൾ ഉയർത്തി പിടിക്കുവാനും നടത്തുന്ന ശ്രമം മാതൃകാപരമാണ്. Transgender വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പരിരക്ഷ ശ്രദ്ധേയമാണ്. Academic Industries Meet സംഘടിപ്പിക്കുക എന്നത് വ്യവസായ വളർച്ചയ്ക്കും വികസനത്തിനും വിദ്യാഭ്യാസത്തിനും മികച്ച ഗുണം ചെയ്യും. വിദ്യാർത്ഥികളുടെ കലാ കായിക രംഗത്തെ വളർച്ചയ്ക്ക് ഉതകുന്ന Budget ആണ്.**

3. <u>മേജർ ഡോ. യു. അബ്ദുൾ കലാം</u>

ബഹുമാനപ്പെട്ട **Syndicate Member** അഡ്വ.കെ.എച്ച്. ബാബുജാൻ അവതരിപ്പിച്ച 2021-22 ലെ **Budget** അഭിനന്ദനം അർഹിക്കുന്ന നിരവധി നിർദ്ദേശങ്ങൾ അടങ്ങിയതാണ്. പലകാര്യങ്ങളും സമയബന്ധിതമായി നടപ്പിലാക്കാൻ പറ്റുമോ എന്ന് സംശയിക്കുന്നു. എന്നാൽ പല നിർദ്ദേശങ്ങളും കഴിഞ്ഞ **Budget** ൽ ഉൾപ്പെട്ടിരിക്കുന്നതായി കാണുന്നു. ഉദാഹരമായി **Item No.19 Central Laboratory** ആയ **Cliff** ൽ കഴിഞ്ഞ വർഷം 50 ലക്ഷം രൂപാ മാറ്റി വച്ചിട്ടുണ്ട്. ഈ വർഷം അത് 75 ലക്ഷമായി കാണുന്നു. സർവകലാശാലയുടെ മെച്ചപ്പെട്ട പ്രവർത്തനത്തിനും സേവനത്തിനും നിർദ്ദേശിക്കുന്ന കാര്യങ്ങൾ സമയ ബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ **Online Class** കൾ സംഘടിപ്പിക്കുന്നതിലൂടെ നിരവധി രൂപയുടെ ചിലവ് വരുന്നു. ആയതിലേയ്ക്കായി ഓരോ **College** നും പ്രത്യേകം തുക അനുവദിക്കണം എന്ന് നിർദ്ദേശിക്കുന്നു.

4. <u>ഡോ. എൻ.വി ചന്ദ്രശേഖരൻ</u>

**Budget** നെ പിന്തുണയ്ക്കുന്നു.സംസ്ഥാന **Budget** സാക്ഷി നിർത്തിയാണ് ഈ **Budget** അവതരിപ്പിച്ചിരിക്കുന്നത്. **School** വിദ്യാഭ്യാസത്തിൽ നേടിയ മികവ് ഉന്നത വിദ്യാഭ്യാസത്തിലും നിലനിർത്തുക എന്നതാണ് ലക്ഷ്യം. കുതിപ്പിന്റെ ഇന്ധനം നിറച്ച രചനാത്മകമായ **Budget** ആണ്. മൂല്യവർത്തായ മികവാർന്ന ലക്ഷ്യം **Budget** ൽ കാണാം.

ശാരീരിക വെല്ലുവിളി നേരിടുന്നവരോട് സൗഹൃദം കാട്ടുന്ന നിർമ്മാണ രീതിയായിരിക്കണം സർവകലാശാല അനുവർത്തിക്കേണ്ടത്. സർവകലാശാലയുടെ പുതിയ നിർമ്മിതികൾ ഈ രീതിയിലായിരിക്കണം. **Digital** വിജ്ഞാന ശേഖരം മുതൽ മികവിലേക്കുള്ള മഹാപ്രയാണത്തിന്റെ നേർരേഖയായി **Budget** മാറിയിട്ടുണ്ട് എന്ന് പറയാൻ സന്തോഷമുണ്ട്.

കടലാസ്രഹിത ഭരണ സംവിധാനം ഏറെ ശ്ലാഘനീയമാണ്. ഇത് ഒരു മാതൃകയായി മാറാൻ സാധ്യതയുള്ളതാണ്.**Gandhian** ദർശന പ്രചാരണം, അന്താരാഷ്ട്ര **Marxian** പഠന ഗവേഷണ കേന്ദ്രം, അയ്യൻകാളി പഠന ഗവേഷണ കേന്ദ്രം എന്നീ പദ്ധതികൾ സർവകലാശാലയുടെ മൂല്യങ്ങൾ ഉയർത്തിക്കാട്ടുന്നു. യാജ്ഞവൽക്യൻ, ശ്രീനാരായണഗുരു, **Thiruvalluvar** എന്നിങ്ങനെ കുറെ പേരെ നമ്മൾ ഓർക്കേണ്ടതുണ്ട്. അവർക്ക് വേണ്ടി നമ്മൾ ചിലത് ചെയ്യേണ്ടതുണ്ട്. അവരെ മാതൃകകളാക്കി വിദ്യാർത്ഥിയ്ക്ക് മുമ്പിൽ പ്രതിഷ്ഠിക്കേണ്ടതുണ്ട്. വലിയ മാറ്റങ്ങൾക്ക് കാരണമാകുന്ന ഒരു രേഖയായി **Budget** മാറട്ടെ.

5. <u>ഡോ. ദിലീപ് എ. എസ്</u>

5 വർഷം തുടർച്ചയായി **Budget** അവതരിപ്പിച്ച് ഈ വർഷവും 140 നിർദ്ദേശങ്ങൾ അടങ്ങിയ **Budget** അവതരിപ്പിച്ച **Adv. K.H Babujan** നെ അനുമോദിക്കുന്നു. വരവ് ചിലവ് കണക്കുകളിൽ ചില സംശയങ്ങൾ ഉണ്ട്. **Plan grant/ State grant** 46 കോടി രൂപയാണ് നമ്മൾ വകയിരുത്തിയിരിക്കുന്നത്. എന്നാൽ 14-ാം പേജിൽ 2021-22 ന്റെ സർക്കാർ **Budget** ൽ **Plan fund** ഇനത്തിൽ കേരള സർവകലാശാലയ്ക്ക് വകയിരിത്തിയിരിക്കുന്നത് 26 കോടി രൂപയാണ്. എന്നാൽ കഴിഞ്ഞ വർഷം ആയി **first instalment** ആയി കിട്ടിയത് 4 കോടി രൂപയാണ്. വരവും **Budget allocation** ൽ വകയിരുരത്തിയിരിക്കുന്ന അന്തരം വ്യക്തമല്ല. **Budget** ലെ സ്വാഗതാർഹമായ നിർദ്ദേശങ്ങൾ ധാരാളമുണ്ട്. ഉന്നത വിദ്യാഭ്യാസ മേഘലയിൽ ധാരാളം മാറ്റങ്ങൾ വരുത്തുവാൻ പ്രാപ്തമായ നിർദ്ദേശങ്ങൾ അടങ്ങിയതാണ് ഈ **Budget.** എന്നാൽ ചില നിർദ്ദേശങ്ങൾ ആവർത്തന സ്വഭാവം ഉള്ളതായി കാണുന്നു **Item No.38.** ഗവേഷണ മേഖലയിൽ പ്രവർത്തിക്കുന്ന **Aided College** അധ്യാപകർക്ക് **Govt. College/Dept. Techers** ന് ഗവേഷണ പ്രോത്സാഹന സഹായം കേരള സർവകലാശാലയുടെ **DCDC** വഴി **Aided College Teachers** ന് ലഭ്യമാക്കണമെന്ന് അഭ്യാർത്ഥിക്കുന്നു. **University Placement Cell College** കളിലേക്ക് കൂടി വ്യാപിപ്പിക്കണം.

6. <u>അഡ്വ. ഗോപുകൃഷ്ണൻ സി.ജി</u>

വളരെ സമഗ്രമായി തയ്യാറാക്കി അവതരിപ്പിച്ചിരിക്കുന്ന **Budget** നെ സ്വാഗതം ചെയ്യുന്നു.

സർവകലാശാലയുടെ അന്തസും പാരമ്പര്യവും നിലനിർത്തുന്ന തലത്തിലുള്ള **Budget** ആണ് അവതരിപ്പിച്ചിരിക്കുന്നത്. കോവിഡ് പശ്ചാത്തലത്തിൽ ഒരു പഠനം നടത്തുന്നതിലേക്കായി സർവകലാശാല തലത്തിൽ നിർദ്ദേശം ഉണ്ടാകേണ്ടതാണ്. **NSS Volunteer** മാരേ ഉൾപ്പെടുത്തി ഒരു സന്നദ്ധ സേനയെ രൂപീകരിക്കേണ്ടതാണ്.

പുതുതായി തിരഞ്ഞെടുക്കപ്പെട്ട **Senate** അംഗങ്ങൾക്ക് **Act, Statute** എന്നിവയെ പരിചയപ്പെടുത്തുന്നതിലേക്കായി ഒരു പരിശീലന കേന്ദ്രം തുടങ്ങണം.

സർവകലാശാലയുടെ **Pandalam Centre** നെ **Alappuzha Centre** ന്റെ മാതൃകയിൽ ഉയർത്തണം. **Budget** നെ സ്വാഗതം ചെയ്യുന്നു.

7. <u>ശ്രീ. ജയറാം .എസ്</u>

രോമ–ചർമ്മ കോശങ്ങളുടെ തകരാറുകളെ കുറിച്ച് പഠിക്കുന്നതിലേക്കായി ഒരു പഠന കേന്ദ്രത്തിന് വേണ്ടി 8 ലക്ഷം രൂപാ ഉൾപ്പെടുത്തിയതിനെ സ്വാഗതം ചെയ്യുന്നു. വരുമാന സ്രോതസ്സുകളായി കാണിച്ചിരിക്കുന്ന **B.Ed Centre** കളിൽ നിന്നും 3 കോടി 50 ലക്ഷം രൂപാ, **UIT 17**കോടി രൂപാ, **UIM** 4 കോടി 10 ലക്ഷം രൂപാ വിദൂര പഠന കേന്ദ്രം വഴി 8 കോടി രൂപാ എന്നിങ്ങനെയാണ്. ഇതനുസരിച്ച് 32 കോടിയോളം രൂപായുടെ വരുമാനമാണ് ഈ സംരഭങ്ങളിൽ നിന്ന് ലഭിച്ചിട്ടുള്ളത്. എന്നാൽ ഈ സ്ഥാപനങ്ങൾക്ക് വേണ്ടി ആവശ്യമായ തുക **Budget** ൽ വകകൊള്ളിച്ചിട്ടില്ല. ആഭ്യന്തര വരവിൽ **Students Affiliation Fund** എന്ന ഇനത്തിൽ ലഭിച്ച തുക കുറഞ്ഞ് വരുന്നതായി കാണുന്നു.

8. <u>ശ്രീ. ജോയൽ ജോൺ ജോസഫ്</u>

**Adv. Babujan sir** അവതരിപ്പിച്ച **Budget** മികച്ച നിർദ്ദേശങ്ങൾ അടങ്ങിയതാണ്. അഭിനന്ദനങ്ങൾ അറിയിക്കുന്നു. ഇത് **Implement** ചെയ്യുന്നതിൽ ശ്രദ്ധിക്കണം.

**Alappuzha, Kollam, Pathanamthitta** എന്നിവിടങ്ങളിൽ നിന്നും വരുന്ന കുട്ടികൾക്ക് ഇരിപ്പിട സൗകര്യം സർവകലാശാല **Campus** ൽ ഒരുക്കണം. മുൻ **Syndicate** തീരുമാനമായ **University Library** യുടെ മുമ്പിൽ **K.R Narayanan** ന്റെ പ്രതിമ, **Students Centre** ന് മുന്നിൽ **Ayyankali** യുടെ പ്രതിമ, **G.V Raja** യുടെ പ്രതിമ എന്നിവ സ്ഥാപിക്കണം. കോവിഡ് കാലം പരിഗണിച്ച് കുട്ടികൾക്ക് **Certificate** കൾ **Online** ആയി ലഭ്യമാക്കുവാൻ സംവിധാനം ഉറപ്പാക്കണം. സർവകലാശാലയ്ക്ക് കീഴിൽ 34 **UIT, 7 UIM, 10 B.Ed Centre** ഉണ്ട്. ഇവയ്ക്കായി വകമാറ്റിയത് 60 ലക്ഷം രൂപയാണ്. **UIT** കളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കായി കൂടുതൽ തുക വകയിരുത്തണമെന്നും അഭ്യർത്ഥിക്കുന്നു.

9. <u>ഡോ. കെ ജയകുമാർ</u>

വളരെ ദീർഘവീക്ഷണമുള്ള **Budget** സമസ്തമേഘലകളെയും ഉൾക്കൊള്ളുന്നതാണ്. വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും ആവശ്യങ്ങൾ നിറവേറ്റുന്നു. 'മക്കളെപ്പോല മരങ്ങളും' എന്ന **Botany Department** ന്റെ കർമ്മ പരിപാടി ഏറ്റവും മികച്ചതാണ്. കായിക വിദ്യാഭ്യാസത്തിനും ആരോഗ്യപൂർണ്ണമായ ജീവിതത്തിനും ഉതകുന്ന നിർദ്ദേശങ്ങൾ നല്ലതാണ് പന്തളത്ത് 1993–1996 കാലഘട്ടത്തിൽ ആരംഭിച്ച **Study Centre** ന്റെ പ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കി മാറ്റാനുള്ള ശ്രമങ്ങൾ ഉണ്ടാകണം. **Budget** നെ പൂർണ്ണമായി പിന്താങ്ങുന്നു.

10. <u>ഡോ. കെ. ആർ കവിത</u>

ദീർഘവീക്ഷണത്തോടെയുള്ള **Tagore** വരികൾ ഉദ്ധരിച്ച് **Budget** അവതരണം തുടങ്ങിയത് വളരെ നല്ലതായിരുന്നു. നവോഥാനവീഥിയിൽ നവോഥാനനായകരെ കുറിച്ച് രേഖപ്പെടുത്തുമെന്ന് പറഞ്ഞത് സ്വാഗതാർഹമാണ്. ശ്രീ. നാരായണീയ വിജ്ഞാനം സമഗ്ര വിജ്ഞാന രേഖ ഇതിന്റെ തുടർ പ്രവർത്തനങ്ങൾ ഉടനെ തുടങ്ങുമെന്ന് പറഞ്ഞതിൽ സന്തോഷിക്കുന്നു. വിവിധ **College** കളിലെയും **Research Centre** കളിലെയും വിദ്യാർത്ഥികളെയും **Guide** മാരെയും അർഹമായ രീതിയിൽ പരിഗണിക്കുന്നത് അഭിനന്ദനം അർഹിക്കുന്ന കാര്യമാണ്. കടലാസ്രഹിത ഭരണ സംവിധാനം നടപ്പിലാക്കാൻ സാധിച്ചാൽ നേട്ടമാണ്. ഇതിൽ **i-Pad** കൊടുക്കുന്നതായി പറയുന്നു. **i-Pad** ന് പകരം **Laptop** കൊടുക്കുവാൻ താൽപര്യപ്പെടുന്നു. **Botany Department** ന്റെ 'മക്കളെപോലെ മരങ്ങൾ' പദ്ധതി വിഹിതം ഉയർത്തണം ഗവേഷണ **Guide** കൾക്ക് **Startup grant** എന്നത് **Aided Govt.** ഉൾപ്പെടെയുള്ള കോളേജുകളിലെ ഗവേഷണ **Journal** കൾക്ക് വകയിരുത്തിയ തുക കുറവാണ് ഇത് പരിഹരിക്കണം.

11. <u>ശ്രീ. നൗഫൽ .എൻ</u>

**N.M** വിജയൻ മാഷിന്റെ ഒരു വാചകമുണ്ട് – നാടിന് തീപിടിച്ചോ എന്നറിയാൻ നിങ്ങൾ ഉറങ്ങാതിരിക്കണം, തീകെടുത്താൻ എന്ത് ചെയ്യണം എന്നുള്ളതാണ് ഏറ്റവും വലിയ രാഷ്ട്രീയ പ്രവർത്തനം. ഉന്നത വിദ്യാഭ്യാസ മേഘലയെ കേന്ദ്ര ഗവൺമെന്റ് വെപ്പ് കാലിൽ നടത്തുന്ന കാലത്ത് അതിന് ഒരു ബദൽ രാഷ്ട്രീയ അക്കാദമിക വ്യവഹാരമാക്കി മാറ്റുന്ന ഒന്നാക്കി ഈ

**Budget** മാറ്റി എന്നുള്ളതാണ് ഏറ്റവും വലിയ രാഷ്ട്രീയ പ്രസക്തി. സർവകലാശാല **Political Science Department-** ന് തെരഞ്ഞെടുപ്പുകളെക്കുറിച്ച് പഠിക്കാൻ **fund** കൂടുതൽ അനുവദിക്കണം. ഗവേഷണ വിദ്യാർത്ഥികളുടെ **Fellowship** വർദ്ധിപ്പിക്കണം. **University** യിൽ വരുന്ന കുട്ടികൾക്ക് ആവശ്യമായ സൗകര്യങ്ങളും ടോയ്‌ലറ്റുകളും ഏർപ്പെടുത്തണം.

12. **ശ്രീ. ഓസ്ബോൺ .വൈ**
വളരെ ദീർഘവീക്ഷണത്തോകൂടിയ ബജറ്റ് സ്വാഗതം ചെയ്യുന്നു. യു.ഐ.റ്റികളിലെയും ബി.എഡ് സെന്ററുകളുടെയും വികസനത്തിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. കടലാസ് രഹിത ഓഫീസ് സംവിധാനം കുറ്റമറ്റരീതിയിൽ നടപ്പിലാക്കണം.

13. **ഡോ.പ്രമോദ് കിരൺ ആർ. ബി**
ഫൈനാൻസ് കമ്മിറ്റി കൺവീനർ അഡ്വ. കെ. എച്ച് ബാബുജാൻ അവതരിപ്പിച്ച ബജറ്റ് വളരെ സന്തോഷത്തോടെയും ആത്മവിശ്വാസത്തോടയും സ്വാഗതം ചെയ്യുന്നു. കാര്യവട്ടം കാമ്പസിന്റെ നിലവാരം മെച്ചപ്പെടുത്താൻ ഒരുപാട് നടപടികൾ ബജറ്റിൽ ആവിഷ്കരിക്കുന്നുണ്ട്. ഇത് അധ്യാപകരുടെ അത്മവിശ്വാസം ഉയർത്തുന്നു. അതുകൂടാതെ കാര്യവട്ടത്തെ ക്വാർട്ടേഴ്സുകളിൽ ജീവിക്കുന്നവരുടെ കാര്യങ്ങൾ പരിഗണിച്ച് പ്രഖ്യാപിച്ചിരിക്കുന്ന കാര്യങ്ങൾ സന്തോഷപ്രദമാണ്. ബജറ്റിനെ പൂർണ്ണമായും പിന്തുണക്കുകയും സ്വാഗതം ചെയ്യുകയും ചെയ്യുന്നു.

14. **ഡോ.ബി. രാജേന്ദ്രൻ**
ബജറ്റിന്റെ ആമുഖത്തിൽ സൂചിപ്പിച്ചത് പോലെ ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്കുള്ള യാത്രയല്ല,മറിച്ച് വെളിച്ചത്തിൽ നിന്നും കൂടുതൽ വെളിച്ചത്തിലേക്ക് എന്ന് പറഞ്ഞ് തുടങ്ങിയത് തികച്ചും അർത്ഥവത്താണ്. വിദ്യാർത്ഥികളെയും അധ്യാപകരെയും അഫിലിയേറ്റഡ് കോളേജുകളെയും മാത്രമല്ല സമസ്ത മേഖലകളെയും സ്പർശിച്ച ഒന്നാണ്. വിദ്യാർത്ഥികളെകോഴ്സ് കഴിഞ്ഞ് തൊഴിൽ അന്വേഷകരാക്കി മാത്രം മാറ്റാതെ തൊഴിൽ സംരംഭകരാക്കി മാറ്റുന്നതിലേക്കുള്ള നടപടികൾ സ്വാഗതാർഹമാണ്. വ്യവസായശാലകളെ കലാലയങ്ങളുമായി ബന്ധിപ്പിക്കുന്ന നടപടികൾ ഉൾക്കൊള്ളുന്ന ബജറ്റ് കുറ്റമറ്റതും ദീർഘവീ ക്ഷണത്തോടു കൂടിയതുമാണ് ഈ ബജറ്റിനെ സ്വാഗതം ചെയ്യുന്നു.

15. **ശ്രീ. റിയാസ് വഹാബ്**
വിദ്യാഭ്യാസ മേഖലയെ ആകെ ഗുണപരമായ മാറ്റങ്ങൾ ലക്ഷ്യം വച്ച ഒരു ശാസ്ത്രീയസമഗ്ര ബജറ്റ് അവതരിപ്പിച്ച ഫൈനാൻസ് കമ്മിറ്റി കൺവീനർ അഡ്വ. കെ.എച്ച്. ബാബുജാൻ അവർകൾക്ക് അഭിനന്ദനങ്ങൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണപരമായ മാറ്റങ്ങൾ ലക്ഷ്യം വക്കുന്ന ബജറ്റ് ആണ് അവതരിപ്പിച്ചത് വിദ്യാർത്ഥികളുടെ ഹോസ്റ്റൽ സൗകര്യത്തിനായി കാര്യവട്ടം കാമ്പസിലെ പുതിയ ഡോർമെറ്ററി സംവിധാനത്തിന് ഒരുകോടി അനുവദിച്ചത് സ്വാഗതാർഹമാണ്. സ്റ്റ്യുഡൻസ് സെന്ററിന് മുൻപിൽ ഓപ്പൺ എയർ ആഡിറ്റോറിയം, ബാഡ്മിന്റൺ കോർട്ട് എന്നിവയ്ക്കായി തുക മാറ്റിവച്ചത് അഭിനന്ദനം അർഹിക്കുന്നു. ഫിസിക്കൽ എഡ്യൂക്കേഷൻ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി ലക്ഷ്യം വച്ചുകൊണ്ട് ഒരു ഡിപ്പാർട്ട്മെന്റായി ഉടൻ തന്നെ ഉയർത്തണം എന്നാവശ്യപ്പെടുന്നു.യു.ഐ.റ്റി/യു.ഐ.എം/ബി.എഡ് സെന്റർ പ്രവത്തനങ്ങൾക്കായി കൂടുതൽ തുക വകയിരുത്തണം.

16. **ഡോ. റാണി എബ്രഹാം**
കോവിഡ് കാലഘട്ടത്തിൽ കാലിക പ്രസക്തമായ ബജറ്റ് അവതരിപ്പിച്ച ഫിനാൻസ് കമ്മിറ്റി കൺവീനർക്ക്. അഭിനന്ദനങ്ങൾ ഇരുളിൽ നിന്ന് വെളിച്ചത്തിലേക്ക് എന്ന ആഗ്രഹം സഫലമാകട്ടെ എന്ന് ആശംസിക്കുന്നു. ഈ ബജറ്റിൽ ഗവേഷണ പ്രവർത്തനങ്ങളുടെ വിപുലീകരണത്തിന് ആവശ്യമായ തുക നീക്കിവച്ചതിന് തീർത്തും അഭിനന്ദനാർഹമാണ്. ഡിപ്പാർട്ട്മെന്റ്കളിൽ നിലവിലുള്ള ഗവേഷണ സൗകര്യങ്ങൾ എല്ലാതലത്തിലുമുള്ള വിദ്യാർത്ഥികൾക്കും, എയിഡഡ്, അൺ-എയിഡഡ് അധ്യാപകർക്കും അനുവദിച്ചുനൽകണമെന്ന് അഭ്യർത്ഥിക്കുന്നു. സ്റ്റാർട്ടപ്പ് കേന്ദ്രത്തിനായി അനുവദിച്ച തുക 5 ലക്ഷത്തിൽനിന്നും ഉയർത്തണം. സാധാരണ യൂണിവേഴ്സിറ്റികൾ അവരുടെ **Flagship Centre** കളായിട്ടാണ് **Startup/ Incubation Centre** കളെ കണക്കാക്കുന്നത്. ഗവേഷണരംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച ഡിപ്പാർട്ട്മെന്റുകളുടെപ്രവർത്തനം ജനങ്ങളിലേക്ക് എത്തപ്പെടാൻ അവയ്ക്ക് കൂടുതൽ സഹായം ആവശ്യമാണ് . ജൈവകീടപ്രതിരോധം, ജൈവ ഉൽപ്പന്നങ്ങളിൽ നിന്നും മൂല്യ വർദ്ധിത ഉൽപന്നങ്ങൾ ഇവ നല്ല ലക്ഷ്യങ്ങളാണ്. വിദ്യാർത്ഥികൾക്ക് സ്വയംതൊഴിൽ സംരംഭകരായി മാറുന്നതിലേക്ക് സഹായം ലഭിക്കുന്നതരത്തിൽ സ്റ്റാർട്ട്അപ്പ് സെന്ററുകളുടെ വിപുലീകരണത്തിനായി പുനർവിചിന്തനം നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു..

17. **ശ്രീ. സിബി.സി.ബാബു**
കഴിഞ്ഞദിവസം അവതരിപ്പിച്ച ബജറ്റിൽ നല്ല നിർദ്ദേശങ്ങൾ അടങ്ങിയിട്ടുണ്ട്. കാര്യവട്ടം കാമ്പസ് മാതൃകാ കാമ്പസ് ആക്കാനും നവോത്ഥാന വീഥി സൃഷ്ടിച്ച് നവോഥാന നായകരുടെ ചരിത്രം ആലേഖനം ചെയ്യും എന്ന് പറഞ്ഞത് അഭിനന്ദനാർഹമാണ്. ജോസഫ് മുണ്ടശ്ശേരി മാഷിനെപ്പോലെയുള്ളവരെകൂടി ഉൾപ്പെടുത്തണം എന്ന് അഭ്യർത്ഥിക്കുന്നു.

ട്രാൻസ്ജെന്റേഴ്സിനുവേണ്ടിയുള്ളെ സ്കൊളർഷിപ്പ് പദ്ധതി സ്വാഗതം ചെയ്യുന്നു. അതുപോലെ ഓട്ടിസം ബാധിച്ച കുട്ടികൾക്ക് പഠനത്തിന് ഒരു കൈത്താങ്ങ് ആവശ്യമാണ്. അതിലേക്കായി സഹായം വേണം. മരങ്ങളെ സംരക്ഷിക്കുന്നതിന് സ്പോൺസർഷിപ്പ് കൊണ്ട് വന്നത് നല്ല കാര്യമാണ്. ഇതുപോലെ പൂർവവ്യദ്യാർഥികളെയും വ്യവസായികളെയും സമീപിച്ച് ഒരു ഫണ്ട് ഉണ്ടാകുന്നത് നല്ലതാണ്. പഠന വകുപ്പുകളിൽ **Evening Batch** ആരംഭിക്കന്നകാര്യം സർവകാലശാല യുടെ ചരിത്രത്തിലെ നാഴികക്കല്ലാണ്. മികച്ച കോളേജുകളെ കൂടി ഇതിന്റെ പരിധിയിൽ കൊണ്ടുവരണം പൊളിറ്റിക്സ് ഡിപ്പാർട്ട്മെന്റിന്റെ **Students Exchange Programme** എല്ലാ ഡിപ്പാർട്ട്മെന്റുകളെയും ഉൾപ്പെടുത്തി വിപുലീകരിക്കണം. **Adjunct Faculty** എന്നത് ഒരു ബജറ്റ് നിർദ്ദേശത്തിലുപരി നടപ്പിലാക്കി എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അഞ്ചലിൽ ഒരു വാല്യൂവേഷൻ കേന്ദ്രവും വിദ്യാർത്ഥിസേവന കേന്ദ്രവും അനുവദിച്ചതിന് അഭിനന്ദനം. ചില പദ്ധതികകളുടെ ആവർത്തനം ഈ ബജറ്റിൽ കാണുന്നു. ഇത് പരിഹരിക്കാൻ ശ്രമിക്കണം.

**18. ഡോ. ശേഖരൻ എസ്**

ഏറ്റവും നല്ല ഒരു ബജറ്റ് സർവ മേഖലകളെയും സ്പർശിച്ച ഈ ബജറ്റ് നെ അഭിനന്ദിക്കുന്നു. സുഗതകുമാരി സ്മൃതിവനം എന്ന ആശയം ശ്ലാഘനീയമാണ്. ' മക്കളെപ്പോലെ മരങ്ങൾ ' എന്ന പദ്ധതി വളരെ ശ്രദ്ധേയമാണ്. വികസനോത്മുഖവും പുരോഗമനപരവുമായ ഒരുപാട് ആശയങ്ങൾ ബജറ്റിലുണ്ട്. കോവിഡ് കാലത്ത് ഇത്രയും നല്ല ബജറ്റ് അവതരിപ്പിച്ചതിനെ സ്വാഗതം ചെയ്യുന്നു.

**19. ശ്രീ.സച്ചു സുരേന്ദ്രൻ .എസ്**

വിദ്യാർത്ഥിപക്ഷത്ത് നിന്നുള്ള പ്രതിനിധി എന്ന നിലയിൽ ബഡ്ജറ്റിനെ സ്വാഗതം ചെയ്യുന്നു. അമേരിക്കൻ തത്ത്വചിന്തകനായ അലൻ ബ്ലൂംസ് പറഞ്ഞിട്ടുണ്ട് : **Education is the movement from darkness to light** എന്നാൽ ഈ ബജറ്റിനെ കൂടുതൽ ആകർഷകമാക്കുന്നത് അതിന്റെ ആമുഖം തന്നെയാണ്. ആമുഖത്തിൽ പറയുന്നത് പോലെ ഇരുളിൽനിന്നും വെളിച്ചത്തിലേക്കല്ല. വെളിച്ചത്തിൽ നിന്നും കൂടുതൽ വെളിച്ചത്തിലേക്കുള്ള ഒരു പ്രയാണമാണ് ഈ ബജറ്റ്. നാട്ടിൽ നിലനിൽക്കുന്ന ഇരുട്ടിനെ അഭിസംബോധന ചെയ്യാൻ ഏറെ വെല്ലുവിളികൾ നേരിടുന്നത് നമ്മുടെ നവോഥാന ചരിത്രമാണ്. ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഭാഗമായി അതിന്റെ പ്രസക്തി ഉയർത്തിപ്പിടിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഉദാഹരണമായി കാര്യവട്ടം കാമ്പസ് മാതൃകാ കാമ്പസായി ഉയർത്തുമെന്നും ശ്രീനാരായണ വിജ്ഞാനരേഖ തയ്യാറാക്കുന്നതിനുള്ള പിന്തുണ ഈ ബജറ്റിൽ കാണാം. മഹാത്മാ അയ്യൻകാളി പഠന ഗവേഷണ കേന്ദ്രം, നമുക്ക് ജാതിയില്ലാവിളംബരം **Travelling theater** എന്നിവ സ്വാഗതാർഹമാണ്. കായിക വിദ്യാഭ്യാസ മേഖലക്ക് പ്രോത്സാഹനത്തിമായി **Inter University Sports tournament** കളും **championship meet** കളും നടത്തുന്നതിനുവേണ്ടി 15 ലക്ഷം രൂപ വകയിരുത്തണം എന്ന് നിർദ്ദേശിക്കുന്നു. ബജറ്റിനെ ഹൃദയപൂർവ്വം അംഗീകരിക്കുന്നു.

**20. ഡോ. വിഷ്ണു വി.എസ്**

വളരെ ദീർഘവീക്ഷണമുള്ള ബജറ്റ് ആണ് അവതരിപ്പിച്ചത് **CM @ Campus** പരിപാടിയിൽ ലഭിച്ച നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തിയത് ശ്ലാഘനീയമാണ് **Centre for Academic and Professional training Centre Affiliated College** കളിലെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ലഭ്യമാകണം? നൂതന മേഘലകളിലുള്ള വിദ്യാഭ്യാസത്തിനും ഗവേഷണത്തിനും ആവശ്യമായ **Virtual Computing Lab Renewable energy** പഠന ഗവേഷണത്തിന് പ്രത്യേക പരിഗണന **Chemistry, Bio Chemistry** വകുപ്പുകൾക്കായി **Laboratory Complex, Bio safety Laboratory, Barcode Library** എന്നിവ നല്ല നിർദ്ദേശങ്ങളാണ്. **Student Exchange programme** കാലനുസൃതമായ ഒരു പദ്ധതിയാണ് **Industrial collaboration** വ്യാവസായിക മേഘലയുമായി സഹകരണം ഉറപ്പാക്കുന്നു. **Laboratory**യിൽ നിന്ന സമൂഹത്തിലേക്ക് എന്ന പദ്ധതിയും ഏറെ ശ്രദ്ധനേടുന്നു. **Patent** നേടുന്നതിനുള്ള സഹായം ഗവേഷണ പ്രവർത്തനങ്ങൾക്ക് ഏറെ സഹായകരമാണ് ഗവേഷകനും സർവകലാശാലയും തുല്യ അളവിൽ നേട്ടം ഉണ്ടാക്കുന്നു. എന്ന് ഉറപ്പ് വരുത്തുന്നത് നല്ലതാണ്. തീർത്തും യാഥാർത്യ ബോധത്തോടെയുള്ള ഈ ബജറ്റ് സ്വാഗതം ചെയ്യുന്നു.

**21. ഡോ.എസ്. ഷിഫ**

സർവകലാശാലയുടെ ലോഗോയിൽ കാണുന്ന 'കർമ്മണേ വ്യഞ്ജതേ പ്രജ്ഞാ' എന്ന ആപ്ത വാക്യത്തെ അന്വർത്ഥമാക്കുന്നതാണ് ഇന്നലെ അവതരിപ്പിച്ച ബജറ്റ് ഈ കർമ്മ പദ്ധതികളിലൂടെ ലഭിക്കുന്ന പ്രജ്ഞ തീർച്ചയായും ദേശീയ അന്തർദേശീയ ശ്രദ്ധ ആകർഷിക്കുന്നു. പലതിന്റെയും ബൗധിക കേന്ദ്രമായി കേരള സർവകലാശാല മാറും എന്നതിൽ സംശയമില്ല. അഭിനന്ദിക്കുന്നു. നമ്മുടെ പുതുതലമുറയിലുള്ള വിശ്വാസവും പ്രതീക്ഷയുമാണ് ബഹു :മുഖ്യമന്ത്രിയുമായുള്ള സംവാദത്തിലൂടെ വിദ്യാർത്ഥികൾ മുന്നോട്ടുവച്ച ആശയങ്ങൾ പ്രവർത്തികമാക്കാനുള്ള തീരുമാനം

**ബഡ്ജറ്റിലെ 140 പദ്ധതികളിലൂടെ കടന്നുപോകുമ്പോൾ എനിക്ക് മനസിലാക്കാൻ കഴിഞ്ഞത് വൈവിധ്യങ്ങളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു സമഗ്ര വികസനദർശനം ഇതിന് പിന്നിലുണ്ട് എന്നതാണ്. കേരള സർവകലാശാലക്ക് മാത്രമല്ല കേരളത്തിന്റെ സമഗ്ര വികസനത്തിന് കൂടിയാണ് ബജറ്റ് വിഭാവനം ചെയ്യുന്നത്.**

The Vice-Chancellor then invited Adv. K.H Babujan, Member, Syndicate and Convenor of the Standing Committee of the Syndicate on Finance for the reply to the Budget discussion.
The reply speech is appended.

## മറുപടി പ്രസംഗം

ബഡ്ജറ്റിനെ കുറിച്ചുള്ള ചർച്ചയിൽ പങ്കെടുത്ത് ബഹുമാനപ്പെട്ട അംഗങ്ങൾ രേഖപ്പെടുത്തിയ അഭിനന്ദനങ്ങൾക്കും പ്രോത്സാഹനങ്ങൾക്കും നന്ദി. പരിഗണന ആവശ്യമായ കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ടുതന്നെ ബജറ്റ് അംഗീകരിക്കാവുന്നതാണ്.

- 2021 –22 ലെ Plan fund 26 കോടി രൂപയാണ് സംസ്ഥാന ബജറ്റിൽ നീക്കിവച്ചിട്ടുള്ളത്, അതും കണക്കിൽ എടുത്തിട്ടുണ്ട്. ഈ വർഷം 4 കോടി ലഭിച്ചു, 5 കോടിയുടെ ബില്ലുകൾ സമർപ്പിച്ചിട്ടുണ്ട് , ഇതെല്ലാം കണക്കാക്കിയാണ് 46 കോടി എന്ന സംഖ്യയിൽ എത്തിയത്.
- Affiliation fee യെ സംബന്ധിച്ച് പ്രധാന headആണ് പറഞ്ഞിട്ടുള്ളത് – Minor Heads പറഞ്ഞിട്ടില്ല.
- Covid കാരണം ഗുരുതരമായ ഒരു ദുരന്ത കാലഘട്ടത്തെ യാണ് നമ്മൾ നേരിട്ടത്, കഴിഞ്ഞ സാമ്പത്തികവർഷം ലക്ഷ്യമിട്ട എല്ലാ കാര്യങ്ങളും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല, ആയതിനാൽത്തന്നെ ചില പ്രധാന പദ്ധതികൾ, ഈവർഷത്തെ ബഡ്ജറ്റിലും ഉള്പെടുത്തിയിട്ടുണ്ട്. ഇവ നടപ്പിലാക്കുന്നതാണ്.
- സർവകലാശാല ഭരണവിഭാഗം പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കാവശ്യമായ നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ് .
- കേരളത്തിലെ ഒന്നാമത്തെയും രാജ്യത്തെ ആദ്യ പത്തിലും ലോകത്തിലെ ശ്രദ്ധേയമായ സർവകലാശാലകളിൽ ഒന്നായും കേരള സർവ്വകലാശാലയെ ഉയർത്തുക എന്നതാണ് ലക്ഷ്യം.
- സെനറ്റ് അംഗങ്ങൾക്കുള്ള പരിശീലന'പരിപാടി ഭരണപരമായി തീരുമാനിച്ചു നടപ്പിലാക്കും.
- വിദ്യാർത്ഥികൾക്കുള്ള വിശ്രമകേന്ദ്രം KR Narayanan Memorial Amenity Centreപൂർത്തിയാകുന്നതോടുകൂടി പരിഹരിക്കപ്പെടും, കൂടാതെ PublicToilet ന്റെ നിർമാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി ആയിട്ടുണ്ട്
- നവോഥാന വീഥിയിൽ കുട്ടിമാളു അമ്മ, സഹോദരൻ അയ്യപ്പൻ തുടങ്ങി കൂടുതൽ നവോദ്ധാന നായകരുടെ പേരുകൾകൂടി കൂട്ടിച്ചേർക്കുന്നതാണ്.
- പഠന വകുപ്പുകളുമായി കൂടിയാലോചിച്ചു സായാഹ്നപഠനം പദ്ധതി നടപ്പാക്കുന്നതാണ് .
- ITI Palghat ന്റെ മേൽനോട്ടത്തിൽ നടന്നുവരുന്ന student management cycle software programmeപുരോഗമിക്കുകയാണ് ഇതു നടപ്പാകുന്നതോടുകൂടി ഓൺലൈനായി mark uploadചെയ്യാൻ സാധിക്കുന്നതാണ്.
- C – APT ന്റെ വികസനത്തിനായി 25 ലക്ഷം രൂപ വകയിരുത്തുന്നു.
- UIT/UIM എന്നിവ മെച്ചപ്പെടുത്തുന്നതിനായി രൂപാ 50 ലക്ഷം എന്നുള്ളത് ഒരു കോടി രൂപയായി ഉയർത്തുന്നു.
- NAAC accreditation പ്രവർത്തനങ്ങൾക്കു വേണ്ടി plan estimate ഒന്നര കോടി രൂപയ്ക്കുപുറമെ, ബജറ്റ് പ്രസംഗത്തിൽ പെടുത്തിയ ഒരു കോടി രൂപ ഒന്നര കോടിയായി ഉയർത്തുന്നു.
- Renewable energy കോഴ്സ് നടപ്പാകുന്നതിലേക്കായി 25 ലക്ഷം രൂപാ കൂടി അനുവദിക്കുന്നു.
- Inter University Sports meetനു വേണ്ടി 25 ലക്ഷം രൂപ അനുവദിക്കുന്നു.
- Election Survey ക്കും പഠനത്തിനുമായി സർവകലാശാല പൊളിറ്റിക്കൽ സയൻസ് വിഭാഗത്തിന് 4 ലക്ഷം രൂപ വകയിരുത്തുന്നു.
- ശ്രീനാരായണീയ സമഗ്ര രേഖ എന്നത് മാറ്റി ശ്രീനാരായണീയ സമഗ്ര ഗ്രന്ഥം എന്നാക്കി മാറ്റും, ഇതിലേക്കായി 25 ലക്ഷം രൂപ വകയിരുത്തുന്നു.
- ഗാന്ധിയൻ പഠന കേന്ദ്രത്തിന് 10 ലക്ഷം രൂപ, startup കൾക്കായി 25 ലക്ഷം രൂപ വകകൊള്ളിക്കുന്നു .
- ബജറ്റ് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാകുന്നതിലേക്കായി, ഓരോ വർഷവും നടപ്പിലാക്കുന്ന ബജറ്റ് നിർദേശങ്ങളുടെ അവലോകനവും, ഇതു സംബന്ധിച്ച് സെനറ്റിന്റെ ഒരു ഓഡിറ്റ് നടത്തി അതും കൂടി ഇനിമുതലുള്ള ബജറ്റ് അവതരണത്തിൽ പരിഗണിക്കാവുന്നതാണ് .
- സർവകലാശാലയുടെയും ഉന്നതവിദ്യാഭ്യാസത്തിന്റെയും ഉന്നതിക്കായി ഏത് ആശയവും ഉൾകൊള്ളുന്നതിനു യാതൊരു വൈമനസ്യവുമില്ല.അഫിലിയേറ്റഡ് കോളേജുകൾ സ്വയാശ്രയ സ്ഥാപനങ്ങൾ എന്നിവയെ സംരക്ഷിക്കാനും കാര്യവട്ടത്തെ ഡിപ്പാർട്മെന്റുകളെ ലോകോത്തരമാക്കാനും ശ്രമിച്ചിട്ടുണ്ട്. പഠനവും ഗവേഷണവും ക്ലാസ്സ്മുറികളിൽ ഒതുങ്ങേണ്ടതല്ല.

അത് ജനങ്ങളിലേക്ക് എത്തേണ്ടതാണ് എന്ന മഹത്തായ ആശയം ഉയർത്തിപ്പിടിച്ച് അവതരിപ്പിച്ചിരിക്കുന്ന ബജറ്റ് അംഗീകാരത്തിനായി സഭയുടെ അനുവാദം തേടുന്നു.

നന്ദി–നമസ്കാരം

***The Vice-Chancellor declared that the financial estimates of the University for the year 2021-2022 is passed.***

*The Vice-Chancellor thanked all the members for their co-operation.*
*The Meeting was adjourned sine-die at 10.15 am.*

| Sd/- | Sd/- | Sd/- |
|---|---|---|
| **Registrar-in-charge** | **Pro Vice-Chancellor** | **Vice-Chancellor** |

***University Buildings,***
***Thiruvananthapuram.***
***11/02/2021***